പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 9

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2011

എം. കെ. എസ്. പി.

ഭക്ഷ്യ സുരക്ഷയിലേക്കുള്ള ഉറച്ച കാൽവയ്പ്

ഹോർട്ടിക്കൾച്ചർ മേഖല

സ്ഥിതിയും സാധ്യതകളും

കൂൺകൃഷി

ആരോഗ്യത്തിനും
ആദായത്തിനും

തേനീച്ച വളർത്തൽ

കാർഷികാഭിവൃദ്ധിക്ക്

ജൈവകൃഷി

സുസ്ഥിരതയ്ക്ക്

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 എം.കെ.എസ്.പി: ഭക്ഷ്യ സുരക്ഷയിലേയ്ക്കുള്ള ഉറച്ച കാൽവയ്പ്പ്
ഡോ. എം.കെ. മുനീർ

8 കേരളം നിർമ്മൽ പദവിയിലേക്ക്...
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

11 ഹോർട്ടിക്കൾച്ചർ മേഖല: സ്ഥിതിയും സാധ്യതകളും
ഡോ. കെ. പ്രതാപൻ

14 കൂൺ കൃഷി
ആരോഗ്യത്തിനും ആദായത്തിനും

16 ഔഷധ സസ്യ കൃഷി കേരളത്തിൽ

19 വിളവെടുപ്പാനന്തര പരിപാലനവും ഔഷധസസ്യ സംസ്കരണവും

20 പുഷ്പ കർഷകർക്ക് ഒരു കൈതാങ്ങ്

22 തേനീച്ച വളർത്തൽ
കാർഷികാഭിവൃദ്ധിക്ക്



24 മട്ടുപ്പാവിലെ പച്ചക്കറികൃഷി

26 ജൈവകൃഷി സുസ്ഥിരതയ്ക്ക്

28 നടീൽ വസ്തുക്കളുടെ ഉത്പാദനം

30 ഉത്പ്പന്നങ്ങൾ കേടുകൂടാതെ കൈകാര്യം ചെയ്യാൻ...

31 ആരോഗ്യ സുരക്ഷ
കുരുന്ന് കൈകളിലൂടെ

32 സംഘമൈത്രി: ഒരു വിജയഗാഥ

33 ഹോർട്ടികൾച്ചർ കൃഷിയിൽ മാനവ വിഭവശേഷി വികസനം

35 ജൈവകൃഷിയും കേരള മണ്ണിലെ ആഫ്രിക്കൻ കാച്ചിലും

38 ഇ-ടോയ്ലെറ്റ്: ശുചിത്വമേഖലയിലെ നവീന പരീക്ഷണം
വി.ആർ. അജിത് കുമാർ

40 തേഞ്ഞുമാഞ്ഞു പോകുന്ന മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

42 വാർത്തകൾ വിശേഷങ്ങൾ

മലയാളം മലയാളികളുടെ അഭിമാനമാകണം

മലയാളഭാഷയെ സംബന്ധിച്ച് കഴിഞ്ഞ ലക്കം പഞ്ചായത്ത് രാജിൽ ഉൾപ്പെടുത്തിയിരുന്ന ലേഖനങ്ങൾ കാര്യമാത്ര പ്രസക്തമായിരുന്നു. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് മലയാള ഭാഷ ഉപയോഗിച്ചിരുന്ന കീഴ്ക്കോടതികൾ ഇന്ന് ഇംഗ്ലീഷ് ഭാഷയിലേക്ക് മാറിയിരിക്കുന്നു. അതുപോലെ പ്രൈമറി വിദ്യാഭ്യാസ മേഖലയും. ഇതിൽ നിന്നും മലയാളിക്ക് അവന്റെ മാതൃഭാഷയോട് താൽപര്യമില്ലായെന്ന് കാണാം. ഭാഷാടിസ്ഥാനത്തിൽ രൂപീകരിച്ച സംസ്ഥാനത്ത് ആ ഭാഷ ഉപയോഗിക്കുവാൻ സർക്കാർ ഉത്തരവുകൾ വേണ്ടിവരുന്ന കാഴ്ചയാണിന്ന് സംജാതമായിരിക്കുന്നത്. മലയാളത്തെ ഒന്നാം ഭാഷയാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് കർശനമായി നടപ്പാക്കുകയെന്നത് മലയാളികളായ നമ്മുടെ കടമയാണ്. മലയാളം മലയാളികളുടെ അഭിമാനമായി മാറണം.

സുരേന്ദ്രൻ പി.കെ, *നെച്ചിയിൽ, എരുമേലി*

ഭരണം കാര്യക്ഷമമാക്കാൻ സഹായകമായി

പഞ്ചായത്ത് രാജ് മാസികയുടെ ഒക്ടോബർ-നവംബർ ലക്കം മാസികകളിൽ പ്രസിദ്ധീകരിച്ച അധികാരവും പ്രയോഗതന്ത്രവും, വസ്തുനികുതി പരിഷ്കരണം- നടപടിക്രമങ്ങൾ, പ്രൊക്യൂർമെന്റ് മാന്വൽ എന്നീ ലേഖനങ്ങൾ ശ്രദ്ധേയമായി. പഞ്ചായത്തുകളുടെ ദൈനംദിന ഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ ലേഖനങ്ങൾക്ക് കാര്യമായി സംഭാവന ചെയ്യാൻ കഴിഞ്ഞു. ഇത്തരം ലേഖനങ്ങൾ ഇനിയും സ്വാഗതം ചെയ്യുന്നു.

ബേബിജോൺ, *പനച്ചമൂട്, തിരുവനന്തപുരം*

കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് ഉദ്ഘാടനം ചെയ്തു

വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കുന്നതിന് വേൾഡ് ബാങ്ക് സഹായത്തോടെ കേരള സർക്കാർ രൂപം കൊടുത്തിരിക്കുന്ന കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ (കെ.എൽ.ജി.എസ്.ഡി.പി.) ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി 2011 ഡിസംബർ 7ന് തിരുവനന്തപുരത്ത് നിർവഹിച്ചു. അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ 978 ഗ്രാമപഞ്ചായത്തുകൾക്കും 60 നഗരസഭകൾക്കും നാലു വർഷത്തേക്ക് 1195 കോടി രൂപ പെർഫോമൻസ് ഗ്രാന്റായി പദ്ധതിപ്രകാരം ലഭിക്കും.

12-ാം പദ്ധതി മുതൽ പഞ്ചായത്തുകൾക്കും പഞ്ചവത്സരപദ്ധതി നടപ്പാക്കുമ്പോൾ ദീർഘകാല അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പദ്ധതിത്തുകയുടെ ശരിയായ വിനിയോഗത്തിനായി ഗ്രാമസഭകളുടെ പ്രസക്തി തിരിച്ചറിഞ്ഞു പ്രവർത്തനം സജീവമാക്കേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രോജക്ടിലെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ധനസഹായം പത്തു ദിവസത്തിനുള്ളിൽ ലഭ്യമാകുമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ അറിയിച്ചു. പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് വിനിയോഗവും മോണിറ്ററിംഗും കാര്യക്ഷമമാക്കാൻ നടപടി എടുത്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ്, മേയർ കെ. ചന്ദ്രിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗ്ഗീസ്, സെക്രട്ടറി രാജേഷ് കുമാർ സിംഗ്, കെ.എൽ.ജി.എസ്.ഡി.പി. ഡയറക്ടർ അജിത്കുമാർ, ലോകബാങ്ക് ലീഗൽ അഡ്വൈസർ റൊളാങ് ലോമെ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യൂ, സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, മുനിസിപ്പൽ ചെയർമെൻസ് ചേമ്പർ ചെയർമാൻ ജമാൽ മണക്കാടൻ, ജനറൽ സെക്രട്ടറി ഇസഹാഖ് കുരിക്കൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള ഗ്രാന്റ് അർഹത സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ വിതരണം ചെയ്തു.

കെ.എൽ.ജി.എസ്.ഡി.പി. അർഹതാ സാക്ഷ്യപത്രം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ രാജന് നൽകുന്നു. മന്ത്രിമാരായ ഡോ. എം.കെ. മുനീർ, കെ.സി. ജോസഫ് തുടങ്ങിയവർ സമീപം.

പഞ്ചായത്ത് രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2011
പുസ്തകം 51
ലക്കം 9
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in

ഉപദേശക സമിതി

ചെയർമാൻ
ഡോ. എം.കെ. മുനീർ
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
ജെയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail: pub.off@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്ററുടെ പേജ്

പദ്ധതി നിർവഹണം ത്വരിതപ്പെടുത്തണം

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ (2007-12) അവസാന വാർഷിക പദ്ധതിയുടെ നിർവഹണഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പദ്ധതി പര്യവസാനിക്കുന്നതിന് വെറും മൂന്നു മാസങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. നവംബർ മാസംവരെ വിവിധയിനം ഫണ്ടുകളുടെ ചെലവ് പുരോഗതി അവലോകനം ചെയ്തതിൽ സ്ഥിതി അത്ര ആശാവഹമല്ല. 20 ശതമാനത്തിൽ താഴെ മാത്രമാണ് ചെലവ്. അതുകൊണ്ടുതന്നെ ഈ സാമ്പത്തിക വർഷത്തിന്റെ അവസാന ത്രൈമാസ കാലയളവ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർണ്ണായകമായിരിക്കും.

ഇന്ത്യയിൽ ഇന്ന് സമ്പത്തും വിഭവവും കൊണ്ട് ഏറ്റവും സമ്പന്നമായ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കേരളത്തിലുള്ളവയാണ്. അധികാരത്തോടൊപ്പം ധനവും വികേന്ദ്രീകരിച്ചു നൽകി എന്നതാണ് കേരളത്തിൽ നടന്ന അധികാരവികേന്ദ്രീകരണത്തിന്റെ സവിശേഷത. സംസ്ഥാന പദ്ധതി അടങ്കലിന്റെ വലിയ അളവ് തുകയാണ് വികസന ഫണ്ടായി പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സംസ്ഥാന ബഡ്ജറ്റിലൂടെ അനുവദിക്കുന്നത്. നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പരിഗണിച്ച് 2011-12 വർഷകാലത്തേക്ക് 2750 കോടി രൂപയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് വികസനഫണ്ടായി വകയിരുത്തിയിട്ടുള്ളത്. മുൻവർഷത്തെക്കാളും 700 കോടിയോളം രൂപയുടെ വർദ്ധനവ്! കൈമാറി കിട്ടിയ സ്ഥാപനങ്ങളുടേതുൾപ്പെടെയുള്ള ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നൽകുന്ന മെയിന്റനൻസ് ഫണ്ടിലും 2011-12 ൽ വർദ്ധനവുണ്ടായിട്ടുണ്ട്. 792.85 കോടി രൂപയാണ് മെയിന്റനൻസ് ഫണ്ടായി വകയിരുത്തിയിട്ടുള്ളത്.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയോടൊപ്പം ലോകബാങ്ക് ധനസഹായം (കെ.എൽ.ജി.എസ്.ഡി.പി), കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ്, മറ്റു കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം തുടങ്ങിയവ വിനിയോഗിച്ചുള്ള പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. അതിനായി ഇനിയുള്ള ദിവസങ്ങളിൽ ചിട്ടയോടും അച്ചടക്കത്തോടുമുള്ള പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. കൈമാറി ലഭിച്ച സ്ഥാപന മേധാവികളാണ് ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ ഭൂരിഭാഗം പദ്ധതികളുടെയും നിർവഹണ ഉദ്യോഗസ്ഥർ. അവരുടെ ഒരു യോഗം രണ്ടാഴ്ചയിലൊരിക്കൽ ഭരണസമിതികൾ വിളിച്ചുചേർക്കുകയും ഓരോ പദ്ധതിയുടെയും നടത്തിപ്പ് പ്രത്യേകം അവലോകനം ചെയ്യുകയും വേണം. നിർവഹണ രംഗത്ത് നേരിടുന്ന തടസ്സങ്ങൾ പ്രാദേശികമായി പരിഹരിക്കപ്പെടാവുന്നതാണെങ്കിൽ അപ്രകാരവും അല്ലാത്തവ ബന്ധപ്പെട്ട വകുപ്പുമേധാവികളുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ അടിയന്തരമായി കൊണ്ടുവരികയും ചെയ്യണം. പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തി ജില്ലാതല ആഫീസർമാർ വകുപ്പുതല മോണിറ്ററിംഗ് ശക്തിപ്പെടുത്തേണ്ടതാണ്.

പദ്ധതികളുടെ സുഗമവും കാര്യക്ഷമവുമായ നിർവഹണത്തിന് പ്രതിജ്ഞാബദ്ധമായ നിലപാടാണ് സർക്കാരിനുള്ളത്. പരമാവധി ഗുണഭോക്താക്കൾക്ക് ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഫലം ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി കഴിഞ്ഞു. പദ്ധതിയുടെ ബാങ്ക് വായ്പ തദ്ദേശ സ്ഥാപനങ്ങൾ നേരിട്ട് അടയ്ക്കുന്നതിനും തീരുമാനമായിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾക്ക് പുതിയ പി. ഡബ്യു.ഡി നിരക്കുകൾ ബാധകമാക്കിയതും അതുപ്രകാരമുള്ള പുതുക്കിയ അടങ്കലിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി കാത്തുനില്ക്കേണ്ടെന്നുമുള്ള നിർദ്ദേശങ്ങൾ പദ്ധതി പ്രവർത്തനങ്ങൾ അകാരണമായി നീണ്ടുപോകാതിരിക്കുന്നതിനായി നൽകിയിട്ടുള്ളതാണ്.

പ്രാദേശിക സർക്കാരുകൾ എന്ന നിലയിലേക്ക് വളർന്ന നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനങ്ങൾക്ക് വലിയ പ്രതീക്ഷയാണുള്ളത്. നാലാം ധനകാര്യകമ്മിഷൻ ശുപാർശ പ്രകാരം വരും വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടുകൾ വർദ്ധിക്കുന്നതിനേ തരമുള്ളൂ. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഫണ്ടുകൾ ഫലപ്രദമായും പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യപ്രാപ്തി ചോദ്യംചെയ്യാനിടവരും. അധികാരവികേന്ദ്രീകരണത്തിന്റെ പ്രതിലോമശക്തികൾക്ക് ഒരു ആയുധമാവുകയും ചെയ്യുമത്. തങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്തങ്ങളും ചുമതലകളും ഭംഗിയായി നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ട ബാദ്ധ്യത തദ്ദേശസ്ഥാപനങ്ങൾക്കുണ്ട്. ഇനിയുള്ള മൂന്നു മാസങ്ങളിൽ ക്രിയാത്മകവും ഊർജ്ജസ്വലവുമായ പ്രവർത്തനങ്ങളിലൂടെ പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആത്മാർത്ഥമായ പരിശ്രമം നടത്തുമെന്ന് പ്രത്യാശിക്കുന്നു.

പഞ്ചായത്ത് രാജ്

മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി)

ഭക്ഷ്യസുരക്ഷയിലേക്കുള്ള ഉറച്ച കാൽവയ്പ്

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി

ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യതയാണ് ഇന്ന് നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്ന്. കൃഷിസ്ഥലത്തിന്റെ ലഭ്യതക്കുറവും വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവയുടെ അമിതമായ വിലയും കൂലിയും കാർഷികരംഗത്തെ പിറകോട്ടടിച്ചിരിക്കുന്നു. നമ്മുടെ ഭക്ഷ്യ ആവശ്യങ്ങൾക്കായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണിന്ന്. ഇതിന് ചെറിയ ഒരളവു വരെ പരിഹാരം കാണുവാൻ കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകളിലൂടെ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കിക്കൊണ്ടു മാത്രമേ ഈ രംഗത്തുള്ള വിടവ് പരിഹരിക്കാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാർ പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി) നടപ്പാക്കുന്നതിലൂടെ സർക്കാർ ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യത്തിലേക്ക് ഒരു പുതിയ ചുവടുവയ്പ് കൂടി നടത്തിയിരിക്കുകയാണ്. മാത്രമല്ല, ഇന്ത്യയിൽ ആദ്യമായി എം.കെ.എസ്.പി. നടപ്പാക്കുന്ന സംസ്ഥാനം എന്ന ബഹുമതിക്കും കേരളം അർഹമായിരിക്കുന്നു.

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപഘടകമാണ് മഹിളാ കിസാൻ സശാക്തീകരൺ പരിയോജന. വനിതാ കർഷകർക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി അവരുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിച്ച് ശാസ്ത്രീയ കൃഷിരീതിയിലൂടെ കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ദാരിദ്ര്യനിർമ്മാർജ്ജനം ഉറപ്പുവരുത്തുകയും ചെയ്യുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. കേരളത്തിൽ എം.കെ.എസ്.പി.യുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

എം.കെ.എസ്.പി. കുടുംബശ്രീ മുഖേന നടപ്പിലാക്കുമ്പോൾ കൃഷി മേഖലയിൽ കുടുംബശ്രീയുടെ ഇടപെടൽ കൂടുതൽ ശക്തവും പ്രായോഗികവുമാകും. രാഷ്ട്രത്തിന്റെ ഭക്ഷ്യ സുരക്ഷാ പദ്ധതികളിൽ പങ്കാളികളാകുക എന്നതിനുപുറമേ നിലവിലുള്ള സംഘകൃഷി ഗ്രൂപ്പുകളുടെ ശാക്തീകരണം, അതിലൂടെ ഉയർന്നുവരുന്ന ഉല്പാദനക്ഷമത, അംഗങ്ങളുടെ ജീവിത നിലവാരത്തിൽ ഉണ്ടാകുന്ന ഉയർച്ച എന്നിവയും പദ്ധതി ലക്ഷ്യമിടുന്നു.

എം.കെ.എസ്.പി.യുമായി ബന്ധപ്പെട്ട് പ്രധാനമായി രണ്ടു പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. വനിതാ കർഷകരെ സംഘടിപ്പിച്ച് കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് കുടുംബശ്രീയെ നോഡൽ ഏജൻസിയായി അംഗീകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ഒന്നാമത്തേത്. ഈ പദ്ധതിയുടെ ആകെ അടങ്കൽ തുക 79.9 കോടി രൂപയാണ്. 30,000 കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളിലൂടെ 1,50,000 വനിതാ കർഷകർക്ക് സാങ്കേതിക പിന്തുണ നൽകി 24,000 ഹെക്ടർ സ്ഥലത്ത് നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മറ്റു വിളകൾ തുടങ്ങിയവ കൃഷി നടത്തി കാർഷിക ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത്-ജില്ലാ-സംസ്ഥാനതലങ്ങളിൽ ശില്പശാലകൾ സംഘടിപ്പിച്ചു കഴിഞ്ഞു.

പാലക്കാട്, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിൽ നെൽകൃഷിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീ ഫണ്ട് റൂട്ടിംഗ് ഏജൻസിയായി അംഗീകരിച്ച് വനിതാ ലേബർ ബാങ്ക് രൂപീകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് രണ്ടാമത്തേത്. ഈ പദ്ധതിയുടെ ആകെ അടങ്കൽ തുക 60.62 കോടി രൂപയാണ്. ഇതിലേക്കായി പ്രത്യേകം സജ്ജമാക്കിയിട്ടുള്ള പ്രോജക്ട് നിർവ്വഹണ യൂണിറ്റ് (പി.ഐ.യു) പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതാണ്. പി.ഐ.യു. രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

വിപുലമായ മുന്നൊരുക്ക പ്രവർത്തനങ്ങളിലൂടെയാണ് കേരളത്തിൽ എം.കെ.എസ്.പി. നടപ്പിലാക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വലിയ സംഭാവന നല്കുന്നതോടൊപ്പം ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യം കൈവരിക്കുന്നതിനും പദ്ധതി സഹായകമായിത്തീരും. ■

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപഘടകമാണ് മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി). വനിതാ കർഷകർക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി അവരുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിച്ച് ശാസ്ത്രീയ കൃഷിരീതിയിലൂടെ കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ദാരിദ്ര്യനിർമ്മാർജ്ജനം ഉറപ്പുവരുത്തുകയും ചെയ്യുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. കേരളത്തിൽ എം.കെ.എസ്.പി.യുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

പഞ്ചായത്ത് രാജ്

കേരളം നിർമ്മൽ പദവിയിലേക്ക്...

2011 നവംബർ 29,30ന് തിരുവനന്തപുരത്ത് നടന്ന 2010-11ലെ നിർമ്മൽ ഗ്രാമ പുരസ്കാര വിതരണ ചടങ്ങിന്റെയും ഖരമാലിന്യ മേഖലയിലെ തദ്ദേശീയ സാങ്കേതിക വിദ്യകളുടെ പ്രദർശനവും ശില്പശാലയുടെയും റിപ്പോർട്ട്

2010-11 വരെ 972 ഗ്രാമ പഞ്ചായത്തുകൾക്കും 106 ബ്ലോക്ക് പഞ്ചായത്തുകൾക്കും 6 ജില്ലകൾക്കും അവാർഡ് ലഭിച്ചിട്ടുണ്ട്. 2010ലെ പഞ്ചായത്ത് പുനസംഘടനയ്ക്കു ശേഷം നിലവിൽ ശേഷിക്കുന്ന 26 ഗ്രാമ പഞ്ചായത്തുകൾക്കും 44 ബ്ലോക്ക് പഞ്ചായത്തുകൾക്കും കൂടി തൻവർഷം അവാർഡ് ലഭ്യമായാൽ സംസ്ഥാനം നിർമ്മൽ പദവി നേടുന്ന രാജ്യത്തെ രണ്ടാമത്തെ സംസ്ഥാനമായി മാറും.

2010-11 വർഷത്തിൽ നിർമ്മൽ പദവി നേടിയ 103 ഗ്രാമപഞ്ചായത്തുകളെയും വൈക്കം ബ്ലോക്ക് പഞ്ചായത്തിനെയും 2011 നവംബർ 30ന് തിരുവനന്തപുരം കനകക്കുന്ന് പാലസിൽ സംഘടിപ്പിച്ച ചടങ്ങിൽ ആദരിച്ചു. ഗ്രാമ വികസന വകുപ്പു മന്ത്രി കെ.സി. ജോസഫ് ആധ്യക്ഷ്യം വഹിച്ച ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മുഖ്യാതിഥിയായിരുന്നു. കേന്ദ്രസർക്കാർ നൽകുന്ന മെമെന്റോ നിർമ്മൽ പഞ്ചായത്തുകൾക്ക് അദ്ദേഹം വിതരണം ചെയ്തു. കേന്ദ്ര സർക്കാർ നൽകുന്ന പ്രശംസാപത്രം വ്യവസായ-നഗരകാര്യ വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയും നിർമ്മൽ ഗ്രാമ പുരസ്കാര തുകയുടെ വിതരണവും ശുചിത്വ കേരളം ന്യൂസ് ലെറ്റർ ആദ്യ പതിപ്പിന്റെ പ്രകാശനവും പഞ്ചായത്ത്-സാമൂഹ്യക്ഷേമവകുപ്പു മന്ത്രി ഡോ.എം.കെ. മുനീറും നിർവഹിച്ചു. നഗര ശുചിത്വം കാര്യക്ഷമമായും സുസ്ഥിരമായും പരിപാലിക്കപ്പെടുന്നതിന് സഹായകമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ തിരുവനന്തപുരം ചാർട്ടറിന്റെ പ്രകാശനം തിരുവനന്തപുരം മേയർ കെ. ചന്ദ്രിക നിർവഹിച്ചു.

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഗ്രാമസഭകളുടെ പ്രവർത്തനം കൂടുതൽ സജീവമാകണമെന്ന് ചടങ്ങ് ഉത്ഘാടനം ചെയ്തു കൊണ്ട് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ സമ്പൂർണ ശുചിത്വത്തിന് ഗ്രാമസഭ മുതൽ പഞ്ചായത്ത്, നഗരസഭ വരെ കൂട്ടായി പ്രവർത്തിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മാലിന്യ സംസ്കരണ രംഗത്തുണ്ടായ പരാജയം പൊതുജനാരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങളെ നിഷ്ഫലമാക്കുമെന്നും അതിനാൽ മാലിന്യനിർമ്മാർജ്ജനത്തിനായി ജനപങ്കാളിത്തം ഉണ്ടാകണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരു വർഷം നീണ്ടുനിൽക്കുന്ന ശുചിത്വ വർഷാചരണത്തിന്റെ വിജയം ജനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സജീവമായ പങ്കാളിത്തത്തെ ആശ്രയിച്ചായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തെ സമ്പൂർണ മാലിന്യ വിമുക്ത സംസ്ഥാനമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗ്രാമ വികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. മാലിന്യമുക്തകേരളം പരിപാടിയുടെ ഭാഗമായി 2011 ഒക്ടോബർ 2 മുതൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ശുചിത്വ പരിപാടികൾ ആവിഷ്കരിച്ചതായി അദ്ദേഹം അറിയിച്ചു. മാലിന്യ സംസ്കരണം സർക്കാരിന്റെ മുന്തിയ പരിഗണനയിലുള്ള വിഷയമാണെന്നും മാലിന്യവിമുക്ത കേരളത്തിനായി വിപുലമായ പരിപാടികൾ സർക്കാർ നടപ്പിലാക്കുമെന്നും വ്യവസായ നഗരകാര്യ വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. ചെറുകിട വികേന്ദ്രീകൃത മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 75% സബ്സിഡി നൽകുവാൻ കാബിനറ്റ് തീരുമാനിച്ചിട്ടുണ്ടെന്ന് ചടങ്ങിൽ സംസാരിച്ച പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ.എം.കെ.

ശുചിത്വ മിഷന്റെ ദ്വൈമാസ വാർത്താ പ്രസിദ്ധീകരണമായ 'ശുചിത്വ കേരളം വാർത്ത' പഞ്ചായത്ത് സാമൂഹ്യ ക്ഷേമവകുപ്പ് മന്ത്രി ഡോ. എം.കെ.മുനീർ, ഗ്രാമവികസന ആസൂത്രണ വകുപ്പ് മന്ത്രി കെ.സി.ജോസഫിന് നൽകി പ്രകാശം ചെയ്യുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ആർ.കെ.സിംഗ്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് എം.മണികണ്ഠൻ, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി.മാത്യു എന്നിവർ സമീപം.

മാലിന്യമുക്ത കേരളം

2010-11ൽ നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിച്ച കോട്ടയം ജില്ലയിലെ മീനടം ഗ്രാമപഞ്ചായത്തിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പുരസ്കാരം നൽകുന്നു. ഗ്രാമവികസന ആസൂത്രണ വകുപ്പ് മന്ത്രി കെ.സി.ജോസഫ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി.പി.നായർ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ആർ.കെ.സിംഗ് എന്നിവർ സമീപം.

മുനീർ പറഞ്ഞു. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി വിവിധ സാങ്കേതിക രീതികൾ ഇപ്പോൾ ലഭ്യമാണെന്നും അദ്ദേഹം അറിയിച്ചു.

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കുടിവെള്ളവും ശുചിത്വവും വകുപ്പ് സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പരിപാടിയാണ് സമ്പൂർണ്ണ ശുചിത്വ പരിപാടി. ശുചിത്വാരോഗ്യ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, ഗാർഹിക കക്കൂസുകൾ, അങ്കണവാടി കക്കൂസുകൾ, സ്കൂൾ സാനിട്ടേഷൻ, പൊതു കക്കൂസുകൾ, എക്കോസാനിട്ടേഷൻ ടോയ്ലറ്റുകൾ, ഖര-ദ്രവ മാലിന്യ സംസ്കരണം എന്നിവയാണ് സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ പ്രധാന ഘടകങ്ങൾ. സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ നടത്തിപ്പ് കാര്യക്ഷമമവും മത്സരാധിഷ്ഠിതവുമാക്കുന്നതിനുവേണ്ടിയാണ് 2005 മുതൽ കേന്ദ്ര സർക്കാർ നിർമ്മൽ ഗ്രാമ പുരസ്ക്കാർ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. നിർമ്മൽ ഗ്രാമ പുരസ്ക്കാരം നൽകുന്നതിലൂടെ ശുചിത്വാരോഗ്യ മേഖലയിൽ പഞ്ചായത്തുകളുടെ സംഭാവന അംഗീകരിക്കപ്പെടുകയാണ്. നിർമ്മൽ ഗ്രാമപുരസ്ക്കാരത്തിന് പഞ്ചായത്ത് പ്രദേശം വൃത്തിയായി സൂക്ഷിക്കുകയും തുറസ്സായ സ്ഥലത്ത് മല വിസർജ്ജനം ഇല്ലായെന്നുള്ള അവസ്ഥ സൃഷ്ടിക്കണം. എല്ലാ വിഭാഗം ജനങ്ങൾക്കും കക്കൂസ് സൗകര്യം ഉറപ്പാക്കിയിരിക്കണം.

നിർമ്മൽ അവാർഡിന് അപേക്ഷിക്കുന്ന പഞ്ചായത്തിന്റെ സ്ഥിതി കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന സ്വതന്ത്ര ഏജൻസി മുഖേന പരിശോധന നടത്തിയ ശേഷമാണ് ദേശീയ തലത്തിൽ രൂപീകരിച്ചിട്ടുള്ള അവാർഡ് നിർണയ സമിതി നിർമ്മൽ ഗ്രാമ പുരസ്കാരം ജേതാക്കളെ തെരഞ്ഞെടുക്കുന്നത്. 2010-11 വരെ 972 ഗ്രാമ പഞ്ചായത്തുകൾക്കും 106 ബ്ലോക്ക് പഞ്ചായത്തുകൾക്കും 6 ജില്ലകൾക്കും അവാർഡ് ലഭിച്ചിട്ടുണ്ട്. 2010ലെ പഞ്ചായത്ത് പുനസംഘടനയ്ക്കു ശേഷം നിലവിൽ ശേഷിക്കുന്ന 26 ഗ്രാമ പഞ്ചായത്തുകൾക്കും 44 ബ്ലോക്ക് പഞ്ചായത്തുകൾക്കും കൂടി തൻവർഷം അവാർഡ് ലഭ്യമായാൽ സംസ്ഥാനം നിർമ്മൽ പദവി നേടുന്ന രാജ്യത്തെ രണ്ടാമത്തെ സംസ്ഥാനമായി മാറും. 26 ഗ്രാമ പഞ്ചായത്തുകളും 44 ബ്ലോക്ക് പഞ്ചായത്തുകളും ഇതിനകം ഈ വർഷത്തെ നിർമ്മൽ അവാർഡിനുള്ള അപേക്ഷ സമർപ്പിച്ചു കഴിഞ്ഞു. ■

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

ഖരമാലിന്യ നിർമ്മാർജ്ജനം

പ്രദർശനവും ശില്പശാലയും

നിർമ്മൽ ഗ്രാമ പുരസ്കാര വിതരണ ചടങ്ങിന്റെ ഭാഗമായി 2011 നവംബർ 29,30 തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് പാലസിൽ ഖരമാലിന്യ മേഖലയിലെ തദ്ദേശീയ സാങ്കേതിക വിദ്യകളുടെ പ്രദർശനവും ശില്പശാലയും സംഘടിപ്പിച്ചു. ശില്പശാലയും പ്രദർശനവും മന്ത്രി ഡോ. എം.കെ. മുനീർ ഉത്ഘാടനം ചെയ്തു. ചടങ്ങിൽ മേയർ അഡ്വ. കെ. ചന്ദ്രിക അധ്യക്ഷത വഹിച്ചു.

ഖരമാലിന്യ നിർമാർജന മേഖലയിൽ പ്രവർത്തിക്കുന്ന 70ൽപരം ഏജൻസികൾ പ്രദർശനത്തിലും ശില്പശാലയിലും പങ്കെടുത്തുകൊണ്ട് വിവിധങ്ങളായ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തി. വീടുകൾക്ക് അനുയോജ്യമായ സാങ്കേതിക രീതികൾ മുതൽ നഗരസഭകൾക്ക് നടപ്പിലാക്കാവുന്ന വലിയ സാങ്കേതിക വിദ്യകൾ വരെ പ്രദർശനത്തിൽ അണിനിരന്നു. 300 രൂപ മുതലുള്ള മാലിന്യ നിർമ്മാർജ്ജനോപാധികൾ പ്രദർശനത്തിൽ അവതരിപ്പിച്ചു. വിവിധ തരത്തിലും വലിപ്പത്തിലും വിലയിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളായിരുന്നു പ്രദർശനത്തിലെ പ്രധാന ആകർഷണം. നിർമ്മൽ ഗ്രാമ പുരസ്കാരം അവാർഡ് തുക ഫലപ്രദമായി വിനിയോഗിക്കുന്നതിന് തങ്ങളുടെ പഞ്ചായത്തിന് അനുയോജ്യമായ സാങ്കേതികവിദ്യ കണ്ട് ബോധ്യപ്പെടുവാനുള്ള അവസരവുമായിരുന്നു പ്രദർശനം. മാലിന്യ വിമുക്ത കേരളം പരിപാടിയുടെ ഭാഗമായി സംസ്ഥാനം ഒക്ടോബർ 2 മുതൽ ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന ശുചിത്വ വർഷം പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വികേന്ദ്രീകൃതമായി മാലിന്യം നിർമ്മാർജനം ചെയ്യുന്നതിനുള്ള പ്രോൽസാഹനം നൽകുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നഗരസഭകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും ഉചിതമായ സാങ്കേതിക വിദ്യകൾ തെരഞ്ഞെടുത്തുകൊണ്ട് മാലിന്യ നിർമ്മാർജനം ഉറവിടത്തിൽ തന്നെ പരമാവധി ഉറപ്പാക്കുന്നതിനുള്ള സാങ്കേതിക സഹായവും ധനസഹായവും ശുചിത്വ മിഷൻ മുഖേന നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

മാലിന്യ സംസ്കരണ മേഖലയിലെ തദ്ദേശീയ സാങ്കേതിക രീതികളുടെ പ്രദർശനത്തിലെ സ്റ്റാൾ പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ സന്ദർശിക്കുന്നു. ചേമ്പർ ഓഫ് മുൻസിപ്പൽ ചെയർമെൻ ചെയർമാൻ ജമാൽ മണക്കാടൻ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോർജ്ജ് ചാക്കച്ചേരി എന്നിവർ സമീപം.

ഹോർട്ടിക്കൾച്ചർ മേഖല

സ്ഥിതിയും സാധ്യതകളും

ഡോ. കെ. പ്രതാപൻ

ഹോർട്ടികൾച്ചർ സ്പെഷ്യൽ

കൃഷി മനുഷ്യന്റെ ഉൽപ്പത്തി മുതലുള്ള ജീവനോപാധിയാണ്. വിവിധയിനം വിളകൾ കൃഷിചെയ്യപ്പെടുന്നു. അതിൽ ഹോർട്ടിക്കൾച്ചർ വിളകൾ സുപ്രധാന പങ്കുവഹിക്കുന്നു. പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, പുഷ്പങ്ങൾ, ഔഷധസസ്യങ്ങൾ, സുഗന്ധവ്യജ്ഞനങ്ങൾ മുതലായവയാണ് ആഗോളതലത്തിൽ കൃഷി ചെയ്യപ്പെടുന്ന പ്രധാന ഹോർട്ടിക്കൾച്ചർ വിളകൾ.

അന്താരാഷ്ട്ര പച്ചക്കറി വിപണിയിൽ മൊത്തം ഉത്പാദനം 606 മില്യൺ ടൺ ആണ്. ഇത് ഉത്പാദിപ്പിക്കുന്നത് 40 മില്യൻ ഹെക്ടർ സ്ഥലത്തുനിന്നുമാണ്. ആഗോളപച്ചക്കറി ഉത്പാദനത്തിൽ ചൈന മുൻപന്തിയിൽ നിൽക്കുന്നു. ഉരുളക്കിഴങ്ങ് ഉത്പാദനം ഒന്നാം സ്ഥാനത്തും അതിനു പിന്നിലായി തക്കാളി, ഉള്ളി, ക്യാബേജ്, കത്തിരി എന്നീ പച്ചക്കറികളും സ്ഥാനം പിടിക്കുന്നു. ആഗോളതലത്തിൽ പ്രധാനമായും പഴവർഗ്ഗങ്ങൾ കൃഷി ചെയ്യുന്ന രാജ്യങ്ങൾ ചൈനയും ഇന്ത്യയുമാണ്.

ആഗോളതലത്തിൽ പുഷ്പകൃഷി ചെയ്യുന്ന പ്രധാന രാജ്യങ്ങൾ ജപ്പാൻ, നെതർലാന്റ്സ്, അമേരിക്ക എന്നിവയാണ്. ഇവിടെ പ്രധാനമായും പുഷ്പങ്ങൾ കൃഷി ചെയ്യുന്നത് കയറ്റുമതി എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ്.

ഇന്ത്യയെ സംബന്ധിച്ച് കൃഷി ഒരു അവിഭാജ്യഘടകമാണ്. ഇന്ത്യയുടെ സമ്പദ്ഘടന കൃഷിയിലധിഷ്ഠിതമാണ്. ഭാരതത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും മണ്ണും വിവിധയിനം ഹോർട്ടിക്കൾച്ചർ വിളകളുടെ വളർച്ചയ്ക്ക് അഭിലഷണീയമാണ്. പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, പുഷ്പങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധസസ്യങ്ങൾ, സുഗന്ധവ്യജ്ഞനങ്ങൾ, കശുമാവ്, കൊക്കോ, വെറ്റില, ഇലചെടികൾ തുടങ്ങിയവയാണ് ഇന്ത്യയിൽ പ്രധാനമായും കൃഷി ചെയ്യുന്ന ഹോർട്ടിക്കൾച്ചർ വിളകൾ. ആഗോളതലത്തിൽ ഹോർട്ടിക്കൾച്ചർ വിളകളിൽ ഒന്നാംസ്ഥാനം ഇന്ത്യയ്ക്കാണ്.

പഴങ്ങളുടെയും പച്ചക്കറികളുടെയും ആഗോള ഉത്പാദനത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. ഇന്ത്യയിൽ പച്ചക്കറിയുടെ മൊത്തം ഉത്പാദനവും വിസ്തൃതിയും വളർച്ചയുടെ പാതയിലാണ്. പശ്ചിമബംഗാൾ, ബീഹാർ, മഹാ

ആഗോളതലത്തിൽ പഴങ്ങളുടെയും പച്ചക്കറികളുടെയും പുഷ്പങ്ങളുടെയും കയറ്റുമതിയും വിപണനവും വർദ്ധിപ്പിക്കുക വഴി ഹോർട്ടിക്കൾച്ചർ മേഖല കേരളത്തിലെ കർഷകർക്ക് അനന്ത സാദ്ധ്യതകളാണ് തുറന്നിടുന്നത്. ഈ മേഖലയിലേക്ക് കർഷകരെ ആകൃഷ്ടരാക്കുന്നതോടൊപ്പം വിളവെടുപ്പാനന്തരപരിപാലനം മികച്ച രീതിയിൽ നടപ്പിലാക്കുകയും കാർഷികമേഖലയിൽ യന്ത്രവത്ക്കരണം സാധ്യമാക്കുകയും ചെയ്താൽ പഴത്തിനും പച്ചക്കറിക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിന്റെ അവസ്ഥയ്ക്ക് സമീപഭാവിയിൽ തന്നെ മാറ്റം ഉണ്ടാകും.

രാഷ്ട്ര, ഒറീസ, കർണ്ണാടക മുതലായവയാണ് പ്രധാനമായും പച്ചക്കറി ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങൾ. ഇന്ത്യയിൽ കൃഷി ചെയ്യുന്ന പച്ചക്കറി ഉത്പന്നങ്ങളിൽ ഉരുളക്കിഴങ്ങ് ഒന്നാമത് നിൽക്കുന്നു. ഇതു കഴിഞ്ഞാൽ തക്കാളി, കത്തിരി, ക്യാബേജ്, ഉള്ളി എന്നിവ സ്ഥാനം പിടിക്കുന്നു. അത്യുത്പാദനശേഷിയുള്ള ഇനങ്ങൾ ഉപയോഗിച്ചതും ആധുനിക സാങ്കേതികവിദ്യ പ്രാവർത്തികമാക്കിയതും കൂടുതൽ കൃഷിസ്ഥലം ജലസേചനത്തിന്റെ പരിധിയിൽ കൊണ്ടുവന്നതിനാലുമാണ് പച്ചക്കറി ഉത്പാദനത്തിൽ നമുക്ക് വളർച്ച നേടാനായത്. ആഗോള പച്ചക്കറി ഉത്പാദനത്തിന്റെ 14.4 ശതമാനം ഇന്ത്യ സംഭാവന ചെയ്യുന്നു. കോളിഫ്ളവർ ഉത്പാദനത്തിൽ ഒന്നാമതും ഉള്ളി ഉത്പാദനത്തിൽ രണ്ടാമതും ക്യാബേജ് ഉത്പാദനത്തിൽ മൂന്നാമതും ഇന്ത്യ നിൽക്കുന്നു.

വിവിധതരം പഴവർഗ്ഗങ്ങളും ഇന്ത്യയിൽ യഥേഷ്ടം കൃഷി ചെയ്തുവരുന്നു. ഇതിൽ മാങ്ങ, വാഴ, നാരകം, കൈതച്ചക്ക, പപ്പായ, പേരയ്ക്ക, സപ്പോട്ട, ചക്ക, ലിച്ചി, മുന്തിരി, ആപ്പിൾ, പിയർ, പീച്ച്, പ്ലം, അപ്രികോട്ട്, തണ്ണിമത്തൻ, മാതളം, ഫിഗ്, അനോണ എന്നിവ ഉൾപ്പെടുന്നു. ആഗോള പഴവർഗ്ഗ ഉത്പാദനത്തിന്റെ 10 ശതമാനം ഇന്ത്യയുടെ സംഭാവനയാണ്. മാങ്ങ, വാഴ, സപ്പോട്ട, നാരകം എന്നിവയുടെ ഉത്പാദനത്തിലും മുന്തിരിയുടെ ഉത്പാദനക്ഷമതയിലും ഇന്ത്യ ഒന്നാമത് നിൽക്കുന്നു. മഹാരാഷ്ട്ര, കർണ്ണാടക, ആന്ധ്രാപ്രദേശ്, ബീഹാർ, ഉത്തർപ്രദേശ് മുതലായ സംസ്ഥാനങ്ങളാണ് പഴവർഗ്ഗ ഉത്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്.

കിഴങ്ങ് വർഗ്ഗങ്ങളുടെ കാര്യത്തിലും ഇന്ത്യ പ്രധാന പങ്കുവഹിക്കുന്നു. ഇതിൽ പ്രധാനപ്പെട്ടവയാണ് മരച്ചീനി, മധുരക്കിഴങ്ങ്, ചേന, ചേമ്പ്, കാച്ചിൽ മുതലായവ. മരച്ചീനിയുടെ ഉത്പാദനക്ഷമതയിൽ ഇന്ത്യ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു.

പുഷ്പകൃഷിയിൽ ഇന്ത്യയുടെ പങ്ക് വളരെ വലുതാണ്. പുഷ്പകൃഷി വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിച്ചിട്ട് വളരെ കുറച്ചു നാളുകളെ ആയിട്ടുള്ളൂ. ഇതുവഴി വരുമാനവും തൊഴിലും ഒപ്പം സ്ത്രീ സമൂഹത്തിന്റെ ഉന്നമനവും സാദ്ധ്യമാകുന്നു. പുഷ്പകൃഷി, കയറ്റുമതിക്കുള്ള ഒരു പ്രധാന വാതിൽ തുറന്നുതരുന്നു. ഇന്ത്യയിൽ ഉതിർപൂക്കളും വെട്ടുപൂക്കളും കൃഷി ചെയ്യുന്നു. പിച്ചി, മല്ലി, മുല്ല, ജമന്തി എന്നിവ കൂടാതെ ഓർക്കിഡ്, ആന്തൂറിയം, ജർബറ, ഗോൾഡിഷ് തുടങ്ങിയ വെട്ടുപൂക്കളും കൃഷി ചെയ്യുന്നു. പ്രധാനമായും പുഷ്പകൃഷി ചെയ്യുന്നത് തമിഴ്നാട്, കേരളം, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, സിക്കിം, ജമ്മു-കാശ്മീർ മുതലായ സംസ്ഥാനങ്ങളാണ്. ഇന്ത്യയിലെ മൊത്തം പുഷ്പ ഉത്പാദനത്തിൽ 34 ശതമാനം കർണ്ണാടകത്തിൽ നിന്നും 25 ശതമാനം തമിഴ്നാട്ടിൽ നിന്നുമാണ് വരുന്നത്.

ഔഷധസസ്യങ്ങളുടെ കാര്യത്തിൽ ഭാരതത്തിന്റെ കാലാവസ്ഥ അവയുടെ സ്വാഭാവികമായ വളർച്ചയ്ക്ക് അനുയോജ്യമാണ്. മൊത്തം ഔഷധസസ്യങ്ങളുടെ ആവശ്യകതയും ഉത്പാദനവും തമ്മിൽ നല്ല അന്തരം നിലനിൽക്കുന്നു. 200 ടൺ ആവശ്യമായ സ്ഥലത്ത് 60 ടൺ മാത്രമേ ദേശീയ തലത്തിൽ ഉത്പാദിപ്പിക്കുന്നുള്ളൂ. ഇന്ത്യ ഔഷധ സസ്യങ്ങളുടെ ഒരു ഖനിയാണ്.

സുഗന്ധ വ്യഞ്ജനങ്ങൾ ഹോർട്ടിക്കൾച്ചർ വിളകളിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. പ്രധാനമായും മണത്തിനും രുചിക്കും വേണ്ടിയാണ് ഇവ ഉപയോഗിക്കുന്നത്. ഇന്ത്യയിൽ പ്രധാനമായും കൃഷിചെയ്യുന്ന സുഗന്ധവ്യഞ്ജനങ്ങളാണ് കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, വെളുത്തുള്ളി, മുളക്, കറുകപട്ട എന്നിവ. ആന്ധ്രാപ്രദേശ്, കേരളം, ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, തമിഴ്നാട്, ഒറീസ്സ, മദ്ധ്യപ്രദേശ് മുതലായവയാണ് സുഗന്ധവ്യഞ്ജനങ്ങൾ കൃഷി ചെയ്യുന്ന പ്രധാന സംസ്ഥാനങ്ങൾ. ഇന്ത്യ സുഗന്ധവ്യഞ്ജനങ്ങളുടെ ഏറ്റവും വലിയ ഉത്പാദകരും ഉപഭോക്താക്കളും കയറ്റുമതിക്കാരുമാണ്.

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ മൊത്തം ഭൂവിസ്തൃതി 38,885 ചതുരശ്ര കിലോമീറ്ററാണ്. കേരളത്തിൽ പ്രധാനമായി കൃഷി ചെയ്യുന്ന ഹോർട്ടിക്കൾച്ചർ വിളകൾ വാഴ, മാങ്ങ, കശുമാവ്, കൈതച്ചക്ക, കൊക്കോ, കുരുമുളക്, ജാതി, ഗ്രാംപൂ, ചക്ക, പപ്പായ, ഇഞ്ചി, ചായ, കാപ്പി, പച്ചക്കറികൾ, പുഷ്പങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവയാണ്.

ഈ ലക്കം പഞ്ചായത്ത് രാജ് മാസികയിൽ 'ഹോർട്ടിക്കൾച്ചർ സ്പെഷ്യൽ' വിഭാഗത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളത്തിൽ നടത്തുന്ന പച്ചക്കറികൃഷി, കൂൺകൃഷി, പുഷ്പകൃഷി, തേനീച്ച കൃഷി, ഔഷധസസ്യകൃഷി, ജൈവകൃഷി, മാനവവിഭവശേഷി വികസനം തുടങ്ങിയവയുമായി ബന്ധപ്പെട്ട ലേഖനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മിഷൻ ഡയറക്ടർ **ഡോ. കെ. പ്രതാപനോടൊപ്പം സൂര്യ ഡി. അനിയൻ**, **സിതാര സഹദേവൻ**, **ബിന്ദു രാധാകൃഷ്ണൻ**, **ലിജി വിശ്വനാഥൻ**, **അബിതാ ജി.**, **പ്രിയ ദിനേശ്**, **സൗമ്യ പി.കെ.** എന്നിവരാണ് ലേഖനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ പദ്ധതിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ അടുത്തുള്ള കൃഷി ഭവനുകൾ, ജില്ലാ കൃഷി ആഫീസ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ–കേരള (ഫോൺ: 0471–2330856, 2327732) എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.

കേരളത്തിൽ മൊത്തം കൃഷി ഭൂമിയുടെ 89.59 ശതമാനവും ഹോർട്ടിക്കൾച്ചർ വിളകളാണ്. ഹോർട്ടിക്കൾച്ചർ വിളകളുടെ ഉത്പാദനം 2003-ൽ 60.47 മെട്രിക് ടണ്ണിൽ നിന്ന് 2012-ൽ 109.45 മെട്രിക് ടൺ എത്തും എന്നാണ് കണക്കാക്കുന്നത്. പച്ചക്കറിയുടെ കാര്യത്തിൽ മൊത്തം ആവശ്യമായ 8.18 ലക്ഷം ടണിൽ 3.47ലക്ഷം ടൺ (അതായത് 42 ശതമാനം) മാത്രമേ കേരളം ഉത്പാദിപ്പിക്കുന്നുള്ളൂ. പ്രധാനമായും കൃഷി ചെയ്യുന്ന പച്ചക്കറികൾ മുരിങ്ങ, പാവൽ, പടവലം, വെണ്ട, വെള്ളരി, മത്തൻ, കുമ്പളം, കത്തിരി, മുളക്, ക്യാബേജ്, ക്യാരറ്റ്, കോളിഫ്ളവർ തുടങ്ങിയവയാണ്. ഇതു കൂടാതെ കിഴങ്ങുവർഗ്ഗങ്ങളായ മരച്ചീനി, മധുരകിഴങ്ങ്, കാച്ചിൽ, ചേന, ചേമ്പ് എന്നിവയും പ്രധാന പങ്കു വഹിക്കുന്നു. കേരളം പഴവർഗ്ഗങ്ങളുടെയും പച്ചക്കറിയുടെയും കാര്യത്തിൽ ക്ഷാമം അനുഭവിക്കുമ്പോൾ കിഴങ്ങുവർഗ്ഗങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിച്ചു കഴിഞ്ഞു. കേരളത്തിൽ പ്രധാനമായി കൃഷി ചെയ്യുന്ന പഴവർഗ്ഗ ങ്ങൾ വാഴ, മാങ്ങ, കൈതച്ചക്ക, പപ്പായ, ചക്ക മുതലായവയാണ്. പുഷ്പകൃഷി യുടെ കാര്യത്തിൽ പരമ്പരാഗത പൂക്കളുടെ ആവശ്യത്തിനായി 95 ശതമാനവും അന്യ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. കേരളം കട്ട്ഫ്ളവറിന്റെ ഉത്പാദനത്തിൽ പ്രധാന പങ്കുവഹിക്കുന്നു. പ്രധാനമായി കൃഷി ചെയ്യുന്ന കട്ട്ഫ്ളവർ – ഓർക്കിഡ്, ആന്തൂറിയം, അലങ്കാരസസ്യങ്ങൾ മുതലായവയാണ്.

നാളെയുടെ പച്ചക്കറി എന്നറിയപ്പെടുന്ന കൂൺകൃഷി കേരളത്തിൽ മുളച്ചുവരുന്ന ഒരു ഹോർട്ടിക്കൾച്ചർ സംരംഭമാണ്. കൂൺ പോഷകാഹാരവും ഒപ്പം ഔഷധവുമാണ്. കൂൺകൃഷി വിനോദം എന്നതിലുപരി ഒരു ഉപജീവനമാർഗ്ഗമായി മാറികൊണ്ടിരിക്കുകയാണ്. സ്ത്രീസമൂഹം സ്വയം പര്യാപ്തത കൈവരിക്കുന്നതിൽ കൂൺകൃഷി പ്രധാന പങ്കുവഹിക്കുന്നു. കേരളത്തിലെ ഒരു ദിവസത്തെ കൂണിന്റെ ശരാശരി ഉപഭോഗം 2500 കിലോഗ്രാമാണ്.

തേനുത്പാദനം കേരളത്തിലെ തേനീച്ച കർഷകരുടെ ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. കേരളത്തിൽ കൃഷി ചെയ്യുന്ന പ്രധാനപ്പെട്ട തേനീച്ചയിനം Apis cerana ആണ്. ഇതിൽ നിന്നും പ്രതിവർഷം 8–10 കിലോഗ്രം തേൻ ഒരു കോളനിയിൽ നിന്നും ലഭിക്കുന്നു. കേരളത്തിൽ ഒന്നു മുതൽ ഒന്നേകാൽ ലക്ഷം ആളുകൾ തേനീച്ചവളർത്തൽ ഒരു ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ ഹോർട്ടിക്കൾച്ചർ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ

1. കൂടിയ വേതന/കൂലി നിരക്ക്.
2. തൊഴിലാളികളുടെ ലഭ്യതകുറവ്.
3. സമ്മിശ്രകൃഷി അവലംബിക്കുന്നതുമൂലമുള്ള ഉത്പാദനക്കുറവ്.
4. പരിമിതമായ കൃഷി സ്ഥലം.
5. കൂടിയ ജനസാന്ദ്രത.

കേരളത്തിലെ അനുയോജ്യമായ കാലാവസ്ഥ നമുക്ക് വർഷം മുഴുവനും പഴങ്ങളും പച്ചക്കറികളും പുഷ്പങ്ങളും നൽകുന്നു. വർഷത്തിൽ 6–8 മാസം വരെ മഴ ലഭിക്കുന്ന കേരളത്തിൽ വരൾച്ച അപൂർവ്വമായി മാത്രം ഉണ്ടാകുന്നു. ഉയർന്ന സാക്ഷരതാനിരക്ക് പുതിയ കണ്ടുപിടുത്തങ്ങൾക്ക് വഴിയൊരുക്കുന്നു. ഏറ്റവും മുന്തിയ രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസനവും കയറ്റുമതി തന്ത്രങ്ങളും ഹോർട്ടിക്കൾച്ചർ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനു സഹായിക്കുന്നു.

ആഗോളതലത്തിൽ പഴങ്ങളുടെയും പച്ചക്കറികളുടെയും പുഷ്പങ്ങളുടെയും കയറ്റുമതിയും വിപണനവും വർദ്ധിപ്പിക്കുക വഴി ഹോർട്ടിക്കൾച്ചർ മേഖല കേരളത്തിലെ കർഷകർക്ക് അനന്ത സാദ്ധ്യതകളാണ് തുറന്നിടുന്നത്. ഈ മേഖലയിലേക്ക് കർഷകരെ ആകൃഷ്ടരാക്കുന്നതോടൊപ്പം വിളവെടുപ്പാനന്തരപരിപാലനം മികച്ച രീതിയിൽ നടപ്പിലാക്കുകയും കാർഷികമേഖലയിൽ യന്ത്രവത്ക്കരണം സാധ്യമാക്കുകയും ചെയ്താൽ പഴത്തിനും പച്ചക്കറിക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിന്റെ അവസ്ഥയ്ക്ക് സമീപഭാവിയിൽ തന്നെ മാറ്റം ഉണ്ടാകും.■

ഹോർട്ടികൾച്ചർ സ്പെഷ്യൽ

കൂൺ കൃഷി
ആരോഗ്യത്തിനും ആദായത്തിനും

മഴക്കാലത്ത് പറമ്പിലും മരക്കുറ്റികളിലും കമ്പോസ്റ്റ് കുഴികളിലും സസ്യാവശിഷ്ടങ്ങളിലും കാണുന്ന കൂണുകളെ ഏവർക്കും പരിചിതമാണ്. സസ്യകുടുംബത്തിലെ ഹരിതരഹിത അംഗങ്ങളായ കൂണുകൾ ഫംഗസുകളുടെ ഫലങ്ങളാണ്. പ്രയോജനകരമായ ഫംഗസുകളിൽ ഏറ്റവും പ്രധാനം കൂൺ തന്നെയാണ്. ലോകത്തിൽ ഏകദേശം 2000 ഇനം ഭക്ഷ്യയോഗ്യമായ കൂണുകളുണ്ട്. ഇന്ത്യയിൽ തന്നെ 200 ഇനം കൂണുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ തന്നെ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നത് പ്രധാനമായും നാലിനങ്ങളാണ് (ബട്ടൺ കൂൺ, ചിപ്പിക്കൂൺ, പാൽകൂൺ, വൈക്കോൽ കൂൺ). കേരളത്തിൽ പ്രധാനമായും രണ്ടിനങ്ങളാണ് കൃഷി ചെയ്യുന്നത്. ചിപ്പിക്കൂണും (പ്ലൂറോട്ടസ്), പാൽക്കൂണും (കാലോസൈബ ഇൻഡിക്ക).

രുചികരവും പോഷകസമ്പുഷ്ടവുമായ കൂൺ സസ്യ മാംസ്യം എന്നാണ് അറിയപ്പെടുന്നത്. ഔഷധ മൂല്യത്തിന്റെയും പോഷക മേന്മയുടെയും കാര്യത്തിൽ കൂണിനുള്ള സ്ഥാനം വളരെ വലുതാണ്. മനുഷ്യ ശരീരത്തിനാവശ്യമായ അമിനോ അമ്ലങ്ങൾ, ധാതുലവണങ്ങളായ കാത്സ്യം, ഫോസ്ഫറസ്, പൊട്ടാസ്യം, അയൺ എന്നിവ മറ്റു പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും ഉള്ളതിനെക്കാൾ കൂടുതൽ അടങ്ങിയിരിക്കുന്നതിനാൽ സസ്യാഹാരികളിൽ മാംസ്യത്തിന്റെ കുറവ് നികത്തുന്നു.

നല്ലൊരു സസ്യാഹാരമെന്നതിലുപരി കൂണിന് നിരവധി ഔഷധഗുണങ്ങളും ഉണ്ട്.

1. വളർച്ചയ്ക്കാവശ്യമായ പ്രോട്ടീൻ, വിറ്റാമിൻ എ, ബി ഇവ ധാരാളം അടങ്ങിയിരിക്കുന്നതിനാൽ കുട്ടികളുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്താം.
2 ഇരുമ്പ്, ഫോളിക്കാസിഡ്, ബയോട്ടിൻ ഇവ അടങ്ങിയിരിക്കുന്നതിനാൽ ഗർഭിണികൾക്കും രക്താർബുദ രോഗികൾക്കും കഴിക്കാവുന്നതാണ്.
3. നാരുകൾ (ഫൈബർ) അടങ്ങിയിരിക്കുന്നതിനാൽ മലബന്ധം ഇല്ലാതാക്കുന്നു.
4. പോളിയോ, ഇൻഫ്ളുവൻസ, വൃക്കരോഗങ്ങൾ എന്നിവ ശമിക്കുന്നു.
5. പ്ലൂറോട്ടസ് ഫ്ളോറിഡ എന്നയിനം ചിപ്പിക്കൂൺ കാൻസർ രോഗത്തിന് കാരണമാകുന്ന ട്യൂമറിന്റെ വളർച്ചയെ ചെറുക്കുന്നു.
6. നെഞ്ചെരിച്ചിൽ കുറയ്ക്കുന്നു.
7. കൊളസ്ട്രോൾ, സോഡിയം ഇവ ഇല്ലാത്തതിനാൽ ഹൃദ്രോഗികൾക്കും ഉയർന്ന രക്തസമ്മർദ്ദമുള്ളവർക്കും ഉത്തമമാണ്.
8. അന്നജത്തിന്റെ അളവ് കുറവായതിനാലും ഗ്ലൈക്കോജൻ, കൈറ്റിൻ, ഹെമിസെല്ലുലോസ് എന്നീ രൂപത്തിലായതിനാലും നാരുകൾ അടങ്ങിയിരിക്കുന്നതിനാലും പ്രമേഹരോഗികൾക്ക് ഉപയോഗിക്കാം.
9. സ്തനാർബുദത്തിന് പ്രേരകമാകുന്ന അരോമറ്റേസ് എന്ന എൻസൈമിന്റെ പ്രവർത്തനത്തെ കൂണിലെ ലിനോളിക്കാസിഡ് എന്ന ഘടകം മന്ദീഭവിപ്പിക്കുന്നു.

പോഷക ഘടകങ്ങൾ

ക്രമ നമ്പർ	ഘടകങ്ങൾ	ചിപ്പിക്കൂൺ %	പാൽക്കൂൺ %
1.	ജലം	89.5	85.58
2.	അന്നജം	4.59	0.85
3.	മാംസ്യം	2.75	2.3
4.	നാരുകൾ	1.12	3.1
5.	പൊട്ടാസ്യം	0.99	1.1
6.	കൊഴുപ്പ്	0.32	0.67
7.	വിറ്റാമിനുകൾ	0.35	0.25
8.	മറ്റുള്ളവ	0.38	0.15

രുചികരവും പോഷകസമ്പുഷ്ടവുമായ കൂൺ സസ്യ മാംസ്യം എന്നാണ് അറിയപ്പെടുന്നത്. ഔഷധ മൂല്യത്തിന്റെയും പോഷക മേന്മയുടെയും കാര്യത്തിൽ കൂണിനുള്ള സ്ഥാനം വളരെ വലുതാണ്. മനുഷ്യ ശരീരത്തിനാവശ്യമായ അമിനോ അമ്ലങ്ങൾ, ധാതുലവണങ്ങളായ കാത്സ്യം, ഫോസ്ഫറസ്, പൊട്ടാസ്യം, അയൺ എന്നിവ മറ്റു പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും ഉള്ളതിനെക്കാൾ കൂടുതൽ അടങ്ങിയിരിക്കുന്നതിനാൽ സസ്യാഹാരികളിൽ മാംസ്യത്തിന്റെ കുറവ് നികത്തുന്നു.

10. പ്രോസ്റ്റേറ്റ് ക്യാൻസർ, അമിതവണ്ണം എന്നിവ തടയുന്നതിനും ചർമ്മ സൗന്ദര്യത്തിനും ഉത്തമമാണ്.

കേരളത്തിലെ ജനങ്ങളുടെ മാറിവരുന്ന ഭക്ഷണരീതിയും ജീവിതശൈലിയും കൂൺ കൃഷിക്കുള്ള പ്രസക്തി വർദ്ധിപ്പിക്കുന്നു. ഇതുകൂടാതെ കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും കൂൺ കൃഷിക്ക് അനുയോജ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു. വിളവെടുപ്പിനുള്ള ദൈർഘ്യം വളരെ കുറവായതിനാൽ കുറഞ്ഞ കാലയളവിനുള്ളിൽ കൂടുതൽ വരുമാനം എന്ന ലക്ഷ്യത്തോടെ കൃഷിക്കാർ പ്രധാനമായും വനിതകൾ കൂൺകൃഷിയിൽ ആകൃഷ്ടരാകുന്നു.

കേരളത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ള ഉത്പാദനം കൂട്ടുന്നതിനും കർഷകർക്ക് പ്രധാനമായും വനിതാ കർഷകർക്ക് ഒരു വരുമാന മാർഗ്ഗം പ്രദാനം ചെയ്യുന്നത് വഴി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വേണ്ടി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ശാസ്ത്രീയമായി കൂൺ ഉത്പാദിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുകയും സമഗ്ര കൂൺ ഉത്പാദന യൂണിറ്റിന് ധനസഹായം നൽകുകയും ചെയ്യുന്നു.

കൂൺകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

സമഗ്രകൂൺ ഉത്പാദന യൂണിറ്റ്

കൂൺ വിത്തുത്പാദനം, കമ്പോസ്റ്റ് നിർമ്മാണം, പരിശീലനം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു സമഗ്ര കൂൺ ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതി

നായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷകർക്കും മറ്റ് സ്ഥാപനങ്ങൾക്കും 50 ലക്ഷം രൂപ ചെലവ് വരുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനായി 50 ശതമാനം സബ്സിഡി, അതായത് പരമാവധി 25 ലക്ഷം രൂപ വരെ നൽകുന്നു.

കൂൺ വിത്തുത്പാദനം:

കൂൺ വിത്ത് ശാസ്ത്രീയമായി ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പരമാവധി 15 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷകർക്കും മറ്റ് സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ ചെലവ് വരുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനായി 50 ശതമാനം സബ്സിഡി അതായത് പരമാവധി 7.5 ലക്ഷം രൂപ വരെ നൽകുന്നു.

കൂൺ കൃഷി പരിശീലനം

കൂൺ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് കർഷകർക്ക് പ്രധാനമായും വനിതാ കർഷകർക്ക് പരിശീലനം നൽകുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ മാനവവിഭവശേഷി വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പരിശീലനത്തിന് ധനസഹായം നൽകുന്നു.

കൂൺ കൃഷി പ്രോത്സാഹനം

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായം ഉപയോഗിച്ച് കൂൺകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 400 കിലോഗ്രാം കൂൺ ഉത്പാദിപ്പിക്കുന്ന യൂണിറ്റൊന്നിന് 11,250 രൂപ ധനസഹായം നൽകുന്നു.

ഇപ്രകാരമുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തുന്നത് വഴി പരിമിതമായ സമയ പരിധിക്കുള്ളിൽ കൂടുതൽ ആദായം കൊയ്യുന്ന ഒരു ഉപജീവന മാർഗ്ഗമായി കൂൺ കൃഷിയെ മാറ്റുവാൻ സാധിക്കും.■

ഔഷധ സസ്യ കൃഷി കേരളത്തിൽ

ഹോർട്ടികൾച്ചർ സ്പെഷ്യൽ

ലോകത്തിനു ലഭിച്ച ഏറ്റവും വിശിഷ്ടമായ ശാസ്ത്രമാണ് ആയുർവേദം. ഇന്ന് നിലവിലുള്ള വൈദ്യശാസ്ത്ര മേഖലയിൽ വച്ച് ഏകദേശം 5000 വർഷം പഴക്കമുള്ള ആയുർവേദം പ്രകൃതിയിലെ മുഴുവൻ സസ്യങ്ങൾക്കും പ്രാധാന്യം കൽപ്പിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടെന്ന് പുകൾപെറ്റ കേരളത്തിന്റെ കാലാവസ്ഥ, മണ്ണ്, വനങ്ങൾ തുടങ്ങിയവ ആയുർവേദത്തിനാവശ്യമായ സസ്യങ്ങളുടെ ലഭ്യതയ്ക്ക് അനുകൂല ഘടകങ്ങളാണ്.

വാണിജ്യാടിസ്ഥാനത്തിൽ ശാസ്ത്രീയമായ ഔഷധസസ്യ കൃഷിയും അവയുടെ സംസ്കരണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പരിപോഷിപ്പിക്കുന്നതിന് വേണ്ടിയാണ് കേന്ദ്ര സർക്കാരിനു കീഴിലുള്ള ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടുകൂടി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെ മേൽനോട്ടത്തിൽ 2009 ജൂലൈയിൽ ദേശീയ ഔഷധസസ്യ മിഷൻ സ്ഥാപിതമായത്.

കൃഷി, വനം, ആയുർവേദം, ആരോഗ്യം എന്നീ വകുപ്പുകൾ, കുടുംബശ്രീ, ഔഷധ സസ്യ ബോർഡ്, കാർഷിക സർവ്വകലാശാലകൾ, സർക്കാരേതര സംഘടനകൾ, കർഷക കൂട്ടായ്മകൾ എന്നിവയിലൂടെയാണ് ദേശീയ ഔഷധ സസ്യ മിഷൻ പദ്ധതികൾ നടപ്പാക്കുന്നത്.

ദേശീയ ഔഷധ സസ്യ മിഷനിലൂടെ കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായത്തെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം

ആധുനിക സംവിധാനങ്ങളോടു കൂടി സ്ഥാപിക്കുന്ന മാതൃകാ നഴ്സറികൾക്കും ചെറുകിട നഴ്സറികൾക്കും വൻതോതിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നു.

ക്രമ നം.	ഇനം	പൊതുമേഖല (പദ്ധതിചെലവിന്റെ 100%)	സ്വകാര്യമേഖല (പദ്ധതിചെലവിന്റെ 50%)
		അർഹമായ ധനസഹായം	
1.	മാതൃകാ നഴ്സറി(2 ലക്ഷം മുതൽ 3 ലക്ഷം തൈകൾ വരെ ഉത്പാദന ശേഷി)	20 ലക്ഷം രൂപ	10 ലക്ഷം രൂപ
2.	ചെറുകിട നഴ്സറി (60000 മുതൽ 70000 തൈകൾ വരെ ഉത്പാദന ശേഷി)	4 ലക്ഷം രൂപ	2 ലക്ഷം രൂപ

ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് ദേശീയ ഔഷധ സസ്യ മിഷൻ വിവിധ ജില്ലകളിലായി 37 നഴ്സറികൾ (പൊതുമേഖലയിൽ 3 ചെറുകിട നഴ്സറികളും 3 മാതൃകാ നഴ്സറികളും, സ്വകാര്യ മേഖലയിൽ 22 ചെറുകിട നഴ്സറികളും 9 മാതൃകാ നഴ്സറികളും) സ്ഥാപിക്കുന്നതിനായി ധനസഹായം നൽകുന്നു.

ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ

ഔഷധസസ്യ കൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനു വേണ്ടി തിരഞ്ഞെടുക്കപ്പെട്ട 14 ഔഷധ സസ്യങ്ങൾക്കാണ് ധനസഹായം നൽകുന്നത്.

ഔഷധസസ്യ കൃഷി ക്ലസ്റ്ററുകൾ വഴി

ക്ലസ്റ്ററുകൾ പാലിക്കേണ്ട നിബന്ധനകൾ:

കുറഞ്ഞത് 5 കർഷകരും 2 ഹെക്ടർ സ്ഥലവുമുള്ള ക്ലസ്റ്ററുകൾ വഴിയാണ് ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നത്. ഈ ക്ലസ്റ്ററുകളിൽ ഉൾപ്പെട്ട കർഷകരും കൃഷി ഭൂമിയും അടുത്തടുത്തുള്ള 3 ഗ്രാമങ്ങളിൽ നിന്നുള്ളതാകണം. എന്നാൽ മാത്രമേ ഔഷധ നിർമ്മാണ ഏജൻസികൾക്കും ചെറുകിട ഉപഭോക്താക്കൾക്കും ഇവരെ സമീപിക്കാൻ സാധിക്കൂ.

ഈ സാഹചര്യത്തിൽ പുതുതായി വരുന്ന അപേക്ഷകരെ നിലവിൽ അംഗീകാരമുള്ള 19 പ്രധാന ക്ലസ്റ്ററുകളുടെ കീഴിൽ സബ്ക്ലസ്റ്ററായി പരിഗണിക്കുന്നതാണ്. ഏതെങ്കിലും ജില്ലയിൽ അംഗീകാരമുള്ള ക്ലസ്റ്ററുകൾ ഇല്ലെങ്കിൽ, 10 -20 വരെ അപേക്ഷകരുള്ള ഒരു കർഷക കൂട്ടായ്മയ്ക്ക് ഒരു സബ്ക്ലസ്റ്ററായി തൊട്ടടുത്തുള്ള ജില്ലയിലെ ക്ലസ്റ്ററുകളിൽ അംഗമാകാവുന്നതാണ്.

പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിളകളും അർഹമായ ധനസഹായവും (രൂ/ഹെ)

1.	നെല്ലി	13000
2.	അശോകം	31250
3.	കറ്റാർവാഴ	8500
4.	കുടംപുളി	12500
5.	വേപ്പ്	7500
6.	തിപ്പെലി	12500
7.	സർപ്പഗന്ധി	31250
8.	ശതാവരി	12500
9.	കൂവളം	20000
10.	കുമിഴ്	22500
11.	വയണ	15500
12.	തഴുതാമ	6000
13.	നറുനീണ്ടി	7000
14.	ഇരുവേലി	8600

2008-09, 2009-10, 2010-11 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1685 ഹെക്ടർ സ്ഥലത്ത് ഔഷധസസ്യ കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. കർഷക കൂട്ടായ്മകളിലൂടെയുള്ള ഔഷധ സസ്യകൃഷിക്കാണ് ദേശീയ ഔഷധ സസ്യ മിഷൻ പ്രാധാന്യം നൽകുന്നത്. മിഷന്റെ നിരന്തരമായ പ്രയത്ന ഫലമായി നാളിതുവരെ 19 കർഷക കൂട്ടായ്മകൾ രൂപം കൊണ്ടിട്ടുണ്ട്.

ദേശീയ ഔഷധ സസ്യ മിഷന്റെ ഇടപെടലുകളിലൂടെ കർഷകരും പങ്കജകസ്തൂരി, കോട്ടയ്ക്കൽ ആര്യവൈദ്യശാല തുടങ്ങിയ കേരളത്തിലെ പ്രമുഖരായ ഔഷധ വ്യവസായ സംരംഭകരും തമ്മിൽ ധാരണാപത്രം ഉണ്ടാക്കുകയും അതിലൂടെ ഔഷധസസ്യ കർഷകർക്ക് തങ്ങളുടെ വിളകൾക്ക് വിപണിയും മെച്ചപ്പെട്ട വിലയും ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

ദേശീയ ഔഷധസസ്യ മിഷന്റെ ധനസഹായത്തോടെ വനംവകുപ്പ് കേരളത്തിൽ ചന്ദനകൃഷി നടപ്പിലാക്കിവരുന്നു.

ഔഷധസസ്യ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി ധന്വന്തരി ഗ്രാമം എന്ന ഒരു നൂതന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 10 പഞ്ചായത്തുകളിലായി 670 ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യകൃഷി വ്യാപിപ്പിക്കുന്നതിന് 80 ലക്ഷം രൂപ മിഷൻ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഔഷധ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനും അതിനായി ഔഷധസസ്യ മിഷന്റെ ധനസഹായത്തോടെ പ്രവർത്തി

ക്കുന്ന നഴ്സറികളായ തൃശൂരിലെ പാണഞ്ചേരി ഫാർമേഴ്സ് ക്ലസ്റ്റർ, നഴ്സറി, ട്രാവൻകൂർ എക്സർവ്വീസ്മെൻ സൊസൈറ്റി നഴ്സറി, വയനാട്ടിലെ വൃക്ഷ നഴ്സറി എന്നിവിടങ്ങളിൽ നിന്നും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വിതരണം നടത്തുന്നതിനും മിഷൻ ഉദ്ദേശിക്കുന്നു.

വിളവെടുപ്പാനന്തര പരിപാലനം

ഔഷധസസ്യ ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉണക്കുപുര, സംഭരണശാലകൾ എന്നിവ സ്ഥാപിക്കുന്നതിനായി പട്ടിക 1-ൽ പറയുന്ന നിരക്കിൽ ധനസഹായം നൽകുന്നു.

സംസ്കരണവും മൂല്യവർദ്ധനയും

ഔഷധ സസ്യങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി പട്ടിക 2-ൽ പറയുന്ന നിരക്കിൽ ധസഹായം നൽകുന്നു.

വനസംരക്ഷണ സമിതിയുടെ സഹകരണത്തോടെ കേരളത്തിലെ ആദിവാസി മേഖലയിൽ 5 ഗ്രാമീണ വിപണികൾ മെച്ചപ്പെടുത്തുന്നതിനായി 25 ലക്ഷം രൂപ ചെലവുവരുന്ന ഒരു പദ്ധതിക്ക് കൂടി ദേശീയ ഔഷധ സസ്യ ബോർഡിൽ നിന്നും മിഷന് പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ ഔഷധ സസ്യകൃഷിക്ക് പുത്തനുണർവ്വ് നൽകാൻ ദേശീയ ഔഷധ സസ്യമിഷന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കുന്നു.

ദേശീയ ഔഷധ സസ്യമിഷന്റെ പ്രവർത്തനങ്ങൾ ഔഷധ സസ്യ വ്യവസായത്തിന് ഊർജ്ജം നൽകുന്നതിനോടൊപ്പം തന്നെ സാമ്പത്തിക ക്ലേശത്തിൽ മുങ്ങിത്താഴ്ന്നുകൊണ്ടിരിക്കുന്ന ഇവിടുത്തെ കർഷകർക്ക് ഒരു വരുമാന സ്രോതസ്സുമായി മാറിക്കൊണ്ടിരിക്കുകയുമാണ്. ■

പട്ടിക 1

ക്രമ നം.	ഇനം	ധനസഹായം
1	ഉണക്കുപുര	5 ലക്ഷം രൂപ (പദ്ധതി ചെലവിന്റെ 100%) (സ്വയം സഹായ സംഘങ്ങൾ/സഹകരണ സംഘങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ
		2.5 ലക്ഷം രൂപ (പദ്ധതി ചെലവിന്റെ 50%) (സ്വകാര്യമേഖല)
2	സംഭരണശാലകൾ	5 ലക്ഷം രൂപ (പദ്ധതി ചെലവിന്റെ 100%) (സ്വയം സഹായ സംഘങ്ങൾ/സഹകരണ സംഘങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ)
		2.5 ലക്ഷം രൂപ (പദ്ധതി ചെലവിന്റെ 50%) (സ്വകാര്യമേഖല)

പട്ടിക 2

ക്രമ നം	ഇനം	പദ്ധതി ചെലവ്	അർഹമായ ധനസഹായം
1	സംസ്കരണയൂണിറ്റ്	200 ലക്ഷം രൂപ	പദ്ധതി ചെലവിന്റെ 25% പരമാവധി 50 ലക്ഷം രൂപ
2	നിലവാര പരിശോധനാ യൂണിറ്റുകൾ	100 ലക്ഷം രൂപ	പദ്ധതി ചെലവിന്റെ 30% പരമാവധി 30 ലക്ഷം രൂപ
3	വിപണിവ്യാപന പ്രവർത്തനങ്ങൾ, (മേളകൾ, ട്രേഡ് ഫെയറുകൾ, എക്സിബിഷനുകൾ)	10 ലക്ഷം രൂപ	പദ്ധതി ചെലവിന്റെ 50% പരമാവധി 5 ലക്ഷം രൂപ
4	അടിസ്ഥാന വിപണന സൗകര്യങ്ങൾ a. ഗ്രാമീണ വിപണികൾ b. സംസ്ഥാന/ജില്ലാ വിപണികൾ	10 ലക്ഷം രൂപ 200 ലക്ഷം രൂപ	പദ്ധതിയധിഷ്ഠിതം (സ്വയംസഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, പൊതുമേഖലാ എന്നിവയ്ക്ക് 100% സഹായം)
5.	വിള ഇൻഷുറൻസ്		പ്രീമിയത്തിന്റെ 50%

വിളവെടുപ്പാനന്തര പരിപാലനവും ഔഷധസസ്യ സംസ്ക്കരണവും

നിലവിൽ നിർമ്മാതാക്കളുടെ കൈകളിലെത്തുന്ന ഔഷധസസ്യങ്ങളിൽ 30 ശതമാനത്തിലധികവും ഗുണമേന്മയില്ലാത്തതു കൊണ്ട് തന്നെ നിരാകരിക്കപ്പെടുകയാണ്. സംഭരണം, തരംതിരിക്കൽ, ശേഖരണം, ചരക്കുകളുടെ സുഗമമായ നീക്കം എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ രൂപികരണത്തിലൂടെ മാത്രമേ ഔഷധ സസ്യ കൃഷിക്ക് പിന്തുണ നല്കാനാവൂ. അതുകൊണ്ടു തന്നെ ഉല്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിച്ചുകൊണ്ടും ലാഭനിരക്ക് ഉയർത്തികൊണ്ടും നഷ്ടം കുറച്ചുകൊണ്ടും ഔഷധസസ്യങ്ങളുടെ വിപണന ക്ഷമത വർദ്ധിപ്പിക്കാൻ മേൽപറഞ്ഞ സൗകര്യങ്ങളെല്ലാം അത്യന്താപേക്ഷിതമാണ്

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഔഷധസസ്യ കൃഷി വ്യാപകമായി ചെയ്യപ്പെടുന്നുണ്ടെങ്കിലും മികച്ച വിപണന കമ്പോള സാദ്ധ്യതകളുള്ളതുമായ മേഖലകളിൽ പ്രസ്തുത കൃഷികളുടെ സംസ്കരണം, വിളവെടുപ്പാനന്തര പരിപാലനം എന്നിവയ്ക്കാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. കൂടാതെ ഗവേഷണ വികസന സ്ഥാപനങ്ങളും സാങ്കേതികവിദ്യാ പ്രചരണവും കാര്യക്ഷമത വർദ്ധിപ്പിക്കൽ പ്രക്രിയകളും നടപ്പിലാക്കേണ്ടതാണ്.

കേന്ദ്രം സ്പോൺസർ ചെയ്തിട്ടുള്ള നാഷണൽ മിഷൻ ഓൺ മെഡിസിനൽ പ്ലാന്റ്സ് 630 കോടി രൂപ വകയിരുത്തലോടെ 11-ാം പദ്ധതിയിൽ നടപ്പാക്കാനായി അംഗീകരിക്കപ്പെട്ടു. 11-ാം പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം 100% ആയിരിക്കും. വിത്ത് മുതൽ വിപണിവരെയുള്ള കർഷകരുടെ ആവശ്യങ്ങൾ കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യുകയാണ് മിഷന്റെ ഉദ്ദേശ്യം. ഉത്പാദനം, സംസ്ക്കരണം, വിളവെടുപ്പാനന്തര പരിപാലനം, വിപണനം എന്നീ മേഖലകളെ സമഗ്രമായി സംയോജിപ്പിക്കേണ്ടത് അനിവാര്യമാണ്. നല്ല ചെടികളുടെ ഉത്പാദനം, ഉപയോഗം, സംസ്കരണം, നിലവാര പരിശോധന സാക്ഷ്യപ്പെടുത്തൽ, സംഭരണം , വിപണനം എന്നിവയുടെ ഏകീകരണത്തിലൂടെ ആയുഷ് വ്യവസായങ്ങൾക്കാവശ്യമുള്ള ഔഷധസസ്യങ്ങളുടെ ലഭ്യതയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ കയറ്റുമതിയും സാധ്യമാക്കേണ്ടതുണ്ട്.

വിളവെടുപ്പാനന്തര പരിപാലനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ഉണക്കുപുരകൾ: ശുചിത്വത്തോടുകൂടി ഔഷധ സസ്യങ്ങൾ ഉണക്കുവാൻ ഉണക്കുപുരകൾ ആവശ്യമാണ്. ഔഷധസസ്യങ്ങളുടെ വൃത്തിയാക്കലും തരംതിരിവും അവയുടെ കൃത്യതയാർന്ന ഉണക്കലും സംയോജിപ്പിച്ചുള്ള പ്രവർത്തനരീതികൊണ്ടുമാത്രമേ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനും തത്ഫലമായി മികച്ച വിപണന മൂല്യം നേടുവാനും കഴിയൂ.

സംഭരണ ഗോഡൗണുകൾ: ഉണക്കുതറകളിൽ നിന്നും കൊണ്ടു വരുന്ന ഉത്പന്നങ്ങൾ സംഭരിക്കാനായി സമീപസ്ഥലങ്ങളിൽ തന്നെ സംഭരണ ഗോഡൗണുകൾ സ്ഥാപിക്കേണ്ടതുണ്ട്. ആവശ്യമായ സൂര്യപ്രകാശം കടക്കുന്ന തന്ത്രപ്രധാന സ്ഥലങ്ങളിലായിരിക്കണം പ്രത്യേക ഗോഡൗണുകൾ. പദ്ധതി പ്രദേശങ്ങളിൽ നിന്നും കൃഷിയിടങ്ങളിൽ നിന്നും ഏറെ അകലമില്ലാത്ത സ്ഥലത്തായിരിക്കണം സംഭരണ ശാലകളും ഉണക്കുതറകളും സ്ഥാപിക്കേണ്ടത്.

ഔഷധസസ്യങ്ങളുടെ സംസ്ക്കരണം ലക്ഷ്യമാക്കി സംസ്ക്കരണയൂണിറ്റുകളുടെ നിർമ്മാണം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി, റോഡ്, റെയിൽ, തുറമുഖം എന്നീ അടിസ്ഥാന സൗകര്യമുള്ള വ്യവസായ മേഖലകളിൽ ഇത്തരത്തിലുള്ള സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ് അഭികാമ്യം.

അടിസ്ഥാന യോഗ്യത

സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ, ഫെഡറേഷനുകൾ, സഹകരണ സംഘങ്ങൾ, കുറഞ്ഞ മൂന്ന് വർഷമെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തന പരിചയമുള്ളതും അംഗീകരിക്കപ്പെട്ടതുമായ ഗവേഷണ വികസന യൂണിറ്റുകളുള്ള വ്യവസായങ്ങൾ, യൂണിവേഴ്സിറ്റികൾ.

സംസ്ക്കരണ സൗകര്യങ്ങൾക്കുള്ള ധനസഹായം

ഡിസ്റ്റിലേഷൻ, സോൾവന്റ്, എക്സ്ട്രാക്ഷൻ തുടങ്ങിയ മൂല്യവർദ്ധനവിനും സംസ്ക്കരണത്തിനും ആവശ്യമായി വരുന്ന അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് പ്രോജക്ടിന്റെ 25% എന്ന പരിധിക്കു വിധേയമായി പരമാവധി 50 ലക്ഷം രൂപ പ്രവർത്തിപൂർത്തിയാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നി

വയുടെ ആഭിമുഖ്യത്തിൽ കൃഷിക്കനുബന്ധമായി വരുന്ന സംഭരണ ഗോഡൗണുകൾ, ഉണക്കുപുരകൾ എന്നിവയുടെ നിർമ്മാണത്തിന് 5 ലക്ഷമെന്ന പരിധിക്കു വിധേയമായി 100% ധനസഹായം അനുവദിക്കുന്നതാണ്. സ്വകാര്യ വ്യക്തികൾക്കും സംരംഭകർക്കും പ്രസ്തുത ധനസഹായം 50%മായി പരിമിതപ്പെടുത്തിയിരിക്കുന്നു. സഹകരണ സംഘങ്ങൾ, ട്രസ്റ്റുകൾ, കോർപ്പറേറ്റുകൾ, PSU കൾ മുതലായ ബാങ്ക് ധനസഹായം ഉള്ളതും കുറ്റമറ്റ സാമ്പത്തിക സുസ്ഥിരതയുള്ളതുമായ സ്ഥാപനങ്ങൾക്ക് ക്രെഡിറ്റ് സൗകര്യ വേണമെന്ന നിബന്ധന ഇളവുചെയ്യാവുന്നതാണ്.

ഔഷധ സസ്യ മിഷന്റെ ധനസഹായത്തോടുകൂടി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ ഡോ. കൃഷ്ണൻകുട്ടി നായരുടെ മേൽനോട്ടത്തിൽ ഒരു സംഭരണശാല പ്രവർത്തിക്കുന്നു. ഇതിനായി മിഷൻ 2.5 ലക്ഷം രൂപ ധനസഹായം നൽകി.

ദേശീയ ഔഷധ സസ്യ മിഷന്റെ 2011-12ലെ മാർഗ്ഗരേഖ പ്രകാരം ഔഷധ സസ്യ സംസ്ക്കരണം, വിളവെടുപ്പാനന്തര പരിപാലനം, വിപണനം എന്നിവയ്ക്കായി ഒരു SPV (Special Purpose Vehicle) രൂപികരിക്കേണ്ടതുണ്ട്. ഒരു SPV-ൽ കുറഞ്ഞത് പത്ത് കമ്പനികൾ/ഫെഡറേഷനുകൾ/ഉദ്യമങ്ങൾ/പ്രസ്തുതമേഖലയിൽ പ്രവർത്തന പരിചയമുള്ള സഹകരണസംഘങ്ങൾ എന്നിവ ഉണ്ടായിരിക്കണം. SPV-ക്ക് രണ്ട് ഏക്കറിൽ കുറയാത്ത സ്ഥലം ഒരു വ്യാവസായിക എസ്റ്റേറ്റിലോ/പാർക്കിലോ/മേഖലയിലോ വേണം. കൂടാതെ പണമടച്ചു ഉപയോഗിക്കാവുന്ന പൊതു ലബോറട്ടറി സൗകര്യവും ഉണ്ടായിരിക്കണം. SPV-ക്ക് പൊതുവായ ഒരു ബാങ്ക് അക്കൗണ്ട് വേണം. SPV-യുടെ മൂലധനമായി എല്ലാ പങ്കാളികളും 5 ലക്ഷം രൂപ വീതം നിക്ഷേപിക്കേണ്ടതാണ്.

മറ്റു കാർഷിക മേഖലകൾ ഉപജീവന മാർഗ്ഗമായി തെരഞ്ഞെടുത്തിരിക്കുന്ന കർഷകർക്ക് മികച്ച ഒരു വരുമാന മാർഗ്ഗമെന്ന നിലയിൽ ഔഷധസസ്യകൃഷിയെ പരിചയപ്പെടുത്തുകയും കൂടുതൽ സംരംഭകരെ ഈ മേഖലയിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യാൻ മിഷൻ ലക്ഷ്യമിടുന്നു. മേൽപറഞ്ഞ സൗകര്യങ്ങളുടെ ഏകീകരണം, മെച്ചപ്പെടുത്തൽ വഴി കർഷകർക്ക് മികച്ചവരുമാനം കണ്ടെത്തി കൊടുക്കുവാൻ കഴിയുന്നതായിരിക്കും. വ്യാപകമായ കൃഷിരീതികളിലൂടെ ഔഷധസസ്യങ്ങളുടെ ലഭ്യത ഉറപ്പാക്കുക വഴി വന സമ്പത്ത് ചൂഷണം ചെയ്യുന്നത് കുറയ്ക്കുവാനും ഒരു പരിധി വരെ വന നശീകരണം തടയുവാനും സാധിക്കും.■

ഹോർട്ടികൾച്ചർ സ്പെഷ്യൽ

പുഷ്പ കർഷകർക്ക് ഒരു കൈതാങ്ങ്

പുതിയ സംസ്കാരവും മാറിയ ജീവിത സാഹചര്യങ്ങളും കേരളത്തിൽ പൂന്തോട്ടത്തിന്റെയും പുഷ്പാലങ്കാരത്തിന്റെയും പ്രസക്തി വർദ്ധിപ്പിച്ചിരിക്കുന്നു. പുഷ്പങ്ങളുടെ ഏറി വരുന്ന ആവശ്യകത കേരളത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിക്കുള്ള വൻ സാദ്ധ്യതയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇതു കൂടാതെ കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും പുഷ്പകൃഷിക്ക് അനുയോജ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു. വീട്ടു മുറ്റത്തൊരു അലങ്കാരം എന്നതിലുപരി വരുമാന മാർഗ്ഗവും തൊഴിലവസരവും നൽകുന്നൊരു മേഖലയായി പുഷ്പകൃഷിയെ വീട്ടമ്മമാരും സാധാരണക്കാരും തെരഞ്ഞെടുക്കാൻ തുടങ്ങിയിരിക്കുന്നു.

പൂക്കൾക്കായി നാം തമിഴ്നാട്, കർണ്ണാടക തുടങ്ങിയ അന്യ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം നാം വാണിജ്യാടിസ്ഥാനത്തിൽ പുഷ്പകൃഷിക്ക് ആരംഭം കുറിക്കുന്നതേയുള്ളൂ.

വാണിജ്യാടിസ്ഥാനത്തിൽ പുഷ്പ കൃഷി ചെയ്യുമ്പോൾ വിപണിയുടെ ആവശ്യകത കണക്കിലെടുത്ത് മെച്ചപ്പെട്ടയിനങ്ങൾ കൃഷി ചെയ്യേണ്ടതുണ്ട്. ലാഭം മുന്നിൽ കണ്ടുകൊണ്ടുള്ള പുഷ്പകൃഷിയിൽ വൈവിദ്ധ്യത്തേക്കാൾ ഏറെ ഒരേ ഇനത്തിൽപ്പെട്ട ഗുണമേന്മയേറിയ പുഷ്പങ്ങൾ കൃഷി ചെയ്യുന്നതാണ് അഭികാമ്യം.

പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പുതിയ കൃഷിയിടങ്ങളിലേക്ക് പുഷ്പകൃഷി വ്യാപിപ്പിക്കൽ, സംരക്ഷിത കൃഷി, നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായിട്ടുള്ള നഴ്സറികൾ, വിളവെടുപ്പാനന്തര പരിപാലനം, വിപണനം തുടങ്ങിയ ഘടകങ്ങൾക്കെല്ലാം പ്രത്യേകം ധനസഹായം നൽകിവരുന്നു.

പുതിയ കൃഷിയിടങ്ങളിലേക്ക് പുഷ്പകൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷി ചെലവിന്റെ 50 ശതമാനം സബ്സിഡി എന്ന നിരക്കിൽ ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ പുഷ്പങ്ങൾ കൃഷി ചെയ്യുന്നതിന് ചെടി ഒന്നിന് പരമാവധി 35/- രൂപയും; വാടാമല്ലി, ജമന്തി, മുല്ല തുടങ്ങിയ ലൂസ് ഫ്ളവേഴ്സ് കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് പരമാവധി 12,000/- രൂപയും ധനസഹായമായി നൽകുന്നുണ്ട്. മേൽപ്പറഞ്ഞ ധനസഹായം ലഭിക്കുന്നതിനായി ഒരു ചെറുകിട നാമമാത്ര കർഷകന്റെ കൃഷിയിടത്തിന് അനുവദിച്ചിട്ടുള്ള പരമാവധി വിസ്തീർണം രണ്ട് ഹെക്ടറാണ്.

സ്ഥല പരിമിതിയുള്ള നഗരങ്ങളിൽ പോലും വീടിന്റെ ടെറസ്സുകളിൽ തണൽ വലകൾ, ഗ്രീൻ ഹൗസുകൾ തുടങ്ങിയ രീതികളിലൂടെ പുഷ്പകൃഷി ചെയ്യാവുന്നതാണ്. സംരക്ഷിത കൃഷിയിലൂടെ വർഷം മുഴുവൻ ഏതു തരം പുഷ്പവും ഉത്പാദിപ്പിക്കാൻ കഴിയും.

ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം സംരക്ഷിത കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഗ്രീൻഹൗസ്, തണൽ വലകൾ എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു. പുഷ്പകൃഷി സംരക്ഷണത്തിന് വേണ്ടിയുള്ള തണൽ വലകൾ സ്ഥാപിക്കുന്നതിന് ട്യൂബുലർ സ്ട്രക്ചറിന് ചതുരശ്രമീറ്ററിന് മൊത്തം ചെലവിന്റെ 50 ശതമാനമായ 300 രൂപയും വുഡൻ സ്ട്രക്ച്ചറിന് ചതുരശ്രമീറ്ററിന് മൊത്തം ചെലവിന്റെ 50 ശതമാനമായ 205 രൂപയും ധനസഹായം നൽകുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ 2000 ചതുരശ്രമീറ്റർ ട്യൂബുലാർ സ്ട്രക്ച്ചറിനും 500 ചതുരശ്രമീറ്റർ വുഡൻ സ്ട്രക്ച്ചറിനും അനുമതി ലഭിച്ചിട്ടുണ്ട്. ഫാൻ & പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻ ഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് മൊത്തം ചെലവിന്റെ 50 ശതമാനമായ 732 രൂപ ധനസഹായം നൽകുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ 30000 ചതുരശ്രമീറ്റർ ഫാൻ & പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻ ഹൗസ് നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

കൂടാതെ പോളീ ഹൗസ്/തണൽ വലകൾ എന്നിവയിൽ കൃഷി ചെയ്യുന്ന പുഷ്പങ്ങളുടെ നടീൽ വസ്തുകൾക്ക് ധനസഹായം നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ചതുരശ്രമീ

വാണിജ്യാടിസ്ഥാനത്തിൽ പുഷ്പ കൃഷി ചെയ്യുമ്പോൾ വിപണിയുടെ ആവശ്യകത കണക്കിലെടുത്ത് മെച്ചപ്പെട്ടയിനങ്ങൾ കൃഷി ചെയ്യേണ്ടതുണ്ട്. ലാഭം മുന്നിൽ കണ്ടുകൊണ്ടുള്ള പുഷ്പകൃഷിയിൽ വൈവിദ്ധ്യത്തേക്കാൾ ഏറെ ഒരേ ഇനത്തിൽപ്പെട്ട ഗുണമേന്മയേറിയ പുഷ്പങ്ങൾ കൃഷി ചെയ്യുന്നതാണ് അഭികാമ്യം.



റ്ററിന് 250 രൂപ നിരക്കിൽ 2000ചതുരശ്രമീറ്ററിന് 5 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

സംരക്ഷിത കൃഷി സാങ്കേതിക വിദ്യ ഉപയോഗിച്ച് കട്ട്ഫ്ളവർ കൃഷി ചെയ്യുന്നതിന് 6.15 കോടി രൂപയുടെ പദ്ധതി RKVY-ൽ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ട്യൂബുലാർ സ്ട്രക്ച്ചറിലുള്ള ഗ്രീൻഹൗസ് നിർമ്മാണം, കമ്മ്യൂണിറ്റി നഴ്സറി സ്ഥാപിക്കൽ, മാനവവിഭവശേഷി വികസനം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഘടകങ്ങൾ. ട്യൂബുലാർ സ്ട്രക്ച്ചറിലുള്ള ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് 467.5 രൂപ നിരക്കിൽ ഒരു ലക്ഷം ചതുരശ്രമീറ്ററിന് 4.675 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 20 യൂണിറ്റ് കമ്മ്യൂണിറ്റി നഴ്സറി സ്ഥാപിക്കുന്നതിന് 4 ലക്ഷം രൂപ നിരക്കിൽ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംരക്ഷിത കൃഷിയുടെ സാങ്കേതികവിദ്യയെക്കുറിച്ച് കർഷകർക്കും ഫീൽഡുതല ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിന് മാനവവിഭവശേഷി വികസനത്തിൽ ഉൾപ്പെടുത്തി 67.55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്നതാണ്.

പുഷ്പങ്ങളുടെ ഉത്പാദനത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ നഴ്സറി സംരംഭങ്ങൾ, അലങ്കാര ചെടികളുടെ വിപണനം തുടങ്ങിയ മേഖലയിലേക്കു കൂടി പുഷ്പ കർഷകർ മുന്നിട്ടിറങ്ങേണ്ടതുണ്ട്. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഹോർട്ടികൾച്ചർ വിളകളുടെ കൃഷി വികസനത്തിനുള്ള നിർണ്ണായക ഘടകമാണ്.

നടീൽ വസ്തുക്കളുടെ അധികരിച്ചു വരുന്ന ആവശ്യകത നേരിടുന്നതിനും ഗുണനിലവാരമുള്ള വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉൽപ്പാദനത്തിനും വിതരണത്തിനുമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ പുതിയ നഴ്സറികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകി വരുന്നു.

4 ഹെക്ടർ വിസ്തൃതിയുള്ള ഒരു മാതൃകാനഴ്സറിയുടെ ചെലവിന്റെ 50 ശതമാനം ധനസഹായമായി പരമാവധി 12.5 ലക്ഷം രൂപ വരെ നൽകും. ഇങ്ങനെ നിർമ്മിച്ച മാതൃകാ നഴ്സറികൾ പ്രതിവർഷം 4 ലക്ഷം ചെടികൾ ഉത്പാദിപ്പിക്കേണ്ടതാണ്.

ഒരു ഹെക്ടർ വിസ്തൃതിയുള്ള ചെറുകിട നഴ്സറികളിൽ 60,000 മുതൽ 80,000 വരെ ചെടികൾ ഉത്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. ചെറുകിട നഴ്സറി ഒന്നിന് ചെലവിന്റെ 50 ശതമാനം ധനസഹായമായി പരമാവധി 3.125 ലക്ഷം രൂപ നൽകുന്നുണ്ട്.

പുഷ്പകൃഷിയിൽ ഡ്രിപ്പ്, സ്പ്രിംഗ്ളർ, ജലസേചനരീതികൾ അത്യന്താപേക്ഷിതമാണ്. ഈ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഫണ്ടുകൾ മൈക്രോ ജലസേചനം സംബന്ധിച്ചുള്ള ഒരു പ്രത്യേക പദ്ധതിയിലൂടെ അനുവദിക്കുന്നതാണ്.

പുഷ്പങ്ങൾ സംഭരിക്കുന്നതിനും തരം തിരിക്കുന്നതിനും പായ്ക്കിംഗിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മാർക്കറ്റുകളിൽ ഒരുക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 40 മുതൽ 55ശതമാനം വരെ ധനസഹായം നൽകും. പായ്ക്ക് ഹൗസുകൾ നിർമ്മിക്കുന്നതിന് മൊത്തം ചെലവിന്റെ 50 ശതമാനമായ 1.5ലക്ഷം രൂപ ധനസഹായമായി നൽകുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ എല്ലാം നടപ്പാക്കുന്നതിനായി പൊതു മേഖലാ സ്ഥാപനങ്ങൾക്ക് 100 ശതമാനം ധനസഹായമാണ് നൽകുന്നത്.

നിലവിലുള്ള പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് വഴി പുഷ്പകൃഷി ആദായം ലഭിക്കുന്ന ഒരു ഉപജീവനമാർഗമായി മാറ്റാൻ സാധിക്കും. തൽഫലമായി പുഷ്പങ്ങൾക്ക് വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നതും അതു വഴി നമ്മുടെ സംസ്ഥാനത്ത് നിന്നും പുറത്തേക്കുള്ള സാമ്പത്തിക ഒഴുക്ക് ഒരു പരിധി വരെ തടയാനും സാധിക്കും.■

ഹോർട്ടികൾച്ചർ സ്പെഷ്യൽ



തേനീച്ച വളർത്തൽ കാർഷികാഭിവൃദ്ധിക്ക്

ഭക്ഷ്യസുരക്ഷയും കാർഷികോത്പാദന ക്ഷമതയും പരമാവധി വർദ്ധിപ്പിക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും തേനീച്ചയെ ഒരു മുഖ്യോപാധിയായി വിനിയോഗിക്കാവുന്നതാണ്. തേനീച്ചകൾ നടത്തുന്ന പരാഗണം വഴി 20 മുതൽ 40 ശതമാനം വരെ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നു എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് തേനീച്ചകൃഷി ഒഴിച്ചുകൂടാനാവാത്തതാണ്. ഈ തത്വം കണക്കിലെടുത്താണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ 'തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ' എന്ന ഘടകം ഉൾപ്പെടുത്തിയിരിക്കുന്നത്.

'ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ എന്ന പദ്ധതിയുടെ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി 'ഹോർട്ടി കോർപ്പ് എന്ന നോഡൽ ഏജൻസി മുഖാന്തരമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ തേനീച്ച വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം ന്യൂക്ലിയസ് സ്റ്റോക്കിന്റെ ഉത്പാദനവും തേനീച്ചക്കൂട്ടങ്ങളുടെയും തേനീച്ചകൂടുകളുടെയും ഉപകരണങ്ങളുടെയും വിതരണം, ബീ ബ്രീഡർമാർക്കുള്ള സഹായം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

ന്യൂക്ലിയസ് സ്റ്റോക്കിന്റെ വികസനവും ഉത്പാദനവും

ഈ ഘടകത്തിൽ തെരഞ്ഞെടുക്കപ്പെട്ട തേനീച്ചവർഗ്ഗങ്ങളുടെ (Apis cerana and Apis mellifera) ന്യൂക്ലീയസ് സ്റ്റോക്ക് വികസിപ്പിക്കുന്നതിന് ആൾ ഇന്ത്യാ കോ- ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്ട് കേന്ദ്രത്തെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടുകൾ തങ്ങളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളെയും അവയിൽ പരിഹരിക്കേണ്ടതായുള്ള ന്യൂനതകളെയും സംബന്ധിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതും അതനുസരിച്ച് പരമാവധി 10 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി പദ്ധതിയടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതുമാണ്.

ബീ ബ്രീഡർമാർക്കുള്ള സഹായം

കോർപ്പറേറ്റ്/സ്വകാര്യമേഖലയിൽ നിന്നുള്ള തേനീച്ച വളർത്തുകാർ SDA യിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതും സാങ്കേതിക വൈദഗ്ധ്യം, യോഗ്യരായ ജീവനക്കാരുടെ ലഭ്യത, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി അവരിൽ നിന്നും യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതുമാണ്. ഇങ്ങനെ പേര് രജിസ്റ്റർ ചെയ്ത തേനീച്ച വളർത്തുകാർക്ക് പ്രധാനമായും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി വളർത്തുകാരൻ ഒന്നിന് 3 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി ആവശ്യമായ അധിക സൗകര്യങ്ങളുടെ ചെലവിന്റെ പരമാവധി 50 ശതമാനം ഗ്രാന്റ്-ഇൻ-എയ്ഡ് രൂപത്തിൽ നൽകുന്നതായിരിക്കും. ഓരോ തേനീച്ച വളർത്തുകാരനും വരുന്ന അഞ്ചു വർഷക്കാലത്തേക്ക് പ്രതിവർഷം ഏറ്റവും കുറഞ്ഞത് 3000 കൂടുകൾ എങ്കിലും പെരുക്കേണ്ടതും ഉത്പാദിപ്പിക്കേണ്ടതുമാണ്. എന്നിരുന്നാലും, ഒരു തേനീച്ച വളർത്തുകാരന് മേൽപ്പറഞ്ഞ ലക്ഷ്യം നേടാൻ കഴിയാതെ വരികയാണെങ്കിൽ, ധനസഹായം ആനുപാതികമായി കുറയ്ക്കാനുള്ള സമുചിത നടപടികൾ എസ്.ഡി.എ. സ്വീകരിക്കുന്നതായിരിക്കും.

തേനീച്ചക്കൂട്ടങ്ങളുടെയും തേനീച്ചകൂടുകളുടെയും ഉപകരണങ്ങളുടെയും വിതരണം

ഈ ഘടകത്തിൽ മുകളിൽ പറഞ്ഞ വിധം തിരഞ്ഞെടുക്കപ്പെട്ട തേനീച്ച കർഷകർ ഉത്പാദിപ്പിച്ച ഏറ്റവും മുന്തിയതരം തേനീച്ചക്കൂടുകളായിരിക്കും കൃഷിക്കാർക്ക് / തേനീച്ച വളർത്തുകാർക്ക് വിതരണം ചെയ്യുക. ഏറ്റവും മുന്തിയ തരത്തിലുള്ള തേനീച്ച കൂഞ്ഞുങ്ങളുടെ വില്പന പ്രോത്സാഹിപ്പിക്കുന്നതിനായി, നാലു ചട്ടങ്ങളുള്ള ഒരു തേനീച്ച കോളനി സ്ഥാപിക്കുന്നതിന് പരമാവധി 175 രൂപയും തേനീച്ചപ്പെട്ടി വാങ്ങുന്നതിന് 175 രൂപയും ഉപകരണങ്ങളുടെ ഒരു സെറ്റിന് 275 രൂപയും തേനീച്ച കർഷകർക്ക് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായം നൽകുന്നു. ഓരോ ഗുണഭോക്താവിനും 5 കൂടുകൾക്ക് ധനസഹായം ലഭിക്കുന്നതാണ്. തേനീച്ചക്കൂടുകൾ വിതരണം ചെയ്യുമ്പോൾ, തേനീച്ച വളർത്തലിൽ പരിശീലനം പൂർത്തിയാക്കിയ കർഷകർക്ക്/തേനീച്ച വളർത്തുകാർക്ക് മുൻഗണന നൽകുന്നതാണ്.

ഭക്ഷ്യോത്പാദന രംഗത്ത് വൻഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് കാർഷിക മേഖലയുടെ നിലനിൽപ്പിനും അഭിവൃദ്ധിക്കും ഒഴിച്ചുകൂടാനാവാത്ത തേനീച്ച കൃഷിയെ സംരക്ഷിക്കേണ്ടത് ഭാവിതലമുറയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.■

മട്ടുപ്പാവിലെ പച്ചക്കറി കൃഷി

ഹോർട്ടികൾച്ചർ സ്പെഷ്യൽ

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി നമ്മുടെ കൃഷിയിടങ്ങളിൽ അനുവർത്തിക്കുന്ന അമിതമായ രാസവളപ്രയോഗവും കീടനാശിനികളുടെ ഉപയോഗവും മനുഷ്യരിലും മൃഗങ്ങളിലും ഹാനികരമായ നിരവധി ആര്യോഗ്യപ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. അപകടകരമായ ഈ സ്ഥിതിവിശേഷം വരും തലമുറയുടെ വളർച്ചയെ ബാധിക്കുന്നതിനോടൊപ്പം വിളകളിൽ നിയന്ത്രണാതീതമായ കീടരോഗബാധകളും ഉണ്ടാക്കുന്നു. പ്രകൃതിദത്തമായ മാർഗ്ഗങ്ങൾക്കും പരമ്പരാഗത കൃഷിരീതികൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സുസ്ഥിരമായ ഒരു സമീപനത്തിലൂടെ മാത്രമേ ഈ അവസ്ഥ മറികടക്കാനാവുകയുള്ളൂ.

ഭക്ഷ്യസുരക്ഷയോടൊപ്പം സുരക്ഷിതമായ ഭക്ഷണവും ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഒരു ബൃഹത്പദ്ധതിയാണ് പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന് അറിയപ്പെടുന്ന വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്. വിഷവിമുക്തമായ പച്ചക്കറി പ്രാദേശികമായി ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനും അതോടൊപ്പം തന്നെ ഓരോ കുടുംബവും തങ്ങൾക്കാവശ്യമായ പച്ചക്കറി സ്വന്തമായി കൃഷി ചെയ്യുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

പ്രകൃതിദത്തമായ കൃഷിരീതികളിലൂടെ വിഷവിമുക്തമായ പച്ചക്കറികളുടെ ഉത്പാദനം ലക്ഷ്യമിട്ട് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രസ്തുത പദ്ധതിക്ക് ഏറെ സമകാലിക പ്രസക്തിയുണ്ട്.

ഭക്ഷ്യസുരക്ഷയോടൊപ്പം സുരക്ഷിതമായ ഭക്ഷണവും ഉറപ്പുവരുത്തുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കുന്ന ഈ പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് മട്ടുപ്പാവിലെ പച്ചക്കറികൃഷി.

തിരുവനന്തപുരം നഗരപ്രദേശത്തിലെ കുടുംബങ്ങൾക്ക് കുറഞ്ഞ ചിലവിൽ ആവശ്യാനുസരണം പച്ചക്കറി ലഭ്യമാക്കുവാനായി മട്ടുപ്പാവിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം. ജൈവ കൃഷി മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനാൽ മട്ടുപ്പാവിലെ കൃഷിയിലൂടെ ലഭിക്കുന്ന സുരക്ഷിതമായ പച്ചക്കറികൾ കുടുംബാംഗങ്ങളുടെ ആര്യോഗ്യം മെച്ചപ്പെടുന്നു.

നഗരത്തിലെ വിവിധ റസിഡന്റ്സ് അസോസിയേഷനുകൾ വഴി 15000 വീടുകളിൽ നടപ്പുവർഷം നടപ്പിലാക്കുന്ന പദ്ധതിയിൽ ഓരോ ഗുണഭോക്താവിനും 25 കൃഷി ബാഗുകളിൽ തൈകൾ നട്ടുപിടിപ്പിച്ച് സൗജന്യമായി വിതരണം ചെയ്യുന്നതാണ്. പച്ചക്കറികളുടെ പരിപാലന ചെലവ് ഗുണഭോക്താവ് നേരിട്ട് വഹിക്കേണ്ടതാണ്.

മട്ടുപ്പാവിൽ കൃഷി ഗ്രോബാഗുകൾ ഉപയോഗപ്പെടുത്തി പച്ചക്കറികൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ചില അടിസ്ഥാന കാര്യങ്ങൾ സംക്ഷിപ്തമായി ചേർക്കുന്നു.

വെണ്ട, പയർ, വെള്ളരി വർഗ്ഗവിളകൾ എന്നിവയെല്ലാം നേരിട്ട് വിത്ത് പാകി കൃഷിചെയ്യാവുന്ന വിളകളാണ്. ചീര, തക്കാളി, മുളക്, വഴുതന, കാബേജ്, കോളിഫ്ളവർ, കാപ്സിക്കം എന്നിവ തൈകൾ പറിച്ച് നട്ട് കൃഷി ചെയ്യാവുന്ന ഇനങ്ങളാണ്. ചട്ടികളിലോ തടങ്ങളിലോ പ്ലാസ്റ്റിക് ട്രേകളിലോ തൈകൾ തയ്യാറാക്കാം. പ്രോട്രേകളിൽ ചകിരിച്ചോറും കമ്പോസ്റ്റും തുല്യയളവിൽ കൂടിചർന്ന മിശ്രതം നിറച്ച് വിത്ത് പാകാവുന്നതാണ്. മണ്ണിലാണ് വിത്ത് പാകുന്നതെങ്കിൽ മണൽ, മേൽമണ്ണ്, ഉണക്കിപ്പൊടിച്ച കമ്പോസ്റ്റ്/ചാണകം എന്നിവ തുല്യ അളവിൽ എടുത്ത് കൂട്ടിച്ചേർത്ത് മിശ്രിതം തയ്യാറാക്കണം നടുന്നതിന് മുമ്പ് 10 ഗ്രാം സ്യൂഡോമോണസ് ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ എടുത്ത് തടം കുതിർക്കണം. ധാരാളം സൂര്യപ്രകാശം കിട്ടുന്ന സ്ഥലത്താണ് പച്ചക്കറി കൃഷി ചെയ്യേണ്ടത്. വിത്ത് നട്ട് 21–42 ദിവസങ്ങൾക്കുള്ളിൽ തൈകൾ പറിച്ച് നടാൻ പാകത്തിലാകും. കൃഷി ഗ്രോബാഗുകളിൽ മണ്ണ്, മണൽ, കാമ്പോസ്റ്റ്/ചാണകം എന്നിവ തുല്യ അനുപാതത്തിൽ ചേർത്തെടുക്കുന്ന പോട്ടിംഗ് മിശ്രിതം നിറച്ചുവേണം പച്ചക്കറി വിളകളുടെ വിത്തോ തൈയോ നടേണ്ടത്. ഇഷ്ടികകൾ വെച്ച് അതിനു മുകളിലാണ് കൃഷി ഗ്രോബാഗ് സ്ഥാപിക്കേണ്ടത്. ആവശ്യാനുസരണം രാവിലെയും വൈകിട്ടും ജലസേചനം നടത്തുക. തൈകൾ നാലില പ്രായമാകുമ്പോൾ 20 മില്ലി ലിറ്റർ സ്യൂഡോമോണസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചുവട്ടിൽ ഒഴിക്കുക. ഓരോ പത്ത് ദിവസം കൂടുമ്പോഴും മണ്ണിര കമ്പോസ്റ്റ് വിളകളുടെ ചുവട്ടിൽ ഇട്ടുകൊടുക്കേണ്ടതാണ്. തൈ നട്ട് 7–10 ദിവസം കഴിയുമ്പോൾ ഏതെങ്കിലും ജൈവ കീടനാശിനി മുൻകരുതൽ നടപടി എന്ന നിലയിൽ തളിച്ചു കൊടുക്കുക. കീടരോഗ ബാധകൾ ഉണ്ടാകുകയാണെങ്കിൽ മറ്റ് ജൈവ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. വിളവെടുക്കുമ്പോൾ ചെടിക്ക് ക്ഷതം സംഭവിക്കാതെ ശ്രദ്ധിക്കുക. മൂർച്ചയുള്ള കത്തികൊണ്ട് കായ്കൾ വേർപെടുത്തുക. മൂന്ന് വർഷത്തോളം ഒരേ കൃഷി ഗ്രോബാഗ് ഉപയോഗിക്കുവാൻ കഴിയും. ഓരോ വിളകഴിയുമ്പോഴും മണ്ണിളക്കി ജൈവവളം ചേർത്ത് വെയിൽ കൊള്ളിച്ചതിന് ശേഷം അടുത്ത വിള നടുക.

രാസകീടനാശിനി പ്രയോഗം ഏറ്റവും അധികം ഹാനികരമായി തീരുന്നത് അത് ഹ്രസ്വകാലവിളകളായ പച്ചക്കറികളിൽ പ്രയോഗിക്കുമ്പോഴാണ്. നമ്മുടെ മട്ടുപ്പാവുകളിൽ അപായ രഹിതവും ചെലവ് കുറഞ്ഞതുമായ ജൈവ പച്ചക്കറി കൃഷി അനുവർത്തിക്കുന്നത് വഴി മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്ന തരത്തിൽ ഗുണനിലവാരമുള്ള വിഷയവിമുക്തമായ പച്ചക്കറികൾ ഉത്പാദിപ്പിക്കുവാനും അവയുടെ ഉത്പാദനക്ഷമത ഉയർത്തുവാനും നിലനിർത്തുവാനും കഴിയും. കർഷകർ, വീട്ടമ്മമാർ, കൃഷി ഉദ്യോഗസ്ഥർ, പദ്ധതി വിജയത്തിനായി പ്രവർത്തിക്കുന്നവർ എന്നിവരുടെ കൂട്ടായ്മ ഈ സംരംഭത്തെ വിജയിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല.■

ഭക്ഷ്യസുരക്ഷയോടൊപ്പം സുരക്ഷിതമായ ഭക്ഷണവും ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഒരു ബൃഹത്പദ്ധതിയാണ് പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന് അറിയപ്പെടുന്ന വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്. വിഷവിമുക്തമായ പച്ചക്കറി പ്രാദേശികമായി ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനും അതോടൊപ്പം തന്നെ ഓരോ കുടുംബവും തങ്ങൾക്കാവശ്യമായ പച്ചക്കറി സ്വന്തമായി കൃഷി ചെയ്യുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

രാസകീടനാശിനി പ്രയോഗം ഏറ്റവും അധികം ഹാനികരമായി തീരുന്നത് അത് ഹ്രസ്വകാലവിളകളായ പച്ചക്കറികളിൽ പ്രയോഗിക്കുമ്പോഴാണ്. നമ്മുടെ മട്ടുപ്പാവുകളിൽ അപായ രഹിതവും ചെലവ് കുറഞ്ഞതുമായ ജൈവ പച്ചക്കറി കൃഷി അനുവർത്തിക്കുന്നത് വഴി മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്ന തരത്തിലുള്ളതുമായ ഗുണനിലവാരമുള്ള വിഷയവിമുക്തമായ പച്ചക്കറികൾ ഉത്പാദിപ്പിക്കുവാനും അവയുടെ ഉത്പാദനക്ഷമത ഉയർത്തുവാനും നിലനിർത്തുവാനും കഴിയും.

ജൈവകൃഷി

സുസ്ഥിരതയ്ക്ക്

കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ലോകമെമ്പാടും സ്വീകരിച്ച നടപടികളിൽ പ്രധാനപ്പെട്ടത് അത്യുത്പാദനശേഷിയുള്ള ഇനങ്ങളുടെ ഉപയോഗവും ഉയർന്ന തോതിലുള്ള രാസവള പ്രയോഗവുമായിരുന്നു. അങ്ങനെ രാസവളങ്ങളും രാസകീടനാശിനികളും വ്യാപകമായി ഉപയോഗിച്ചതിന്റെ ഫലമായി മണ്ണിന്റെ ആരോഗ്യം നശിക്കുകയും ജലം, വായു എന്നിവ മലിനപ്പെട്ട് വിവിധ പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു. മാത്രമല്ല രാസവസ്തുക്കൾ ഉപയോഗിച്ച കാർഷികോത്പന്നങ്ങളിൽ വിഷാംശം കണ്ടെത്തിയത് വികസിത രാജ്യങ്ങളിൽ ആരോഗ്യപ്രശ്നത്തിന് കാരണമാവുകയും ചെയ്തു. അതേതുടർന്ന് രാസവളങ്ങളും രാസകീടനാശിനികളും ഒഴിവാക്കികൊണ്ടുള്ള ജൈവോത്പന്നങ്ങൾക്ക് ആഗോളതലത്തിൽ വൻ ഡിമാന്റ് ഉണ്ടായി. ഈ പശ്ചാത്തലത്തിലാണ് ജൈവകൃഷി രീതിക്ക് പ്രാധാന്യമേറിയത്.

വളങ്ങളും രാസ കീടനാശിനികളും ഒഴിവാക്കിക്കൊണ്ടുള്ളതും വീണ്ടും ഉപയോഗിക്കാവുന്നതുമായ ജൈവ വസ്തുക്കളിലൂടെ പ്രകൃതിയോടിണങ്ങിചേർന്ന് സുസ്ഥിരത സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ചെയ്യുന്ന കൃഷിരീതിയാണ് ജൈവകൃഷി. ജൈവകൃഷിയിടത്തിൽ പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തി ഉത്പാദനം നടത്തുകയാണ് ചെയ്യുന്നത്. ജൈവവളങ്ങൾ, സൂക്ഷ്മജീവി വളങ്ങൾ, മണ്ണിരകമ്പോസ്റ്റ്, സംയോജിത സസ്യ സംരക്ഷണം എന്നിവ ജൈവകൃഷിയുടെ അവിഭാജ്യ ഘടകങ്ങളാണ്. നാട്ടറിവുകൾ ശാസ്ത്രീയമായി ഈ സമ്പ്രദായത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

കേരളത്തിൽ കൃഷി ചെയ്യുന്ന നാണ്യവിളകൾ, സുഗന്ധവ്യഞ്ജന വിളകൾ. പഴ വർഗ്ഗങ്ങൾ, പച്ചക്കറികൾ, ഔഷധ വിളകൾ, പുഷ്പങ്ങൾ തുടങ്ങിയവയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് ദേശീയ ഹോർട്ടികൾച്ചർ മിഷൻ. ഈ പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന സ്ഥാപനമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ കൂടുതലായി കൃഷി ചെയ്യുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഗുണമേന്മയേറിയ നടീൽ വസ്തുക്കളുടെ വിതരണം മുതൽ ഉത്പ്പന്നങ്ങളുടെ വിപണനം വരെയുള്ള വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനാണ് മിഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ ജൈവകൃഷിക്ക് വളരെയധികം പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതാണ്. ജൈവകൃഷി സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ജൈവകൃഷിയെക്കുറിച്ചുള്ള പരിശീലന പരിപാടികൾ തുടങ്ങിയവ വഴി ജൈവകൃഷി പദ്ധതികൾക്ക് പ്രോത്സാഹനവും ആവശ്യമായ സാമ്പത്തിക സഹായവും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നൽകിവരുന്നു.

നടപ്പു വർഷം (2011–12) ഇടുക്കി (500 ഹെക്ടർ) വയനാട് (600 ഹെക്ടർ), കോഴിക്കോട് (150 ഹെക്ടർ), മലപ്പുറം (250 ഹെക്ടർ), എന്നീ ജില്ലകളിലായി ആകെ 1500 ഹെക്ടർ ജൈവകൃഷിക്കും സർട്ടിഫിക്കേഷനും വേണ്ടി അനുവദിച്ചിട്ടുണ്ട്. സർക്കാരിതര സ്ഥാപനങ്ങളായ അടിമാലിയിലെ ഹോപ്സ് (HOPS), വയനാടിലെ വോക്സ് (WOACS), തൊടുപുഴയിലെ കാഡ്സ് (KADS) മുതലായവ മുഖേനയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

രാസവളങ്ങൾ ഉപയോഗിച്ചുള്ള കൃഷിയിൽ നിന്നും ജൈവ കൃഷിയിലേക്ക് മാറുന്ന ആദ്യ വർഷങ്ങളിൽ കർഷകർക്കുണ്ടായേക്കാവുന്ന നഷ്ടം നികത്തുവാൻ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ജൈവകൃഷി അവലംബിക്കുന്നതിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ എന്ന പരിധിക്ക് വിധേയമായി, ഹെക്ടറൊന്നിന് 10,000/– രൂപ നിരക്കിൽ അധിക ധനസഹായം നൽകും. പച്ചക്കറിയിനങ്ങളുടെ ജൈവ കൃഷിയാകട്ടെ, ഈ ധനസഹായം ഹെക്ടറൊന്നിന് പരമാവധി 10,000/– രൂപയായിരിക്കും. ഇതിനു പുറമേ 50 ഹെക്ടർ വിസ്തൃതിയിലുള്ള ഒരു പ്രദേശത്തെ കർഷക സംഘത്തിന് സംസ്ഥാന സർക്കാരിന്റെ ശുപാർശ പ്രകാരം, അതതു കേസിന്റെ ഗുണദോഷ വിവേചനം നടത്തി, ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ (NHM) പരമാവധി 5 ലക്ഷം രൂപ വരെ ജൈവപ്രക്രിയ/ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷനുള്ള ധനസഹായം അനുവദിക്കും.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ പുതിയ മാർഗ്ഗരേഖ പ്രകാരം ഹെക്ടറൊന്നിന് 10,000 രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്ന ധനസഹായം 3 ഗഡുക്കളായിട്ടാണ് നൽകുന്നത്. ആദ്യ വർഷം 4000 രൂപയും രണ്ടാമത്തെയും മൂന്നാമത്തെയും വർഷം 3000 രൂപ വീതവും നൽകുന്നതായിരിക്കും. സർട്ടിഫിക്കേഷനുള്ള 5 ലക്ഷം രൂപ ആദ്യ രണ്ട് വർഷങ്ങളിൽ 1.50 ലക്ഷം രൂപ വീതവും മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്നതാണ്.

വളങ്ങളും, രാസ – കീടനാശിനികളും ഒഴിവാക്കിക്കൊണ്ടുള്ളതും വീണ്ടും ഉപയോഗിക്കാവുന്നതുമായ ജൈവ വസ്തുക്കളിലൂടെ പ്രകൃതിയോടിണങ്ങിചേർന്ന് സുസ്ഥിരത സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ചെയ്യുന്ന കൃഷിരീതിയാണ് ജൈവകൃഷി. ജൈവകൃഷിയിടത്തിൽ പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തി ഉത്പാദനം നടത്തുകയാണ് ചെയ്യുന്നത്. ജൈവവളങ്ങൾ, സൂക്ഷ്മജീവി വളങ്ങൾ, മണ്ണിരകമ്പോസ്റ്റ്, സംയോജിത സസ്യ സംരക്ഷണം എന്നിവ ജൈവകൃഷിയുടെ അവിഭാജ്യ ഘടകങ്ങളാണ്. നാട്ടറിവുകൾ ശാസ്ത്രീയമായി ഈ സമ്പ്രദായത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം സർട്ടിഫിക്കേഷനായി തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മാത്രമേ ജൈവകൃഷി അവലംബിക്കാൻ നിർവ്വാഹമുള്ളൂ. ജൈവ സർട്ടിഫിക്കേഷനായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചതിനു ശേഷമേ ജൈവകൃഷിക്കായുള്ള സബ്സിഡികൾ അനുവദിക്കുകയുള്ളൂ.

APEDA-യുടെ അംഗീകാരം നേടിയിട്ടുള്ള ജൈവസർട്ടിഫിക്കേഷൻ ഏജൻസികളായ ഇൻഡോസേർട്ട് (INDOCERT), ലാക്കൺ (LACON) എന്നിവ ഫലപ്രദമായി കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ജൈവവളങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിന് മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് വേണ്ടി മൊത്തം ചെലവിന്റെ 50% ധനസഹായം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കർഷകർക്ക് നൽകുന്നുണ്ട്. 30 അടി നീളവും 8 അടി വീതിയും 2.5 അടി പൊക്കത്തിലുമുള്ള യൂണിറ്റ് ഒന്നിന് പരമാവധി 30,000 രൂപ വരെ നൽകി വരുന്നു. ജൈവ സർട്ടിഫിക്കേഷൻ ഏജൻസികൾ പദ്ധതി നടപ്പാക്കുമ്പോൾ തന്നെ കർഷകർക്ക് യഥാസമയം ജൈവകീടനാശിനികൾ എത്തിച്ചു കൊടുക്കാറുണ്ട്.

കഴിഞ്ഞ നാലുവർഷമായി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ബോധവത്കരണ ക്ലാസുകൾ, ചർച്ചാ ക്ലാസുകൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ സംഘടിപ്പിക്കുന്നുണ്ട്.■



നടീൽ വസ്തുക്കളുടെ ഉത്പാദനം

ഹോർട്ടികൾച്ചർ സ്പെഷ്യൽ

ആലത്തൂരിലെ വി.എഫ്.പി.സി.കെയുടെ വിത്ത് സംസ്കരണ യൂണിറ്റ്

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ് സമൃദ്ധമായ ഹോർട്ടിക്കൾച്ചർ കൃഷി വ്യാപനത്തിന് വിഘാതമായ മുഖ്യകാരണങ്ങളിൽ ഒന്നാണ്. ഇന്നത്തെ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ വെച്ച് ആവശ്യമുള്ള നടീൽ വസ്തുക്കളുടെ 30 മുതൽ 40 ശതമാനം മാത്രമാണ് ഉൽപാദിപ്പിക്കുവാൻ കഴിയുന്നത്. കർഷകർക്ക് രോഗരഹിതമായ നടീൽ വസ്തുക്കൾ ലഭ്യമല്ലാത്തത് ഉത്പാദനക്ഷമതയ്ക്കും ഗുണനിലവാരത്തിനും വ്യക്തമായ പരാധീനതകൾ ഉണ്ടാക്കുന്നുണ്ട്.

നടീൽ വസ്തുക്കളുടെ ഉത്പാദനം ഹോർട്ടിക്കൾച്ചർ കൃഷിയിൽ വളരെ പ്രാധാന്യമേറിയ ഘടകമാണ്. നടീൽ വസ്തുക്കൾ തിരഞ്ഞെടുക്കുമ്പോൾ പല ഗുണനിലവാരങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അതിൽ പ്രധാനപ്പെട്ടത് ചുവടെ ചേർക്കുന്നു.

1. അനുയോജ്യമായ പാരമ്പര്യ ഗുണങ്ങൾ ഉള്ള ഇനങ്ങളാകണം.
2. അനുയോജ്യമായ ബാഹ്യ ലക്ഷണങ്ങൾ, കാലാവസ്ഥയ്ക്കുള്ള സ്വീകാര്യത.
3. ഫലവൃദ്ധിയും സമൃദ്ധമായ പുനരുത്പാദന മേന്മയും.
4. ദൃഢതയും ആരോഗ്യപൂർണ്ണതയും
5. കൃമികീടരഹിതവും കുമിൾ, ബാക്ടീരിയ മുതലായ അണു വിമുക്തവും.

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ് സമൃദ്ധമായ ഹോർട്ടിക്കൾച്ചർ കൃഷി വ്യാപനത്തിന് വിഘാതമായ മുഖ്യകാരണങ്ങളിൽ ഒന്നാണ്. ഇന്നത്തെ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ വെച്ച് ആവശ്യമുള്ള നടീൽ വസ്തുക്കളുടെ 30 മുതൽ 40 ശതമാനം മാത്രമാണ് ഉൽപാദിപ്പിക്കുവാൻ കഴിയുന്നത്. കർഷകർക്ക് രോഗരഹിതമായ നടീൽ വസ്തുക്കൾ ലഭ്യമല്ലാത്തത് ഉത്പാദനക്ഷമതയ്ക്കും ഗുണനിലവാരത്തിനും വ്യക്തമായ പരാധീനതകൾ ഉണ്ടാക്കുന്നുണ്ട്.

നൂതന അട്സ്ഥാന സൗകര്യങ്ങളായ ഹരിതഗൃഹം (ഗ്രീൻ ഹൗസുകൾ) നീരാവി അറകൾ (മിസ്റ്റ് ചേമ്പർ), കാര്യക്ഷമമായ നഴ്സറി ഉപകരണങ്ങൾ, പണിയായുധങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവ നിലവിലുള്ള നഴ്സറികളിൽ ലഭ്യമല്ല, ഉള്ളത് തുലോം കുറവുമാണ്.

പല സ്വകാര്യ നഴ്സറികളും തോട്ടകൃഷിക്ക് വേണ്ട വിത്തുത്പാദനം, നടീൽ വസ്തുക്കളുടെ ഉത്പാദനം എന്നീ പ്രവർത്തനങ്ങളിൽ പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ വംശപാരമ്പര്യം ഏതെന്ന് തിട്ടമില്ലാത്ത തൈകളും നടീൽ വസ്തുക്കളും ഉത്പ്പാദിപ്പിച്ച് അന്യായമായ വിലയ്ക്ക് കർഷകർക്ക് വിൽക്കുന്നു.

ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ വൻതോതിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ താഴെ വിവരിക്കുന്ന പദ്ധതികൾക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുന്നു.

മാതൃകാ നഴ്സറികൾ

നാല് ഹെക്ടർ വിസ്തൃതിയുള്ള മാതൃകാ നഴ്സറി ഒന്നിന് 25 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിരിക്കുന്നു. ഇതനുസരിച്ച് പൊതുമേഖലയിൽ സ്ഥാപിക്കുന്ന മാതൃകാനഴ്സറികൾക്ക് ഓരോന്നിനും പരമാവധി 25 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി 100 ശതമാനം ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. സ്വകാര്യമേഖലയിലുള്ള മാതൃകാ നഴ്സറികൾക്കാവട്ടെ, നഴ്സറിയൊന്നിന് പരമാവധി 12.5 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി ചെലവിന്റെ 50 ശതമാനം ധനസഹായം അനുവദിക്കുന്നതാണ്.

മിഷന്റെ ധനസഹായത്തോടെ നാളിതുവരെ പൊതുമേഖലയിൽ 31-ഉം സ്വകാര്യമേഖലയിൽ 5-ഉം മാതൃകാ നഴ്സറികൾ സ്ഥാപിച്ചിട്ടുണ്ട്.

ചെറുകിട നഴ്സറികൾ

ഒരു ഹെക്ടർ വിസ്തൃതിയുള്ള ചെറുകിട നഴ്സറി ഒന്നിന് 6.25 ലക്ഷം രൂപ ചെലവു വരും. പൊതുമേഖലയിൽ ധനസഹായം 100 ശതമാനവും കർഷകരുടെ സ്ഥലങ്ങളിൽ നഴ്സറി ഒന്നിന് പരമാവധി 3.125 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി 50 ശതമാനവുമായിരിക്കും.

മിഷന്റെ ധനസഹായത്തോടെ നാളിതുവരെ പൊതുമേഖലയിൽ 85-ഉം സ്വകാര്യമേഖലയിൽ 181-ഉം ചെറുകിട നഴ്സറികൾ സ്ഥാപിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ നഴ്സറികളിൽ ഹെക്ടറിന് പരമാവധി 50,000 ചെടികൾ ഉത്പാദിപ്പിക്കേണ്ടതാണ്.

ടിഷ്യുക്കൾച്ചർ യൂണിറ്റുകൾ

നിലവിലുള്ള ടിഷ്യുക്കൾച്ചർ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ/പുനരധിവാസത്തിനായി ധനസഹായം നൽകുന്നതാണ്. പൊതുമേഖലയിൽ ഒരു ടിഷ്യുക്കൾച്ചർ യൂണിറ്റിന് പരമാവധി 15 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി 100 ശതമാനവും, സ്വകാര്യ മേഖലയിൽ യൂണിറ്റൊന്നിന് 7.5 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി ചെലവിന്റെ 50 ശതമാനം ധനസഹായവും നൽകുന്നു. പുതിയ ടിഷ്യൂക്കൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 100 ലക്ഷം എന്ന പരിധിക്ക് വിധേയമായി പദ്ധതി ചെലവിന്റെ 50 ശതമാനം സ്വകാര്യമേഖലയ്ക്കും 100 ശതമാനം പൊതു മേഖലയ്ക്കും ധനസഹായം നൽകുന്നുണ്ട്.

ഒരു ടിഷ്യുകൾച്ചർ യൂണിറ്റിൽ കുറഞ്ഞത് 15 ലക്ഷം ചെടികളെങ്കിലും ഉത്പാദിപ്പിക്കേണ്ടതാണ്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പൊതുമേഖലയിൽ 15-ഉം സ്വകാര്യമേഖലയിൽ 7-ഉം ടിഷ്യുക്കൾച്ചർ യൂണിറ്റുകൾ ശക്തിപ്പെടുത്തുവാനായി ധനസഹായം നൽകിയിട്ടുണ്ട്.

പച്ചക്കറി വിത്തുത്പാദനം

പച്ചക്കറി വിത്തുത്പാദനത്തിനുള്ള ധനസഹായം പൊതുമേഖലയിൽ ഹെക്ടർ ഒന്നിന് 50,000/- രൂപയും സ്വകാര്യ മേഖലയിൽ ഗുണഭോക്താവിന് ഹെക്ടർ ഒന്നിന് 25,000 രൂപ (പരമാവധി 5 ഹെക്ടർ) എന്ന പരിധിക്ക് വിധേയമായി ചെലവിന്റെ 50 ശതമാനവും നല്കുന്നതാണ്. ഇപ്രകാരം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നാളിതുവരെ പൊതുമേഖലയിൽ 228.04 ഹെക്ടർ വിസ്തൃതിയിലും സ്വകാര്യ മേഖലയിൽ 35.52 ഹെക്ടർ വിസ്തൃതിയിലും പച്ചക്കറി വിത്തുത്പാദനത്തിനുള്ള ധനസഹായം നൽകിയിട്ടുണ്ട്.

വിത്തുസംരക്ഷണം സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങൾ

വിത്തുകളുടെ സംഭരണം, പായ്ക്കു ചെയ്യൽ എന്നിവ സുഗമമാക്കുന്നതിനു വേണ്ടി സംഭരണ വീപ്പകൾ, പായ്ക്കിംഗ് യൂണിറ്റ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കാനുള്ള ധനസഹായം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന സംരംഭകർക്ക് ലഭിച്ചു വരുന്നു. വിത്തുസംരക്ഷണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളയ്ക്കും (VFPCK) വെള്ളായണി കാർഷിക സർവ്വകലാശാലയ്ക്കും 125 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിൽ വിജയം നേടിയവരിൽ കൃഷ്ണമൂർത്തിയും ജോണിതോമസും ഉൾപ്പെടുന്നു. കൊല്ലം സ്വദേ

ശിയായ കൃഷ്ണമൂർത്തി സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിയാണ് ടോയോ ബയോടെക് എന്ന ടിഷ്യൂകൾച്ചർ ലബോറട്ടറി ആരംഭിച്ചത്. പ്രതിവർഷം 70ലക്ഷം ടിഷ്യൂകൾച്ചർ തൈകൾ ഉല്പാദിപ്പിക്കുന്നതിൽ 50ലക്ഷം തൈകൾ കയറ്റുമതി ചെയ്യുന്നു. മിഷന്റെ 50 ലക്ഷം രൂപയുടെ സഹായം ഒരു പ്രോത്സാഹനമായി കണ്ടുകൊണ്ട് തികഞ്ഞ സന്തോഷത്തോടെ പുതിയൊരു മാതൃക സൃഷ്ടിക്കുകയാണിവർ.

തൃശൂർ സ്വദേശിയായ ജോണി തോമസിന് പുഷ്പകൃഷിക്കു വേണ്ട 3 ലക്ഷം രൂപയുടെ ധനസഹായമാണ് നൽകിയത്. ജോണിയുടെ പൂന്തോട്ടത്തിൽ ഏകദേശം 3000 ആന്തൂറിയം, 8000 ഹെലിക്കോണിയ, 600 ഓർക്കിഡുകൾ എന്നിവയാണിപ്പോൾ ഉള്ളത്. ■

ഉത്പ്പന്നങ്ങൾ കേടുകൂടാതെ കൈകാര്യം ചെയ്യാൻ

ഒരു സിയാൽ–ഹോർട്ടിക്കൾച്ചർ മിഷൻ സംയുക്ത സംരംഭം

ദൈവത്തിന്റെ സ്വന്തം നാടായ കേരളം നാണ്യ വിളകൾ, സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പങ്ങൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഔഷധ വിളകൾ, തുടങ്ങിയവയുടെ കൃഷിക്കനുയോജ്യയായ കാലാവസ്ഥയിൽ അനുഗ്രഹീതമാണ്. കേരളത്തിൽ കൂടുതലായി പച്ചക്കറി കൃഷി ചെയ്യുന്നത് വേനൽക്കാലങ്ങളിൽ കൊയ്ത്ത് കഴിഞ്ഞ നെൽപ്പാടങ്ങളിലാണ്. ഇരുപതോളം വരുന്ന പല വിഭാഗത്തിൽപ്പെട്ട പച്ചക്കറികൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ പയർ, പാവയ്ക്ക, പടവലങ്ങ, കോവയ്ക്ക, മത്തൻ, വെള്ളരിക്ക, മുരിങ്ങയ്ക്ക എന്നിവയാണ്. ഇവ കൂടാതെ കാബേജ്, കോളിഫ്ളവർ, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, വെളുത്തുള്ളി തുടങ്ങിയവ ശീതകാല പച്ചക്കറികളും കേരളത്തിന്റെ പശ്ചിമഘട്ട മേഖലകളിൽ കൃഷി ചെയ്തുവരുന്നു. മത്തൻ വർഗ്ഗത്തിൽപ്പെട്ടതും ശീതകാല വർഗ്ഗത്തിൽപ്പെട്ടതുമായ പച്ചക്കറികൾ അടങ്ങുന്ന ആഹാരക്രമം ആരോഗ്യത്തിന് വളരെ അനിവാര്യമായി കണ്ടുവരുന്നു.

വിളവെടുപ്പാനന്തര സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ സംസ്ഥാനത്ത് കൃഷിക്കാരുടെ ഫലവർഗ്ഗങ്ങൾ, പച്ചക്കറികൾ, പുഷ്പങ്ങൾ മുതലായ കാർഷികോത്പ്പന്നങ്ങൾ കൃഷി സ്ഥലത്ത് നിന്നും സംഭരിക്കുവാനും കേടുകൂടാതെ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുവാനുമുള്ള സംവിധാനം സംസ്ഥാനത്ത് ഇദംപ്രഥമായി ഏർപ്പെടുത്തിയിരിക്കുന്നു. ഇതിനായി കൊച്ചി അന്തർദേശീയ വിമാനത്താവളത്തിൽ (CIAL) അനുബന്ധ സൗകര്യങ്ങളോടുകൂടി പുഷ്പം-പഴം-പച്ചക്കറി-മത്സ്യ ഉത്പ്പന്നങ്ങൾ കേടുകൂടാതെ കൈകാര്യം ചെയ്യുന്ന സംയോജിത കേന്ദ്രം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്.

വിളവെടുപ്പാനന്തര സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ സംസ്ഥാനത്ത് കൃഷിക്കാരുടെ ഫലവർഗ്ഗങ്ങൾ, പച്ചക്കറികൾ, പുഷ്പങ്ങൾ മുതലായ കാർഷികോത്പ്പന്നങ്ങൾ കൃഷി സ്ഥലത്ത് നിന്നും സംഭരിക്കുവാനും കേടുകൂടാതെ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുവാനുമുള്ള സംവിധാനം സംസ്ഥാനത്ത് ഇദംപ്രഥമായി ഏർപ്പെടുത്തിയിരിക്കുന്നു.

വരുന്ന നാളുകളിലെ വിദേശ രാജ്യങ്ങളിലേയ്ക്കുള്ള പച്ചക്കറിയുടെ വിപണനം മുന്നിൽ കണ്ടുകൊണ്ട് കൊച്ചി അന്തർദേശീയ വിമാനത്താവളത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെയും APEDAയുടെയും കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് അതോറിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ 58.36 കോടി രൂപ അടങ്കൽ തുക വരുന്ന പച്ചക്കറിയുടെയും സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പങ്ങൾ, പഴവർഗ്ഗങ്ങൾ, ഔഷധ വിളകൾ എന്നിവയുടെയും ദീർഘകാല സംരക്ഷണം ഉറപ്പാക്കി കൊണ്ട് പെരിഷബിൾ കാർഗോ സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

ഈ കേന്ദ്രം മുഖേന കാർഷികോൽപ്പന്നങ്ങളുടെ വിമാനമാർഗ്ഗമുള്ള കയറ്റുമതിയിൽ പ്രതിവർഷം 12 ശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നു. ഇതനുസരിച്ച് കാർഷികോത്പ്പന്നങ്ങളുടെ കയറ്റുമതി 2005-06 ലെ 9276 ടണ്ണിൽ നിന്നും 2015-2016 ൽ 24070 ടണ്ണായി വർദ്ധിക്കുന്നതാണ്. അതായത് സംസ്ഥാനത്തെ കൃഷിക്കാരുടെ ഉത്പ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് മൂലം പ്രതിവർഷം 550.50 ലക്ഷം രൂപയുടെ അധിക വരുമാനം കർഷകർക്ക് ലഭിക്കുന്നതാണ്. 15000 മെട്രിക് ടൺ കാർഷികോൽപ്പന്നങ്ങൾ

കൂടി കർഷകർക്ക് ഉത്പ്പാദിപ്പിച്ച് കയറ്റുമതി ചെയ്യുവാനുള്ള സൗകര്യങ്ങൾ സംജാതമാകുന്നതോടൊപ്പം കർഷകർക്ക് ഗുണനിലവാരമുള്ള കാർഷികോൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുകയും അവയ്ക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂല്യം ലഭിക്കുകയും ചെയ്യുന്നു. അതുവഴി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ വിദേശനാണ്യം നേടുവാനും സാധിക്കും.

പദ്ധതിയുടെ മൊത്തം അടങ്കൽ തുക 58.36 കോടി രൂപയാണ്. ഇതിൽ 23.63 കോടി രൂപയുടെ പഴം പച്ചക്കറി ഉത്പ്പന്നങ്ങളെ കേടുകൂടാതെ കൈകാര്യം ചെയ്യുന്ന സംയോജിത കേന്ദ്രവും 34.73 കോടി രൂപയുടെ അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാണ്. പദ്ധതിയുടെ മൊത്തം ചെലവിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ വിഹിതം 13.34 കോടി രൂപയാണ്.

കാർഗോ സെന്ററിന്റെ സവിശേഷതകൾ

- 2008 മുതൽ 2011 വരെ ഒരു വർഷത്തിൽ 18,000 മെട്രിക് ടൺ പച്ചക്കറി സംരക്ഷിച്ച് കൈകാര്യം ചെയ്യുവാനും, 2015 ആകുമ്പോൾ 25000 മെട്രിക് ടൺ ആയി ഉയർത്തുവാനും പറ്റുന്ന രീതിയിലാണ് രൂപകല്പ്പന ചെയ്തിരിക്കുന്നത്.
- 12 ടൺ ഉൾക്കൊള്ളുവാനും 0 മുതൽ 15° C വരെ ശീതീകരിക്കാനും കഴിവുള്ള രണ്ട് ഡബിൾ ഡീപ് കോൾഡ് സ്റ്റോറേജുകൾ സ്ഥാപിച്ചിട്ടുണ്ട്.
- 15 ടൺ ഉൾക്കൊള്ളാനും 0 മുതൽ 15° C വരെ ശീതീകരിക്കാനും കഴിവുള്ള രണ്ട് കോൾഡ് സ്റ്റോറേജുകൾ സ്ഥാപിച്ചിട്ടുണ്ട്.
- 15 ക്ലോസ്ഡ് സർക്യൂട്ട് ക്യാമറയും സി.സി. ടിവിയും ലഭ്യമാണ്.
- പച്ചക്കറികളുടെ ഉയർന്ന നിലവാരം ഉറപ്പു വരുത്തുന്നതിന് ഊഷ്മാവും താപനിലയും മൊത്തമായി നിയന്ത്രിച്ചിരിക്കുന്നു. ■

പഞ്ചായത്ത് രാജ്

ആരോഗ്യ സുരക്ഷ കുരുന്ന് കൈകളിലൂടെ

തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 30 സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറഞ്ഞത് 20 സെന്റ് വീതം സ്ഥലത്ത് പച്ചക്കറി വിളകൾ കൃഷി ചെയ്യുന്നു

കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുന്നതിനും പ്രകൃതിയെ അടുത്തറിയുവാനും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴികാട്ടിയാകുന്നു. തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 30 സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറഞ്ഞത് 20 സെന്റ് വീതം സ്ഥലത്ത് പച്ചക്കറി വിളകൾ കൃഷി ചെയ്യുന്നു. പച്ചക്കറി വിത്തും വളവും ഉൾപ്പെടെ ഒരു സ്കൂളിന് 5000 രൂപയുടെ ധനസഹായം പദ്ധതിയിൽ വകകൊള്ളിച്ചിരിക്കുന്നു. കൂടാതെ കൃഷിക്ക് അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകൾക്ക് പമ്പ് സെറ്റ്, കാർഷിക ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ഒരു സ്കൂളിന് പതിനയ്യായിരം രൂപ എന്ന നിരക്കിൽ ധനസഹായം അനുവദിക്കുന്നതാണ്.

സ്കൂളുകളിൽ നടപ്പിലാക്കുന്ന കൃഷി @ സ്കൂൾ പ്രവർത്തനങ്ങൾ ഇപ്രകാരമാണ്.

1. കൃഷിപാഠം ഗ്രൂപ്പ്

ഒരു ഗ്രൂപ്പിൽ അൻപത് കുട്ടികളും ഒരു കോർഡിനേറ്ററും അദ്ധ്യാപകനും ഉണ്ടായിരിക്കും. ക്ലബ്ബിൽ നിന്നും ഒരു കൃഷിപാഠം ലീഡറെ തെരഞ്ഞെടുക്കുന്നു.

2. ആഴ്ചയിലൊരുവട്ടം

ആഴ്ചയിലൊരു ദിനം കൃഷിപാഠം ക്ലബ്ബ് ഒത്തുകൂടി പ്രവർത്തന വിലയിരുത്തൽ നടത്തുകയും ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്യുന്നു. ഒരാഴ്ചയിൽ ഒരു വിളയോ/ കൃഷി രീതിയോ ക്ലബ്ബംഗങ്ങൾ പരിചയപ്പെടുന്നു.

3. പ്രതിദിനം

പഠനത്തിനിടയിൽ കിട്ടുന്ന ഒഴിവു സമയങ്ങളിൽ കുട്ടികൾ കൃഷിത്തോട്ടത്തിലെത്തി നട്ടു നനയ്ക്കുകയും തൊട്ട് പരിപാലിക്കുകയും കണ്ടറിയുകയും അവ കൂട്ടുകാരുമായി പങ്കുവയ്ക്കുകയും ചെയ്യുന്നു.

4. ഡയറിക്കുറിപ്പുകൾ

കുട്ടികൾ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനോടൊപ്പം തന്നെ നിരീക്ഷണക്കുറിപ്പുകളും അനുഭവങ്ങളും പുതിയ അറിവുകളും ഒരു ഡയറിക്കുറിപ്പാക്കുന്നു.

ഇപ്രകാരം കൃഷിയെ അറിയുവാനും കൃഷി ചെയ്യുവാനും പുതുതലമുറയെ സജ്ജമാക്കുന്നതിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പരിപോഷിപ്പിക്കുന്നതിനും ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനും പദ്ധതി സഹായകരമാകും. ■

പച്ചക്കറി സമൃദ്ധി കർഷക കൂട്ടായ്മയിലൂടെ

സംഘമൈത്രി

ഒരു വിജയഗാഥ

കൂട്ടായ്മയുടെ വിജയ ചരിത്രം ആവർത്തിക്കുകയാണ് തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ കേന്ദ്രമായുള്ള സംഘമൈത്രി എന്ന പ്രസ്ഥാനവും അതിന്റെ പങ്കാളിത്തം വഹിക്കുന്ന ഒരു കൂട്ടം കർഷകരും. എട്ടു വർഷത്തെ പ്രവർത്തനത്തിനിടയിൽ 200 ലക്ഷം ടൺ പഴങ്ങളും പച്ചക്കറികളും വാഴക്കുലകളും ഇടത്തട്ടുകാരില്ലാതെ നേരിട്ട് സംഭരിച്ച് ഉപഭോക്താക്കൾക്ക് വിപണനം നടത്തുവാൻ സാധിച്ച സംഘമൈത്രി ഇന്ന് നേതൃത്വം വഹിക്കുന്നത് പ്രതിവർഷം 12 കോടിയോളം രൂപയുടെ വിപണനത്തിനാണ്. കർഷകരുടെ കൂട്ടായ്മ എങ്ങനെ അർത്ഥവത്താക്കാമെന്നതിന് ഉത്തമ മാതൃകയാണ് സംഘമൈത്രി.

മൊത്തം 486 ഹെക്ടർ പ്രദേശത്താണ് വിവിധയിനം പഴം, പച്ചക്കറി വിളകളും കിഴങ്ങുവർഗ്ഗങ്ങളും സംഘമൈത്രിയിലെ അംഗങ്ങളായ കർഷകർ കൃഷി ചെയ്യുന്നത്. പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന പദ്ധതി പ്രകാരം 100 ഹെക്ടർ പ്രദേശത്ത് 50 കർഷക കൂട്ടായ്മകളിലായി സംഘമൈത്രി പച്ചക്കറി കൃഷി നടത്തിവരുന്നു. വെണ്ട, പയർ, പടവലം, പാവൽ, വെള്ളരി, മത്തൻ, ചീര, തടിയൻകായ്, കുമ്പളം, കോവൽ, മുളക്, കത്തിരി, വഴുതന എന്നിവയാണ് വ്യാപകമായി കൃഷി ചെയ്തുവരുന്നത്. ജൈവകൃഷിരീതിയിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമാകാതെ ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് നൽകിവരുന്നു. ഇവയുടെ വിൽപ്പനയ്ക്കായി 6,70,000 രൂപ ചെലവഴിച്ച് രണ്ട് സഞ്ചരിക്കുന്ന വിൽപ്പനശാലകൾ ഉടൻ പ്രവർത്തനം ആരംഭിക്കും. ഇതിൽ 2,00,000 രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായമാണ്. പള്ളിച്ചലിലുള്ള സംഘമൈത്രി ഹെഡ്ഓഫീസിലൂടെയും ജില്ലയിലെ മറ്റിടങ്ങളിൽ ഒരുക്കിയിട്ടുള്ള 11 സംഭരണകേന്ദ്രങ്ങളിലൂടെയും ശേഖരിക്കുന്ന പച്ചക്കറികളാണ് ഇത്തരത്തിൽ വിൽപ്പന നടത്തുന്നത്. കൂടാതെ തലസ്ഥാന നഗരിയിൽ വീടുവീടാന്തരം വിൽപ്പന നടത്തുന്നതിനുള്ള സംവിധാനവും ഒരുക്കി വരുന്നു. ഉത്പാദിപ്പിക്കുന്ന പച്ചക്കറികളിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങളായ പാവയ്ക്കാ ചിപ്സ്, പച്ചക്കറി അച്ചാർ തുടങ്ങിയവയുടെ നിർമ്മാണത്തിനും സംഘമൈത്രി പദ്ധതിയിട്ടിട്ടുണ്ട്.

പഞ്ചായത്ത് രാജ്

ഹോർട്ടികൾച്ചർ കൃഷിയിൽ മാനവവിഭവ ശേഷി വികസനം

ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ഭാഗമായി കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് 2005-ലാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പ്രവർത്തനം തുടങ്ങിയത്. മാവ്, വാഴ, നെല്ലി, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, പുഷ്പങ്ങൾ, മഞ്ഞൾ, ജാതി, കശുമാവ്, കൊക്കോ എന്നീ വിളകളാണ് ഹോർട്ടിക്കൾച്ചർ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ മേഖലയിലും ക്രിയാത്മകമായി ഇടപെടുകയും കാർഷിക രംഗത്ത് വിപ്ലവകരമായ മുന്നേറ്റം സൃഷ്ടിക്കുകയും ചെയ്യുക വഴി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കർഷകരുടെ ആശ്രയവും അവലംബവുമായി തീർന്നിരിക്കുന്നു.

പരിശീലനങ്ങളിലൂടെയും ഡെമോൺസ്ട്രേഷനുകളിലൂടെയും മാനവവിഭവശേഷി വികസനം കൈവരിച്ച് അതുവഴി ഹോർട്ടിക്കൾച്ചർ വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നത് മിഷന്റെ ഒരു ഘടകമാണ്. ഇതനുസരിച്ച് കർഷകർ, കൃഷി ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകുന്നതാണ്. അതോടൊപ്പം തന്നെ ഉയർന്ന കായ്ഫലം നല്കുന്ന വിളകൾ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ആവശ്യമായ പരിശീലനവും നല്കുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നു. പരിശീലനത്തിലെ ഒരു പ്രധാന ഇനം കർഷകർക്ക് ആവശ്യമായ റിസോഴ്സ് മെറ്റീരിയലുകൾ നല്കുക എന്നതാണ്. പ്രദർശനങ്ങൾ, ഡെമോൺസ്ട്രേഷനുകൾ തുടങ്ങിയവയിലൂടെ വിവിധ കാർഷിക സാങ്കേതിക വിദ്യകൾ അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു. കർഷകർക്ക് ഒരു ദിവസത്തെ പരിശീലനത്തിനായി ജില്ലയ്ക്കകത്ത് നടത്തുന്ന പരിപാടിക്ക് 400 രൂപയും സംസ്ഥാനത്തിനകത്ത് നടത്തുന്ന പരിശീലനത്തിന് 750 രൂപയും സംസ്ഥാനത്തിന് പുറത്ത് നടത്തുന്ന പരിശീലനത്തിന് 1000 രൂപയും മിഷനിൽ നിന്നും ലഭിക്കും. ഇത് കൂടാതെ ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററുകൾ(FTC), റീജണൽ അഗ്രിക്കൾച്ചറൽ ടെക്നിക്കൽ ട്രെയിനിംഗ് സെന്ററുകൾ (RATTC), കൃഷി വിജ്ഞാന കേന്ദ്രങ്ങൾ (KVK) മുഖേനയും പരിശീലനം നൽകിവരുന്നു. വിജയം കൈവരിച്ചതും പ്രവർത്തന പുരോഗതി നേടിയതുമായ കർഷകരുടെ കൃഷിയിടങ്ങളും പരിശീലന കേന്ദ്രങ്ങളായി ഉപയോഗിക്കാവുന്നതാണ്. മറ്റു സംസ്ഥാനങ്ങളിലെ ഉത്പാദന തന്ത്രങ്ങളുമായി കൃഷിക്കാരെ പരിചയപ്പെടുത്തുന്നതിന്, സംസ്ഥാനത്തിനു പുറത്തുള്ള പരിശീലനവും കൃഷിയിട സന്ദർശനങ്ങളും സംഘടിപ്പിക്കാം. ഒരു കർഷകന് ജില്ലയ്ക്കകത്തുള്ള സന്ദർശനങ്ങൾക്ക് പ്രതിദിനം 250 രൂപ നിരക്കിലും സംസ്ഥാനത്തിനകത്ത് 300 രൂപ നിരക്കിലും സംസ്ഥാനത്തിന് പുറത്ത് 600 രൂപ നിരക്കിലും മിഷനിൽ നിന്നും ലഭിക്കും. ഇപ്രകാരമുള്ള പരിശീലന സന്ദർശന പരിപാടി യാത്രാ സമയം ഉൾപ്പെടെ ഏറ്റവും കുറഞ്ഞത് 7 ദിവസമെങ്കിലും നീണ്ടുനില്ക്കേണ്ടതാണ്.

പ്രോജക്ട് ആഫീസർമാർ, ജില്ലാ ഹോർട്ടികൾച്ചർ ആഫീസർമാർ, അഗ്രികൾച്ചറൽ ആഫീസർമാർ, എക്സ്റ്റൻഷൻ വർക്കേഴ്സ് തുടങ്ങിയ പരിശീലനാർത്ഥികൾക്ക്, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കേന്ദ്രങ്ങളിൽ ഹോർട്ടികൾച്ചർ കൃഷിയിലെ ആധുനിക സാങ്കേതിക മുന്നേറ്റങ്ങളെക്കുറിച്ചുള്ള പരിശീലനമായിരിക്കും നൽകുക. മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ, പരിശീലനാനന്ത

രം തങ്ങളുടെ പ്രദേശങ്ങളിലുള്ള ജീവനക്കാർക്കും കൃഷിക്കാർക്കും ആവശ്യമായ പരിശീലനം നൽകണം.

മാനവവിഭവശേഷി വികസന പദ്ധതിക്ക് മൂന്ന് ഘടകങ്ങളുണ്ട്. അവ –

(എ) സൂപ്പർവൈസർമാരുടെ പരിശീലനം;
(ബി) ഗാർഡനർമാരുടെ പരിശീലനം;
(സി) സംരംഭകരുടെ പരിശീലനം

സൂപ്പർവൈസർമാർ, സംരംഭകർ, ഗാർഡനർ, ഫീൽഡുതല ഉദ്യോഗസ്ഥർ എന്നിവരുടെ പരിശീലന കോഴ്സുകൾക്ക് ധനസഹായം അനുവദിക്കുന്നു.

ഹോർട്ടികൾച്ചർ മേഖലയിൽ സംരംഭകർ ആകുവാനോ സ്വയം തൊഴിൽ കണ്ടെത്തുവാനോ ആളുകളെ പരിശീലിപ്പിച്ച് ഭരണ നിർവ്വഹണപരവും സാങ്കേതികവുമായ വിജ്ഞാനത്തിന്റെയും വൈദഗ്ധ്യത്തിന്റെയും വിടവ് നികത്തുന്നതിലും ഹോർട്ടികൾച്ചർ യൂണിറ്റുകളിലോ ഫാമുകളിലോ ജോലിക്കായി അവരിൽ ആവശ്യമായ വൈദഗ്ധ്യം സൃഷ്ടിക്കുന്നതിലും അവരുടെ വിജ്ഞാന നിലവാരം ഉയർത്തുന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുക. പ്രായോഗിക പരിശീലനത്തിനായിരിക്കും തിയറിയേക്കാൾ കൂടുതൽ പരിഗണന നൽകുക.

സൂപ്പർവൈസർമാർ, സംരംഭകർ എന്നിവരുടെ പരിശീലനം പദ്ധതിയധിഷ്ഠിതമായിട്ടാണ് നടപ്പിലാക്കി വരുന്നത്. ഇവരുടെ പരിശീലനം തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന കാർഷിക സർവ്വകലാശാലകളിലൂടെയും/ICAR ഇൻസ്റ്റിറ്റ്യൂട്ടുകളിലൂടെയും ഗാർഡനർമാരുടേത് കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിലൂടെയും/സംസ്ഥാന കാർഷിക സർവ്വകലാശാലകളിലൂടെയും മറ്റ് വകുപ്പു ജീവനക്കാരുടെത് ഇപ്പോൾ തന്നെ തുടർന്നുകൊണ്ടിരിക്കുന്ന പരിശീലന പരിപാടികളിലൂടെയും നടത്തേണ്ടതാണ്. ഇതിൽ സൂപ്പർവൈസർമാർ, സംരംഭകർ എന്നിവർക്ക് പരിശീലനമൊന്നിന് 20 ലക്ഷം രൂപയും ഗാർഡനർമാർക്ക് പരിശീലനമൊന്നിന് 15 ലക്ഷം രൂപയും മിഷനിൽ നിന്നും ധനസഹായം ലഭിക്കും. സൂപ്പർവൈസറി ജീവനക്കാർക്കും സംരംഭകർക്കുമുള്ള പരിശീലന പരിപാടിക്കുള്ള ഏറ്റവും കുറഞ്ഞ യോഗ്യത ഹയർസെക്കൻഡറിയും ഗാർഡനർമാരുടേത് എട്ടാം ക്ലാസ് (മിഡിൽ/സ്റ്റാൻഡേർഡു)മായിരിക്കും. ഓരോ സ്ഥാപനവും വർഷത്തിൽ ഉദ്ദേശം 25 സൂപ്പർവൈസർമാർക്കും 50 ഗാർഡനർമാർക്കും 25 സംരംഭകർക്കും പരിശീലനം നൽകണം.

ഇപ്പോൾതന്നെ ഹോർട്ടികൾച്ചർ ഉത്പാദനത്തിൽ ശക്തമായ ഒരടിത്തറയും ഹോർട്ടീകൾച്ചർ പരിശീലനം നൽകുന്നതിനുള്ള സ്ഥാപനപരമായ സംവിധാനവും സ്വന്തമായുള്ള സംസ്ഥാനങ്ങൾ ഈ പരിശീലന പരിപാടികൾ സ്വയം സംഘടിപ്പിക്കുന്നതാണ്.

പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് ക്ലാസ്സ് മുറികൾ, ജീവനക്കാർ, ഹോസ്റ്റൽ സൗകര്യങ്ങൾ തുടങ്ങിയ പ്രാഥമികമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

സൂപ്പർവൈസർമാർക്കുള്ള പരിശീലന കോഴ്സ് ഒരു വർഷവും, ഗാർഡനർമാർക്കുള്ളത് 6 മാസവും സംരംഭകർക്കുള്ളത് മൂന്ന് മാസവും നീണ്ടു നിൽക്കുന്നതാണ്. പരിശീലനാർത്ഥികളെ ആകർഷിക്കാനും, കൊഴിഞ്ഞു പോകാതെ നിലനിർത്താനുമായി അവർക്ക് ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടിൽ, ബോർഡിങ്, ലോഡ്ജിങ് ചെലവു രൂപത്തിൽ ഒരു പ്രതിമാസ സ്റ്റൈപ്പെന്റ് എന്നിവ നൽകുന്നതായിരിക്കും. ഈ കോഴ്സുകൾ താമസ സൗകര്യത്തോടുകൂടിയവയാണ്. പരിശീലന കോഴ്സുകളുടെ അവസാനം സൂപ്പർവൈസർമാർക്ക് ഹോർട്ടികൾച്ചറിൽ ഡിപ്ലോമയും, ഗാർഡനർമാർക്കും സംരംഭകർക്കും ഹോർട്ടികൾച്ചറിൽ സർട്ടിഫിക്കറ്റ് ഓഫ് ട്രെയിനിങ്ങും നൽകുന്നതാണ്. മേൽപ്പറഞ്ഞ പരിശീലനം പൂർത്തിയാക്കിവരായിരിക്കും ഹോർട്ടികൾച്ചർ വികസനത്തിൽ വ്യാപൃതരാകുന്ന സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യതയ്ക്ക് സാധ്യതയുള്ളവർ.

മേൽപ്പറഞ്ഞ പരിശീലന പരിപാടികൾകൂടാതെ സാങ്കേതിക വിദഗ്ധർക്കും ഫീൽഡുതല ഉദ്യോഗസ്ഥർക്കും സംസ്ഥാനത്തിനകത്ത് 7 ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിക്കായി പ്രതിദിനം 200 രൂപയും അന്യ സംസ്ഥാനങ്ങളിലേക്കുള്ള പഠനയാത്രകൾക്കായി പ്രതിദിനം 650 രൂപയും വിദേശ പഠനയാത്രകൾക്കായി യാത്രയൊന്നിന് 5 ലക്ഷം രൂപയും മിഷൻ മുഖാന്തരം ധനസഹായമായി നൽകി വരുന്നു.

ഹോർട്ടികൾച്ചർ സംബന്ധമായ വിഷയങ്ങളിൽ വിശേഷാൽ പരിശീലന കോഴ്സുകൾ സംഘടിപ്പിക്കണമെന്ന് സംസ്ഥാനങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അതിനായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് നേരിട്ട് ധനസഹായം അനുവദിക്കുന്നതാണ്. ■

പഞ്ചായത്ത് രാജ്

ജൈവകൃഷിയും കേരള മണ്ണിലെ ആഫ്രിക്കൻ കാച്ചിലും

സ്വന്തമായി കൃഷി ചെയ്ത് 275 കിലോ ആഫ്രിക്കൻ കാച്ചിൽ വിളയിച്ചെടുത്ത തിരുവനന്തപുരം ഉള്ളൂർ സ്വദേശി ആർ. രവീന്ദ്രൻ സ്വന്തം അനുഭവവും കൃഷിരീതിയും പങ്കുവയ്ക്കുന്നു.

ഭൂമിയെ ഭൂമിദേവിയായും പിറന്നു വീണ മണ്ണിനെ പ്രസവിച്ച അമ്മയ്ക്കു തുല്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു കർഷകനാണ് ഞാൻ. മണ്ണിനെ സ്നേഹിച്ചാൽ മണ്ണ് ഒരിക്കലും നമ്മെ ചതിക്കുകയില്ല. ഒരു കർഷകന്റെ മകനായി ജനിച്ച ഞാൻ കുട്ടിക്കാലം മുതൽ മണ്ണിനേയും കൃഷിയേയും സ്നേഹിച്ചിരുന്നു. വയലുകൾ ഉഴുതുമറിച്ച് ചാണകവും പച്ചിലകളും ചുമന്നിട്ട്, വിത്തു പാകി, ഞാറു പറിച്ചു നട്ട്, കളകൾ പറിച്ച്, കൊയ്ത്തുകാലം ആകുമ്പോൾ ചാലുണ്ടാക്കി വെള്ളം വറ്റിച്ച്, കൊയ്തെടുത്ത്, വീട്ടു മുറ്റത്തു ചുമന്നുകൊണ്ടിട്ട്, നെല്ല് അടിച്ചു പൊഴിച്ച്, ഉണക്കി പാറ്റി പത്തായത്തിലിടുകയും വയ്ക്കോൽ ഉണക്കി പന്തലുകൾ കൂട്ടുകയും എല്ലാം ഞാൻ ചെയ്തിരുന്നു.

ആട്ടോ ഇലക്ട്രിക്കൽ ജോലി പഠിച്ച് പത്തുവർഷം ഗൾഫിൽ ജോലി നോക്കി. മടങ്ങിവന്ന് വീണ്ടും കൃഷിയിൽ ഏർപ്പെട്ടു. ഒപ്പം ആട്ടോ ഇലക്ട്രിക്കൽ വർക് ഷോപ്പ് തുടങ്ങുകയും ചെയ്തു.

2005ൽ “ഡയ്സ്കോറിയ റൊട്ടൺഡേറ്റ” എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന “ശ്രീശുഭ്ര” ഇനത്തിൽപ്പെട്ട ആഫ്രിക്കൻ കാച്ചിൽ കൃഷി ചെയ്തു തുടങ്ങി. ഓരോ വർഷവും എന്നെ അത്ഭുതപ്പെടുത്തികൊണ്ട് വിളവ് ലഭിച്ചു. 50 കിലോയിൽ തുടങ്ങിയത് 2009 ഡിസംബറിൽ വിളവെടുത്തപ്പോൾ 275 കിലോഗ്രാമായി. ഞാൻ ഉണ്ടാക്കിയെടുക്കുന്ന ജൈവവളമാണ് ഉപയോഗിച്ചത്. ശ്രീകാര്യത്തെ കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ സ്ഥാപനത്തിലെ ഡോ. സി. എസ്. രവീന്ദ്രൻ സാറും ഉള്ളൂർ കൃഷിഭവനിലെ ഉദ്യോഗസ്ഥരും അഗ്രിഫ്രണ്ട്സ് കോർഡിനേറ്റർ ജയകുമാർ സാറും നൽകിയ നിർദ്ദേശങ്ങൾ എനിക്ക് തുണയായി. കഴിഞ്ഞ നാലുവർഷങ്ങളിൽ ഞാൻ ഉല്പാദിപ്പിച്ച കാച്ചിലുകൾ പല എക്സിബിഷനുകളിലും മേളകളിലും പ്രദർശിപ്പിച്ച് നിരവധി ട്രോഫികളും സമ്മാനങ്ങളും ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നേടിയിട്ടുണ്ട്. 2009 ഡിസംബറിൽ വിളവെടുത്ത 275 കിലോ തൂക്കമുള്ള കാച്ചിലിന് 97–ാമതു ഇന്ത്യൻ സയൻസ് കോൺഗ്രസ്സിൽ ദേശീയ അവാർഡ് ലഭിച്ചു. വീട്ടാവശ്യത്തിനുള്ള പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും ഞാൻ കൃഷി ചെയ്യുന്നു. ഭാര്യ സിന്ധു, മക്കൾ എൻജിനീയറിംഗ് വിദ്യാർത്ഥിനി രജിയും നഴ്സിംഗ് വിദ്യാർത്ഥിനി രാഖിയും കൃഷിയിൽ എന്നെ സഹായിക്കുന്നു. വിദ്യാഭ്യാസത്തോടൊപ്പം കൃഷിരീതികൾ കൂടി കുട്ടികൾ അറിഞ്ഞിരിക്കുകയും പരിശീലിക്കുകയും വേണം.

രാസവളങ്ങളും രാസകീടനാശിനികളും ഉപയോഗിച്ച് കൃഷിചെയ്യുന്ന ആഹാരങ്ങൾ ഭക്ഷിച്ച് മനുഷ്യന്റെ ആയുസ്സും ആരോഗ്യവും ഇല്ലാതാകുന്നു. ആരോഗ്യമുള്ള ജീവിതം ഉണ്ടാകണമെങ്കിൽ ജൈവകൃഷി സമ്പ്രദായം തന്നെ വേണം. വിഷമടങ്ങിയ ആഹാരം ഭക്ഷിച്ച് രോഗം വരുമ്പോൾ ഇല്ലാത്ത പണം ഉണ്ടാക്കി ചികിത്സിക്കുന്നതിനേക്കാളും എത്രയോ നല്ലതാണ് വിഷമയമില്ലാത്ത ജൈവകൃഷിയിൽ ഉല്പാദിപ്പി

രവീന്ദ്രന്റെ കൃഷിയിടം തിരുവനന്തപുരം മേയർ കെ. ചന്ദ്രിക സന്ദർശിക്കുന്നു.

ക്കുന്ന ആഹാരം ഭക്ഷിച്ച് രോഗം വരാതെ സൂക്ഷിക്കുന്നത്.

കാച്ചിൽവിത്ത് നടുന്ന രീതി

ഒരു മീറ്റർ നീളവും വീതിയിലും ഒരു മീറ്റർ ആഴത്തിലും കുഴിയെടുക്കുന്നു. കുഴിയുടെ അടിയിൽ ഒരു വരി തൊണ്ട് കമഴ്ത്തി അടുക്കുന്നു. തൊണ്ട് മറയത്തക്ക വിധത്തിൽ മണ്ണിടണം. ആവശ്യത്തിലധികം ജലം കുഴിയുടെ അടിത്തട്ടിൽ ഉണ്ടെങ്കിൽ കാച്ചിൽ അഴുകിപോകാതെ ഇത് സംരക്ഷിക്കുന്നു. അതിന്റെ മുകളിൽ ഒരു വരി തൊണ്ട് മലർത്തി അടുക്കുന്നു. ഇത് ജലാംശം കുറവാണെങ്കിൽ ഈർപ്പത്തെ നിലനിർത്തുന്നു. തൊണ്ടു മറയത്തക്ക വിധത്തിൽ മണ്ണിടുന്നു. കുഴിയിൽ ചപ്പുചവറുകൾ ഇട്ട് കത്തിക്കുന്നു. എന്നിട്ട് കുഴിയെടുത്തപ്പോൾ കിട്ടിയ മണ്ണിൽ ചാണകപ്പൊടി, കമ്പോസ്റ്റ് വളം, മണ്ണിര കമ്പോസ്റ്റ്, ചാരം, വേപ്പിൻ പിണ്ണാക്ക്, കുറച്ചു കുമ്മായം എന്നിവ ചേർത്ത് നല്ലതുപോലെ ഇളക്കി കുഴിയുടെ പകുതി ഭാഗംവരെ ഇടുക. അതിന്റെ മുകളിൽ ഉണങ്ങിയ ഇലകളും മറ്റ് ഉണങ്ങിയ അവശിഷ്ടങ്ങളും ഇട്ട് കുഴിയുടെ ചുറ്റുമുള്ള അരിക് ഇടിച്ചിടണം. അതിനുശേഷം വളം ചേർത്ത് മണ്ണിട്ട് കുഴി നിറയ്ക്കണം. തറയിൽ നിന്ന് ഒന്നരയടിപൊക്കത്തിൽ ഒരു കൂനകൂട്ടണം. കൂനയുടെ നടുക്ക് വിത്തിന്റെ വലുപ്പം അനുസരിച്ച് ചെറിയ ഒരു കുഴിയെടുത്ത് അതിൽ അല്പം ചാരം ഇട്ട് ഇളക്കി നാം ആരാധിക്കുന്ന ദൈവത്തെ മനസ്സിൽ ധ്യാനിച്ച് നടണം. വിത്തിന്റെ മുകളിൽ ഒരിഞ്ചു കനത്തിൽ മണ്ണിട്ട് പുറം കൈകൊണ്ട് അമർത്തി ഒതുക്കി വെയ്ക്കണം. അതിന്റെ മുകളിൽ ഉണങ്ങിയ ഇലകൾ ഇട്ട് പുതയ്ക്കണം.

വിത്തു തയ്യാറാക്കുന്നത് വൃത്തിയോടും ഭക്തിയോടും കൂടിയാകണം. കാച്ചിലിന്റെ രൂപം അനുസരിച്ച് 250gm. മുതൽ 500gm വരെയുള്ള തൂക്കത്തിൽ വിത്തു മുറിച്ച് തണലത്ത് ഒരു ദിവസം വെച്ച് രണ്ടാംദിവസം പശുവിൻചാണക പാലിൽ മുക്കി തണലത്തുവെച്ച് ഉണക്കണം. പുറംതൊലി കേടുവരാതെ സൂക്ഷിക്കണം. പുറംതൊലിയിൽ നിന്നാണ് മുള വരുന്നത്. ഫെബ്രുവരി, മാർച്ച് മാസത്തിൽ വിത്തു നടുന്നു. മുള വന്നു വള്ളി നീണ്ടു തുടങ്ങിയാൽ പടർത്താനുള്ള സൗകര്യം ഉണ്ടാക്കണം. മുള വരുന്നതിനൊപ്പം വെളുത്ത കനമുള്ള വേരുകളും വരുന്നു. നടുന്നതിനു മുമ്പ് മുളയും വേരും വരുന്നു. ഇതിന് ആവശ്യമുള്ള ആഹാരവും ജലവും വിത്തിൽ നിന്നും കിട്ടുന്നു. വേരു മണ്ണിലായാൽ വളവും ജലവും മണ്ണിൽ നിന്നു കിട്ടുന്നു. മുള പൊട്ടിയ വിത്ത് നട്ട് രണ്ടാഴ്ച ആകുമ്പോൾ പൊടിച്ച വള്ളി നീണ്ടു തുടങ്ങുന്നു. വള്ളി രണ്ടുമൂന്ന് അടി പൊങ്ങിയാൽ പടർന്നു കയറാനായി കമ്പുനാട്ടി കയറ്

കെട്ടി കൊടുക്കണം. പെട്ടെന്ന് പടർന്ന് കയറുന്നു. ആരംഭഘട്ടത്തിൽ ഇലകൾ ഉണ്ടായിരിക്കുകയില്ല. കുറെ പടർന്നുകയറിയതിനുശേഷമേ ഇലകൾ വരുകയുള്ളൂ. ഇതിന്റെ വേരിലും തണ്ടിലും മുള്ളുകൾ ഉണ്ട്. തണ്ടിൽ വെളുത്ത പൊടിയും കാണുന്നു. ഈ പൊടി കീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും തണ്ടിലുള്ള മുള്ളുകൾ ജന്തുക്കളിൽ നിന്നും രക്ഷപ്പെടുന്നതിനും പ്രകൃതി കൊടുത്ത വരദാനമാണ്. പടർന്ന് കയറിയാൽ അതിന്റെ വള്ളി മുറിഞ്ഞുപോകാതെ പടർത്തിവിടണം. എത്രത്തോളം ഉയർന്നു പടരുന്നുവോ അതിനനുസരിച്ച് കാച്ചിലും വലുതായിരിക്കും. പടർത്തിവിടാൻ വൃക്ഷങ്ങൾ ഇല്ല എന്നു കരുതി കാച്ചിൽ കൃഷി ചെയ്യാതിരിക്കണ്ട. ടൗവ്വർ ഉണ്ടാക്കി അതിൽ പടർത്താം. ടെറസ്സിൽ പന്തലുണ്ടാക്കി അതിലും പടർത്തിവിടാം. രണ്ടു മാസത്തിലൊരിക്കൽ മേൽവളപ്രയോഗം ചെയ്യണം. മണ്ണിര കമ്പോസ്റ്റ്, കടലപിണ്ണാക്ക്, എല്ലുപൊടി എന്നിവ നല്ലതുപോലെ ഇളക്കി മൂട്ടിൽ നിന്ന് ഒരു അടി അകലത്തിൽ ചുറ്റും വിതറിയതിനുശേഷം മണ്ണ് വിതറികൊടുക്കണം.

പയറുവർഗ്ഗങ്ങൾ നട്ടുവളർത്തി പൂത്ത് കായ് വന്നു തുടങ്ങുമ്പോൾ അതിന്റെ ചുവട്ടിൽ വെള്ളം ഒഴിച്ച് വേര് നഷ്ടപ്പെടാതെ പിഴുതെടുത്ത് അതിന്റെ നൈട്രജൻ അടങ്ങിയ ഉണ്ടകൾ ഉള്ള വേര് എടുത്ത് തല്ലിചതച്ച് പിഴിഞ്ഞെടുത്ത് അതിൽ കഞ്ഞിവെള്ളം ചേർത്ത് മൂന്നു ദിവസം വെച്ചതിനുശേഷം കാച്ചിലിന്റെ വേരുനോക്കി അവിടെ കുറേശ്ശെ ഒഴിച്ചു കൊടുക്കണം. ഇങ്ങനെ പല ഘട്ടങ്ങളായി എല്ലാഭാഗത്തും ഒഴിക്കണം. മഴയില്ലാത്ത അവസരങ്ങളിൽ ചെറുതായി നനച്ചുകൊടുക്കണം. ആറുമാസം കഴിയുമ്പോഴേക്കും ആദ്യവള്ളിയിൽനിന്നും ധാരാളം ശിഖരങ്ങൾ വളർന്ന് പടർന്നു പന്തലിക്കുന്നു. ചില വള്ളികൾ നല്ല

ഘനത്തോടു കൂടിയതായിരിക്കും. ഈ വള്ളികളിൽ ധാരാളം ശാഖാ വള്ളികൾ ഉണ്ടായിരിക്കും. ഇത് കീഴ്പ്പോട്ടാണ് വളർന്നിറങ്ങുന്നത്. ഒൻപതുമാസം ആകുമ്പോഴേക്കും ചെറിയ പൂവ് ഉണ്ടാകുന്നു. അതുകഴിഞ്ഞ് ചെറിയ കായ്കളും വരുന്നു. ഇത് കീഴ്പ്പോട്ട് തൂങ്ങികിടക്കുന്നു. പതിനൊന്നുമാസം ആകുമ്പോൾ ഇലകൾ പഴുത്ത് കരിഞ്ഞു തുടങ്ങുന്നു. അപ്പോഴേക്കും വിളവെടുക്കാൻ സമയമാകുന്നു. പല കിഴങ്ങുകൾ ഒന്നിച്ച് ചേർന്ന് ഒറ്റയായിക്കാണുന്നു. വെള്ള നിറമാണ്. വിളവെടുക്കുമ്പോൾ മുകൾ ഭാഗത്ത് മുള്ളുകൾ ഉള്ള കുറച്ചുവേരുകൾ കാണും.

ഭക്ഷണത്തിന് മറ്റ് ഇനം കാച്ചിലിനേക്കാൾ നല്ല രുചിയുള്ളതാണ് ആഫ്രിക്കൻ കാച്ചിൽ. പുഴുങ്ങിയതിനുശേഷം കടുക് വറുത്ത്, തേങ്ങാപാൽ ഒഴിച്ച് ചൂടാക്കി നല്ല രുചിയോടെ ഭക്ഷിക്കാം. പുഴുങ്ങി ചൂട് ആറിയതിനുശേഷം കഷ്ണം പൊട്ടിച്ച് കടുക് വറുത്തോ പാൽ ഒഴിച്ച് ചൂടാക്കിയും ഉപയോഗിക്കാം. പുഴുങ്ങി ചൂട് ആറിയതിനുശേഷം കഷ്ണം വറുത്ത് ഉപ്പുമാവ് ഉണ്ടാക്കാം. എന്തുകൊണ്ടും ഭക്ഷ്യയോഗ്യമായ ഒരു കിഴങ്ങുവർഗ്ഗമാണ് ആഫ്രിക്കൻ കാച്ചിൽ. മറ്റ് ഇനം കാച്ചിലിനേക്കാളും കൂടുതൽ വിളവും തരുന്നു. ചിലവും വളരെ കുറവാണ്.

എല്ലാ വീടുകളിലും കുറച്ചെങ്കിലും ആഫ്രിക്കൻ കാച്ചിൽ കൃഷി ചെയ്യുകയാണെങ്കിൽ വൃശ്ചിക മാസത്തിലെ തൃക്കാർത്തിക നാളിൽ അമിതവില കൊടുത്തു. കാച്ചിൽ വാങ്ങാതെ രുചിയും സംതൃപ്തിയും നമുക്ക് ആസ്വദിക്കാം. ■

കാസർകോട് നഗരസഭ ഇ-പേയ്മെന്റ് സംവിധാനത്തിലേക്ക്

വസ്തു നികുതി ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനുള്ള സംവിധാനം കാസർകോട് നഗരസഭയിൽ നിലവിൽ വന്നു. ഇതോടെ ഇ-പേയ്മെന്റ് സംവിധാനം നിലവിൽ വരുന്ന കേരളത്തിലെ ആദ്യ മുനിസിപ്പാലിറ്റിയായി കാസർകോട് സ്ഥാനം പിടിച്ചു.

ഇ-പേയ്മെന്റ് സംവിധാനത്തിന്റെ ഔപചാരികമായ ഉദ്ഘാടനം വ്യവസായ, നഗരകാര്യ വകുപ്പു മന്ത്രിയുടെ ചേംബറിൽ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി എൻ.എ. നെല്ലിക്കുന്ന് എം.എൽ.എയ്ക്ക് അദ്ദേഹത്തിന്റെ വസ്തു നികുതി ഒടുക്കി രസീത് നൽകിക്കൊണ്ട് നിർവഹിച്ചു. പി.ബി. അബ്ദുൾ റസാക്ക് എം.എൽ.എ. മുനിസിപ്പൽ ചേംബർ ചെയർമാൻ ജമാൽ മണക്കാട്, നഗരസഭാ ചെയർമാൻ ടി.ഇ. അബ്ദുള്ള, ഐ.കെ.എം. ചെയർമാൻ ഡോ. എം. ഷംസുദീൻ, നഗരസഭാ സെക്രട്ടറി ജി. പത്മകുമാർ, വൈസ് ചെയർപേഴ്സൺ താഹിറാ സത്താർ എന്നിവരും മറ്റു കൗൺസിലംഗങ്ങളും പങ്കെടുത്തു.

ഇ-പേയ്മെന്റ് സംവിധാനം വഴി ലോകത്ത് എവിടെ നിന്നും കാസർകോട് നഗരസഭയിലെ വസ്തു നികുതി ഒടുക്കുവാൻ കഴിയും. www.kasaragod-municipality.in വെബ് സൈറ്റിൽ വസ്തു നികുതി ഓപ്ഷൻ വഴി ഇ-പേയ്മെന്റ് സൈറ്റിൽ എത്താം. ക്രെഡിറ്റ് കാർഡ്, ഡബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയവ ഉപയോഗിച്ച് പണം അടയ്ക്കുവാൻ കഴിയും. ഇന്ത്യയിൽ 46 ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിച്ച് ഇ-പേയ്മെന്റ് നടത്താം. അസസ്മെന്റ് വിവരങ്ങളും ലഭ്യമാണ്. പൊതുജനങ്ങൾക്ക് നഗരസഭയിൽ പോകാതെ തന്നെ വസ്തു നികുതി വിവരങ്ങൾ അറിയുന്നതിനും നികുതി ഒടുക്കുവാനും കഴിയും എന്നതിനാൽ നികുതിദായകർക്ക് ഈ സംവിധാനം വളരെയധികം പ്രയോജനം ചെയ്യും. ഇൻഫർമേഷൻ കേരളാ മിഷന്റെ സാംഖ്യ, സഞ്ചയ സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്തിയാണ് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ■

കാസർകോഡ് മുനിസിപ്പാലിറ്റിയിൽ ഏർപ്പെടുത്തിയ ഇ-പേയ്മെന്റ് സംവിധാനത്തിന്റെ ഉദ്ഘാടനം വ്യവസായ നഗരകാര്യ വകുപ്പു മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, എൻ.എ. നെല്ലിക്കുന്ന് എം.എൽ.ഏയ്ക്ക് അദ്ദേഹത്തിന്റെ വസ്തു നികുതി ഒടുക്കി രസീത് നൽകിക്കൊണ്ട് നിർവഹിക്കുന്നു.

ഇ-ടോയ്‌ലെറ്റ്

ശുചിത്വമേഖലയിലെ നവീന പരീക്ഷണം

വി.ആർ. അജിത് കുമാർ

ഒരിക്കൽ ഡൽഹിയിൽ വച്ച് പരിചയപ്പെട്ട ഒരു ജർമ്മൻ ടൂറിസ്റ്റ് പറഞ്ഞു, 'കേരളം ദൈവത്തിന്റെ സ്വന്തം നാട്' എന്നാണല്ലോ പറയുക, ശുചിത്വമുള്ള ഒരു പൊതുടോയ്‌ലെറ്റില്ലാത്ത നാട് ഏത് ദൈവത്തിന്റേതായാലും അംഗീകരിക്കാൻ കഴിയില്ല. ഇത് ഒരാളുടെ മാത്രം അഭിപ്രായമായിരുന്നില്ല. ആയിരക്കണക്കിന് വിദേശികളുടെയും സ്വദേശികളുടെയും ശബ്ദമായിരുന്നു. വൃത്തിയുള്ള ടോയ്‌ലെറ്റ് ഉപയോഗിക്കാൻ വേണ്ടി മാത്രം ഹോട്ടലുകളിൽ മുറിയെടുക്കേണ്ടിവരുന്ന അവസ്ഥയും കേരളത്തിലുണ്ട്. നഗരവും ഗ്രാമവുമെന്ന വേർതിരിവില്ലാതെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളത്തിൽ, അന്യസംസ്ഥാനങ്ങളിലെപ്പോലെ പൊതുനിരത്തിന്റെ വശങ്ങളിൽ പകൽനേരം പുരുഷൻമാർക്കുപോലും മൂത്രമൊഴിക്കാൻ കഴിയില്ല. രാത്രിയുടെ മറവിൽ നഗരറോഡുകളെ മൂത്രപ്പുരകളാക്കാൻ പുരുഷൻമാർ മിടുക്കരുമാണ്.

എന്നാൽ സ്ത്രീകളുടെ നില അതിശോചനീയമാണ്. ശുചിത്വമുള്ള ടോയ്‌ലെറ്റുകളുടെ അഭാവം മൂലം മൂത്രമൊഴിക്കാതെ പകൽ സമയം കഴിച്ചു കൂട്ടുന്ന അനേകം ഉദ്യോഗസ്ഥരും തൊഴിലാളികളുമായ സ്ത്രീകൾ നമ്മുടെ നാട്ടിലുണ്ട്. ഇതുയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ ചില്ലറയല്ല. കോഴിക്കോട് മാർക്കറ്റിൽ ടോയ്‌ലെറ്റ് ഇല്ലാത്തതിനെ സംബന്ധിച്ച് വൻ ചർച്ചകളും വിവാദ പ്രസ്താവനകളുമുണ്ടായത് നമുക്ക് മറക്കാൻ കഴിയില്ല. ഇതിനുള്ള പരിഹാരം സംബന്ധിച്ച് പതിറ്റാണ്ടുകളായി ചർച്ച നടത്തിയിരുന്നെങ്കിലും ക്രിയാത്മകമായ ഒരു പദ്ധതിയും ഉരുത്തിരിഞ്ഞു വന്നില്ല എന്നതാണ് വാസ്തവം.

നാട്ടിലെ പൊതു ഇടങ്ങൾക്ക് പുറമെ, സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങൾ, സ്കൂളുകളിൽ എത്തുന്ന കുട്ടികൾ എന്നിവരും ടോയ്‌ലെറ്റുകളുടെ അഭാവം മൂലം ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നുണ്ട്. സംസ്ഥാനത്ത് ഈയിടെ 11,404 സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ചതിൽ 4931 ടോയ്‌ലെറ്റുകളുടെയും 31680 മൂത്രപ്പുരകളുടെയും അപര്യാപ്തത കണ്ടെത്തിയതായി സർക്കാർ ഹൈക്കോടതിയിൽ ബോധിപ്പിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്.

ഇത്തരമൊരു സാഹചര്യത്തിലാണ് ഇലക്ട്രോണിക് ടോയ്‌ലെറ്റുകളുടെ കണ്ടുപിടുത്തമുണ്ടാവുന്നത്. ഏറ്റവും ആധുനികവും സ്ഥലപരിമിതിയിൽ സംവിധാനം ചെയ്യാവുന്നതുമായ ഇ- ടോയ്‌ലെറ്റുകൾ കേരളത്തിന്റെ ശുചിത്വ മേഖലയിൽ ഒരു നിശബ്ദ വിപ്ലവത്തിനാണ് തുടക്കമിട്ടിരിക്കുന്നത്. ഒരു ടെലിഫോൺ ബൂത്തിന്റെ സ്ഥലം മാത്രം ഇ- ടോയ്‌ലെറ്റ് സ്ഥാപിക്കാൻ ആവശ്യമുള്ളൂ എന്നതാണ് സ്ഥലസൗകര്യം കുറവുള്ള കേരളത്തിന് ഈ സംവിധാനം അനുയോജ്യമാക്കുന്ന ഒന്നാം ഘടകം. സ്റ്റെയിൻലസ് സ്റ്റീലിൽ തീർത്തതും പൂർണ്ണമായും ആട്ടോമാറ്റിക്കുമായ ഇ-ടോയ്‌ലെറ്റ് ശുചിത്വത്തിന്റെ ഒന്നാം ശ്രേണിയിൽ നില്ക്കുന്നു എന്നത് മറ്റൊരു പ്രത്യേകതയാണ്. നാണയം നിക്ഷേപിക്കുമ്പോൾ തുറക്കുന്ന വാതിലുകളും അപ്പോൾ മാത്രം പ്രവർത്തിച്ചു തുടങ്ങുന്ന ലൈറ്റുകളും എക്സോസ്റ്റ് ഫാനും പുഷ്ബട്ടൺ ഫ്ളഷും ഹാൻഡ് പൈപ്പും ക്ലോത്ത് ഹാംഗറും എയർ ഫ്രഷ്നറും എഫ്.എം സംഗീതവുമൊക്കെ ഇ-ടോയ്‌ലെറ്റിനെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നു. ആട്ടോമാറ്റിക് ഫ്ളഷിംഗ് സംവിധാനമുള്ളതിനാൽ ഫ്ളഷ് ചെയ്യാതെ ഒരു വ്യക്തി പുറത്തു കടന്നാലും ടോയ്‌ലെറ്റിന്റെ വൃത്തി സൂക്ഷിക്കാൻ കഴിയുന്നു. അതുകൊണ്ടു തന്നെ പരമ്പരാഗത ടോയ്‌ലെറ്റുകളിൽ നിന്നും വ്യത്യസ്തമായി മുഴുവൻ സമയവും ദുർഗന്ധമില്ലാതെയും അണുവിമുക്തമായും ടോയ്‌ലെറ്റിനെ സംരക്ഷിക്കാൻ കഴിയുന്നു.

ഏറ്റവും ആധുനികവും സ്ഥലപരിമിതിയിൽ സംവിധാനം ചെയ്യാവുന്നതുമായ ഇ-ടോയ്‌ലെറ്റുകൾ കേരളത്തിന്റെ ശുചിത്വ മേഖലയിൽ ഒരു നിശബ്ദ വിപ്ലവത്തിനാണ് തുടക്കമിട്ടിരിക്കുന്നത്. ഒരു ടെലിഫോൺ ബൂത്തിന്റെ സ്ഥലം മാത്രം ഇ-ടോയ്‌ലെറ്റ് സ്ഥാപിക്കാൻ ആവശ്യമുള്ളൂ എന്നതാണ് സ്ഥലസൗകര്യം കുറവുള്ള കേരളത്തിന് ഈ സംവിധാനം അനുയോജ്യമാക്കുന്ന ഒന്നാം ഘടകം. സ്റ്റെയിൻലസ് സ്റ്റീലിൽ തീർത്തതും പൂർണ്ണമായും ആട്ടോമാറ്റിക്കുമായ ഇ-ടോയ്‌ലെറ്റ് ശുചിത്വത്തിന്റെ ഒന്നാം ശ്രേണിയിൽ നില്ക്കുന്നു എന്നത് മറ്റൊരു പ്രത്യേകതയാണ്.

ജലത്തിന്റെ മിതമായ ഉപയോഗം, സോളാർ പാനലിംഗിലൂടെയുള്ള ഊർജ്ജം, സീവേജ് ട്രീറ്റ്മെന്റ് സംവിധാനം, ടോയ്‌ലെറ്റ് ചുമരുകളിലെ പരസ്യത്തിലൂടെയുള്ള വരുമാനം എന്നിവ ഊർജ്ജ മേഖലയിലും സാമ്പത്തിക മേഖലയിലും ഇതിനെ കൂടുതൽ ശ്രദ്ധേയമാക്കുന്നു. ജപ്പാന്റെ സഹായത്തോടെ ഇതിനു സമാനമായി ഡൽഹിയിൽ ആരംഭിച്ച സംരംഭങ്ങളെക്കാളും മികച്ചതാണ് ഇ-ടോയ്‌ലെറ്റുകൾ എന്ന് നിസംശയം പറയാൻ കഴിയും. ആധുനിക ജിപിആർഎസ് സാങ്കേതിക വിദ്യയുടെ പിൻബലത്തിലാണ് ഇ-ടോയ്‌ലെറ്റ് പ്രവർത്തിക്കുന്നത്. അതിനാൽ യൂണിറ്റിനുണ്ടാകുന്ന തകരാറുകൾ, ജലത്തിന്റെ അളവ്, സൗരോർജ പാനലിന്റെ പ്രവർത്തനം എന്നിവ കൺട്രോൾ റൂമിൽ ലഭ്യമാകും എന്നത് ഇതിന്റെ സാങ്കേതിക മികവ് വെളിവാക്കുന്നു.

കേരളത്തിന്റെ ടൂറിസം വികസനത്തിന് മനുഷ്യത്വപരമായ ഒരു മുഖം നല്കാൻ ഇ-ടോയ്‌ലെറ്റുകൾക്ക് കഴിയും. പ്രധാന ടൂറിസ്റ്റു കേന്ദ്രങ്ങളിൽ മാത്രമല്ല, പ്രധാന പാതകളിലെല്ലാം അഞ്ചു കിലോമീറ്ററിന് ഒന്ന് എന്ന നിലയിൽ ഇ ടോയ്‌ലെറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഉദാരമായ വായ്പാ സംവിധാനത്തിലൂടെ ഇതനുവദിക്കുകയാണെങ്കിൽ പരസ്യത്തിൽ നിന്നു കിട്ടുന്ന വരുമാനം കൂടി ഉൾപ്പെടുത്തിയാൽ അനേകമായിരങ്ങൾക്ക് തൊഴിൽ നല്കുന്ന ഒരു സംരംഭമായി ഇതിനെ മാറ്റാൻ കഴിയും. 108 എന്ന സൗജന്യ ആംബുലൻസിനെ സ്വീകരിച്ച അതേ ആവേശത്തോടെ ഇ ടോയ്‌ലെറ്റുകളെ സ്വീകരിക്കും. ടൂറിസ്റ്റുകൾ അവരുടെ യാത്രാക്കുറിപ്പുകളിൽ ദൈവത്തിന്റെ നാടിനെ പുകഴ്ത്താനും ഇത് അവസരമൊരുക്കും.

എറണാകുളത്ത് ശുചി @ സ്കൂൾ പദ്ധതിയുടെ ഭാഗമായി പി. രാജീവ് എം.പിയുടെ നേതൃത്വത്തിൽ 27 സ്കൂളുകളിലായി 110 ടോയ്‌ലെറ്റുകൾ വരുന്നു എന്നത് ആശ്വാസകരമാണ്. ഇത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാൻ കഴിയണം. ഇപ്പോൾ കോഴിക്കോട്, കാസർഗോഡ്, പയ്യന്നൂർ, കൊച്ചി, തിരുവനന്തപുരത്ത് മ്യൂസിയം, കനകക്കുന്ന് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മാതൃകയിൽ സന്നദ്ധ സംഘടനകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും സഹായത്തോടെ ഇ-ടോയ്‌ലെറ്റുകൾ വ്യാപിപ്പിക്കുന്നതോടെ ശുചിത്വ കേരളമെന്ന സുന്ദര സ്വപ്നത്തിന് തുടക്കമിടാൻ നമുക്ക് കഴിയും. നമ്മുടെ ജൈവമാലിന്യവും അജൈവമാലിന്യവും വേർതിരിച്ച് സംസ്ക്കരിക്കാൻ കഴിയുന്ന ഒരു മികച്ച കണ്ടുപിടുത്തം കൂടി ഉണ്ടാകുമെങ്കിൽ ശുചിത്വത്തിൽ വികസിതരാഷ്ട്രങ്ങൾക്കൊപ്പമെത്തുന്ന സംസ്ഥാനമെന്ന കീർത്തികൂടി നമ്മുടെ കേരളത്തിന് ലഭിക്കുമെന്നതിൽ സംശയമില്ല. അതിനായുള്ള ആത്മാർത്ഥ ശ്രമങ്ങൾ സർക്കാർ നടത്തുന്നു എന്നത് ശുഭോദർക്കമാണ്. നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം.■

ലേഖകൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറാണ്

മുരളിധരൻ തഴക്കര

പരമ്പര - 29

തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

നഗരകേന്ദ്രങ്ങളിൽ നിന്നു പൂർണ്ണമായും അപ്രത്യക്ഷമായ ജലസ്രോതസ്സാണ് കിണർ. നമ്മുടെ ഗ്രാമീണ ജീവിതവ്യവസ്ഥയിലെ ഏറ്റവും സാധാരണമായ കൃത്രിമ ജലസ്രോതസ്സായിരുന്നു കിണർ. ഇപ്പോൾ ഏതാണ്ടെല്ലാ സ്ഥലത്തും കിണർ കാണാനും കഴിയും. നാമതിൽ നിന്നും വെള്ളം കോരുന്നതു നിർത്തി വൈദ്യുതി മോട്ടോർ ഘടിപ്പിച്ചു എന്നു മാത്രം! കിണറുമായി ബന്ധപ്പെടുത്തി അനേകം വാക്കുകൾ പ്രചാരത്തിൽ വന്നു. അവയ്ക്ക് ധാരാളം പ്രാദേശികഭേദങ്ങൾ ഉണ്ടെങ്കിലും ഏറെക്കുറെ പൊതു സ്വഭാവത്തോടെ ഉപയോഗിക്കപ്പെടുന്ന പദങ്ങൾ ധാരാളം. ചിലേടത്ത് 'തൊട്ടി' എന്നു പറയുന്നത് ചിലേടത്ത് പാളയാവും. അത് പാള കോട്ടിത്തന്നെ ഉപയോഗിച്ചിരുന്നു. ഇതിൽ ഇനി വരുന്ന പദങ്ങളോടൊപ്പം വായനക്കാർ എത്രകൂട്ടിചേർക്കും എന്നിടത്താണ് ഈ പദകോശത്തിന്റെ വളർച്ച.

കിണറു വെട്ടുക

ചില പ്രദേശങ്ങളിൽ കിണറുകുത്തുക എന്നു പറയും. ഗൃഹ നിർമ്മാണം തുടങ്ങുന്നതിന് മുമ്പായി പ്രാഥമികമായി ചെയ്യുന്നത് കിണറിന് സ്ഥാനം നിർണ്ണയിച്ച് കിണറു വെട്ടുകയാണ്. പണ്ട് തച്ചുശാസ്ത്രവിദഗ്ധരായ മൂത്താശ്ശാരിമാർ സ്ഥാനം കണ്ട് കിണറുവെട്ടിയാൽ ആ കിണറ്റിൽ സമൃദ്ധമായി വെള്ളം ഉണ്ടാകും. അത് വറ്റുകയുമില്ല. കിണറുവെട്ടുന്നതിൽ വളരെ പ്രാഗത്ഭ്യമുള്ള ജോലിക്കാരും അക്കാലത്ത് ഓരോ പ്രദേശങ്ങളിലും ഉണ്ടായിരുന്നു.

വെള്ളം കാണുക

കിണറു കുത്തിയെടുക്കുക എന്നത് എത്രയോ ദിവസങ്ങൾ നീണ്ടു നില്ക്കുന്ന ആയാസമുള്ള ഒരു പണിയായിരുന്നു, കിണറുകുത്തി ആഴത്തിലേക്ക് പോകുമ്പോൾ ആദ്യമായി കിണറ്റിൽ വെള്ളം കാണുക എന്നത് ഏറ്റവും ആഹ്ലാദകരമായ മുഹൂർത്തമാണ്. സന്തോഷ സൂചകമായി പണിക്കാർക്കും മറ്റും മധുരം നൽക്കുകയും കിണറ്റിൽ പഴക്കുല കുടയുകയും ചെയ്തു പോന്നിരുന്നു.

അരഞ്ഞാണം

കിണറ്റിന്റെ താഴ്ച കണക്കാക്കുന്നത് അരഞ്ഞാണത്തിന്റെ എണ്ണം നോക്കിയാണ്. ഈ അരഞ്ഞാണത്തിൽ (പടവിൽ) ചവിട്ടിയാണ് കിണറ്റിൽ ഇറങ്ങുന്നതും കയറുന്നതും. മനുഷ്യർ അരയിൽ ധരിച്ചിരുന്ന വെള്ളികൊണ്ടും സ്വർണ്ണം കൊണ്ടും ഉണ്ടാക്കിയിരുന്ന ആഭരണത്തിനും 'അരഞ്ഞാണം' എന്നാണ് പറയുന്നത്. ഒരു പക്ഷെ ഈ ആഭരണത്തിന് സമാനമായി കിണറിന്റെ അരയിൽ നിർമ്മിക്കുന്ന ചെറിയ പടവുകളായതുകൊണ്ടാകാം ഇതിനെ കിണറിന്റെ 'അരഞ്ഞാണം' എന്നു പറയുന്നത്.

നെല്ലിപ്പലക

കിണറു കുഴിച്ചു കഴിഞ്ഞാൽ ഏറ്റവും അടിയിലായി ചുറ്റോടുചുറ്റും നെല്ലി പോലുള്ള വൃക്ഷങ്ങളുടെ കനമുള്ള പലക ഉറപ്പിക്കുന്നു. ഇതിന് പലവിധ ഉദ്ദേശങ്ങളാണുള്ളത് നെല്ലി പോലെയുള്ള തടികൾക്ക് വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള കഴിവുണ്ട്. അതിനാൽ വെള്ളം ശുദ്ധമാക്കുക എന്നതാണ് പ്രധാനം. കൂടാതെ കിണറിനടിയിൽ ഒരു പായ്ക്കിംഗ് ആയി ഇത് നിലകൊള്ളുന്നു."അയ്യോ ക്ഷമയുടെ നെല്ലിപ്പലക കണ്ടു! എത്ര മണിക്കൂറായി കാത്തിരിക്കുന്നു" ഇങ്ങനെ നെല്ലിപ്പലക നമ്മുടെ സംസാരഭാഷയിലെ ഒരു ശൈലിയാണ്.

ഉറവ

കിണറിലെ ജലവിതാനം ഭൂഗർഭ ജലസ്രോതസ്സിനെ ആശ്രയിച്ചാണിരിക്കുന്നത്. കിണറിനടിയിൽ വശങ്ങളിൽ നിന്നും വെള്ളം ശക്തമായി ഊറിവരുന്നത്-കിണറുവെട്ടി വെള്ളം കാണുമ്പോഴും, കിണർ ഇറയ്ക്കുന്ന അവസരത്തിലും നമുക്ക് കാണാൻ കഴിയും ഇതാണ് ഉറവ. ഉറവ വേണ്ടത്ര ഇല്ലാത്ത കിണറ്റിൽ വെള്ളം കുറവായിരിക്കും. കിണറിലെ ഉറവയും ജലസമൃദ്ധിയും ഭൂഗർഭ ജല സമ്പത്തിനെ ആശ്രയിച്ചാണിരിക്കുക.

പിള്ളക്കിണർ

കിണറിൽ വേണ്ടത്ര ഉറവയില്ലാതാകുകയും വെള്ളം നന്നായി കുറയുകയും ചെയ്യുന്ന സന്ദർഭത്തിൽ കിണറു കുറച്ച് കൂടി കുഴിച്ച് ആഴം കൂട്ടുകയാണ് കരണീയം, ഭൂഗർഭ ജലവിതാനം താഴുന്നതിനനുസരിച്ച് വെള്ളത്തിന്റെ ലഭ്യതയ്ക്കാണ് ഇപ്രകാരം ആഴം വർദ്ധിപ്പിക്കുന്നത്. ഫലത്തിൽ കിണറിനുള്ളിൽ ചെറിയൊരു കിണർ കൂടി കുഴിക്കുന്നു എന്ന് സാരം-ഇതിനെ "പിള്ളക്കിണർ" എന്നാണ് സാധാരണ പറയുക.

കിണറിന്റെ പാതകം

കിണറു കുത്തിക്കഴിഞ്ഞാൽ കിണറിന് പാതകം കെട്ടുക എന്നത് കൃത്യമായി ചെയ്തു പോന്നിരുന്നു. ഭൂനിരപ്പിൽ നിന്ന് അല്പം ഉയരത്തിൽചുറ്റോടു ചുറ്റും കല്ലു കെട്ടുന്നതിനെയാണ് കിണറിന്റെ പാതകം എന്ന് പറയുക. ഇതിന്റെ പ്രധാന ഉദ്ദേശം ശുചിത്വം തന്നെയാകാം. മണ്ണും പൊടിയും മറ്റും ഒഴിവാക്കുവാൻ ഭൂനിരപ്പിൽ നിന്ന് തെല്ല് ഉയരത്തിൽ കിണറിന്റെ പരിസരം മാറ്റിയെടുക്കുന്നു. കിണറും ചുറ്റുപാടും ഏറ്റവും ശുചിയായും വൃത്തിയായും സൂക്ഷിക്കുവാൻ പഴമക്കാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഏതെങ്കിലും തത്തിൽ അശുദ്ധിയുള്ളവർ കിണറ്റുകരയിൽ പോകുകയോ കിണറ്റിൽ നിന്നും വെള്ളം കോരുകയോ ചെയ്യുമായിരുന്നില്ല.

പാള

പണ്ട് കിണറിൽ നിന്നും വെള്ളം കോരിയിരുന്നത് പാളകോട്ടിയാണ്. കമുകിൽ നിന്നും പഴുത്തുവീഴുന്ന നല്ല പാളയെടുത്ത് ഈർക്കിലോ വഴുതയോകൊണ്ട് പാളയുടെ വശങ്ങൾ പരസ്പരം ബന്ധിപ്പിച്ച് വെള്ളം സംഭരിക്കാൻ കഴിയുന്ന ഒരു പാത്രം കണക്കെയാക്കും. വഴുതതെല്ല് കനത്തിൽ പിരിച്ചെടുത്ത് കാതുണ്ടാക്കും. ഈ കാതിൽ കയറുകെട്ടിയാണ് പാള കൊണ്ട് വെള്ളം കോരിയിരുന്നത്. സൂക്ഷിച്ച് ഉപയോഗിച്ചാൽ ഒരു മാസത്തിലധികം ഈ പാള ഉപയോഗിക്കാം. ആവശ്യാധിഷ്ഠിതമായി പ്രകൃതിയിൽ നിന്നും കിട്ടുന്ന സാധനങ്ങളെ ഉപയുക്തമാക്കുന്നു എന്നത് പഴയകാലത്തിന്റെ വലിയ നന്മയായിരുന്നു.

കപ്പിയും കയറും

കിണറിൽ നിന്നും വെള്ളം അനായാസേന കോരിയെടുക്കുന്നതിന് സഹായിക്കുന്ന ലഘുയന്ത്ര സംവിധാനമാണ് "കപ്പി". കിണറ്റു കയർ കപ്പിയിലൂടെ കടത്തി വെള്ളം കോരിയെടുക്കുമ്പോൾ കൈകൊണ്ട് വലിച്ചെടുക്കുന്നതിനേക്കാൾ എളുപ്പത്തിലും ആയാസമില്ലാതെയും അത് സാദ്ധ്യമാകുന്നു. ആദ്യകാലങ്ങളിൽ തടികൊണ്ടുള്ള കപ്പിയായിരുന്നു ഉപയോഗിച്ചിരുന്നത്. ക്രമേണ ഇരുമ്പുകൊണ്ടുള്ള പല വലിപ്പത്തിലുള്ള കപ്പികൾ സാർവ്വത്രികമായി. സാധാരണ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിൽ നിന്ന് വ്യത്യസ്ഥമായി പിരിച്ചെടുക്കുന്നതാണ് 'കിണറ്റുകയർ'. കിണറിന്റെ ആഴം കണക്കാക്കി അരഞ്ഞാണത്തിന്റെ എണ്ണത്തിന് അനുസൃതമായി എത്ര 'പുള്ളിക്കയർ' വേണം എന്ന് നിശ്ചയിക്കാം.

പാതാള കരണ്ടി

പുതിയ തലമുറയിൽപ്പെട്ട ഒരാളോട് 'പാതാളകരണ്ടി' കണ്ടിട്ടുണ്ടോ എന്ന് ചോദിച്ചാൽ- അതെന്ത് സാധനം എന്ന മറുചോദ്യം ഉറപ്പാണ്. കിണറ്റിൽ നിന്നും വെള്ളം കോരുമ്പോൾ അബദ്ധത്തിൽ തൊട്ടിയും കയറും കിണറ്റിൽ പോകുക സാധാരണയാണ്. കിണറിനുള്ളിൽ ആഴത്തിലിറങ്ങാതെ കരയിൽ നിന്ന് തന്നെ തൊട്ടിയും കയറും തപ്പിയെടുത്ത് കരയിലെത്തിക്കുന്നതിനുള്ള ഒരു ലഘു യന്ത്രസംവിധാനമാണിത്. കാഴ്ചയിൽ പെൺക്കുട്ടികൾ കാതിലണിയുന്ന കമ്മൽ 'ജുമുക്കി'യുടെ ഒരു വലിയ പതിപ്പ്. എന്തും ഉടക്കിപിടിക്കത്തക്കവിധം ഇരുമ്പുകൊണ്ടുള്ള ചൂണ്ടപോലെ വളഞ്ഞു കൂർത്ത നിരവധി മുള്ളുകളുള്ള 'പാതാളകരണ്ടി' ഒരു പരോപകാരിയായിരുന്നു. നാട്ടിൻപുറങ്ങളിലെ സമ്പന്ന കുടുംബങ്ങളിൽ മാത്രമേ പാതളകരണ്ടിയുണ്ടാകു. പക്ഷേ ചുറ്റുവട്ടത്ത് എവിടെയും കയറും തൊട്ടിയും കിണറ്റിൽ പോയാൽ യാതൊരുമടിയും കൂടാതെ പാതാളകരണ്ടി നൽകി സഹായിക്കുമായിരുന്നു. നല്ല അയൽപക്ക ബന്ധം ഊട്ടി ഉറപ്പിച്ച ഒരു ചെറിയ ഉപകരണം കൂടിയാണിത്.

ഇറയ്ക്കുക

കുംഭം-മീനം മാസമാകുമ്പോൾ കിണറ്റിലെ വെള്ളമെല്ലാം കോരി വറ്റിച്ച് അഴുക്കും ചെളിയുമെല്ലാം നീക്കി ഉറവതെളിച്ച് കിണർ വൃത്തിയാക്കുന്നതിനാണ് കിണർ 'ഇറയ്ക്കുക' എന്നു പറയുക. എല്ലാവർഷവും കൃത്യമായി ഇത് ചെയ്ത് പോന്നിരുന്നു. പക്ഷെ ഇതൊന്നും ശമ്പളം കൊടുത്ത് ചെയ്യിച്ചിരുന്ന ജോലിയല്ല. ഗ്രാമീണ ജീവിതകൂട്ടായ്മയുടെയും പരസ്പര സഹവർത്തിത്വത്തിന്റെയും ഏറ്റവും വലിയ നിദർശനമായിരുന്നു ഇത്. അയൽപക്കക്കാർ ഒത്തുകൂടി ശ്രമദാനമായി ഉത്സാഹപൂർവ്വം ചെയ്തിരുന്ന ഒരു മഹത്തായ കർമ്മം. പണ്ട് അറിയാതെ നടന്നുവന്നിരുന്ന 'ശുചിത്വോത്സവം'. കിണർ ഇറച്ചു കഴിയുമ്പോൾ അതിൽ പങ്കാളികളായ എല്ലാവർക്കും മരച്ചീനി പുഴുങ്ങിയതോ, ചക്ക വേവിച്ചതോ, ഇങ്ങനെയുള്ള നാടൻ ഭക്ഷണം നൽകുമായിരുന്നു

പഞ്ചായത്ത് കിണർ

പഞ്ചായത്തു കിണറുമായി എന്താ ഒരു ബന്ധം? ജനങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കിയ ഈടുറ്റ ബന്ധമായിരുന്നു അത്. കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ(പൊതുടാപ്പുകൾ) എന്നിവ സാർവ്വത്രികമാകുന്നതിന് മുമ്പ് പഞ്ചായത്ത് അതിർത്തിയിലെ ഓരോ പ്രദേശത്തും കുടിവെള്ളം ലഭ്യമാക്കാൻ പൊതുക്കിണറുകൾ കുഴിച്ചിരുന്നു. സൗകര്യപ്രദമായ പൊതുസ്ഥലത്തോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തികൾ ഈ ആവശ്യത്തിലേക്ക് സ്വമനസ്സാലേ പഞ്ചായത്തിലേക്ക് നൽക്കുന്ന സ്ഥലത്തോ ഗ്രാമപഞ്ചായത്തിന്റെ ചെലവിൽ കിണറുകൾ കുഴിച്ചു നൽകുമായിരുന്നു. ചുറ്റുവട്ടത്തുള്ളവരെല്ലാം ഈ കിണറ്റിൽ നിന്നുള്ള വെള്ളമാണ് ഉപയോഗിക്കുക. പഞ്ചായത്തിന്റെ ജനോപകാരപ്രദമായ വികസന പ്രവർത്തനങ്ങളിൽ പ്രധാനവുമായിരുന്നു ഈ പഞ്ചായത്ത് കിണറുകൾ.■

(തുടരും)

ലേഖകൻ
തിരുവനന്തപുരം ആകാശവാണിയിൽ
പ്രോഗ്രാം എക്സിക്യൂട്ടീവാണ്

വാർത്തകളും വിശേഷങ്ങളും

ഗ്രീൻ കേരള എക്സ്പ്രസ്സിന് ദേശീയ പുരസ്കാരം

ദൂരദർശൻ സംപ്രേഷണം ചെയ്ത ഗ്രീൻ കേരള എക്സ്പ്രസ്സിന് ദേശീയ നഗരജല പുരസ്കാരം-2010 ലഭിച്ചു. കേന്ദ്ര നഗര വികസന മന്ത്രാലയമാണ് പുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്. വിവിധ ഏജൻസികൾ ലഭ്യമാക്കിട്ടുള്ള സേവനങ്ങളെക്കുറിച്ച് നഗരവാസികൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ സാധിച്ചു എന്നത് പരിഗണിച്ചാണ് ഗ്രീൻ കേരള എക്സ്പ്രസിന് പുരസ്കാരം നൽകുന്നതെന്ന് നഗരവികസന മന്ത്രാലയം ഡയറക്ടർ ഇ.പി. നിവേദിത അറിയിച്ചു. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന മാതൃകകൾ ഉൾപ്പെടുത്തി 2010 ൽ സംപ്രേഷണം ചെയ്ത റിയാലിറ്റി ഷോയാണ് ഗ്രീൻകേരള എക്സ്പ്രസ്. സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള ശുചിത്വ മിഷൻ, സി-ഡിറ്റ്, കില എന്നിവയുടെ സഹകരണത്തോടെയാണ് ദൂരദർശൻ ഈ പരിപാടി തയ്യാറാക്കി അവതരിപ്പിച്ചത്.

ഇ.എം.എസ്. ഭവന പദ്ധതി: ഷീറ്റിട്ട് നിർമ്മിച്ച വീടുകൾക്കും ധനസഹായം

ഇ.എം.എസ് ഭവന പദ്ധതിയുടെ ആനുകൂല്യം ലഭിച്ച് ടിൻ/ അലുമിനീയം ഷീറ്റിട്ട് നിർമ്മാണം പൂർത്തിയാക്കി വാസയോഗ്യമാക്കി തീർത്ത വീടുകളുടെ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ശേഷിക്കുന്ന ഗഡു തുക നൽകാവുന്നതാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. കൂടാതെ ഇ.എം.എസ്. ഭവന പദ്ധതിക്കായി ഇപ്പോൾ നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇനിയും ആനുകൂല്യം നൽകാൻ ഗുണഭോക്താക്കൾ ബാക്കിയുള്ളതിനാൽ സമയലഭ്യതയനുസരിച്ച് അത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 55136/ഡിബി1/11/തസ്വഭവ, തീയതി 2/11/2011).

ബി.ആർ.ജി.എഫ് (BRGF) പദ്ധതി തയ്യാറാക്കുന്ന ചുമതല സി.എം.ഡിക്ക്

പാലക്കാട്, വയനാട് ജില്ലകളുടെ പിന്നോക്ക പ്രദേശ ഗ്രാന്റ് ഫണ്ടിന്റെ 2012-13 വർഷത്തെ വാർഷിക പദ്ധതിയും 2011-12 മുതൽ 2016-17 വരെയുള്ള ആറ് വർഷക്കാലത്തെ പെർസ്പെക്ടീവ് പ്ലാനും തയ്യാറാക്കുന്ന ചുമതല തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (CMD) എന്ന സ്ഥാപനത്തെ ഏല്പിച്ച് ഉത്തരവായി. (G.O.(Rt) No. 2754/2011/LSGO dt. 23.11.2011)

കേരളോത്സവം - ധനസഹായത്തിന് അനുമതി

ജില്ലാതല കേരളോത്സവം 2011ന്റെ സംഘാടന ചെലവിലേക്കായി അതാത് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 3000/- (മൂവായിരം രൂപ മാത്രം) രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾ/മുൻസിപ്പാലിറ്റികൾ 10,000/- രൂപ (പതിനായിരം രൂപ മാത്രം) വീതവും കോർപ്പറേഷനുകൾ 25,000/- (ഇരുപ്പത്തി അയ്യായിരം രൂപ മാത്രം)രൂപയും അവരുടെ തനത്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിനും ജില്ലാപഞ്ചായത്തുകൾക്ക് 50,000/- (അമ്പതിനായിരം രൂപ മാത്രം) തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കമ്മറ്റി തീരുമാനത്തിന് വിധേയമായി ഈ ആവശ്യത്തിന് ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവായി. (സ.ഉ (സാധാ) നം. 2772/2011/തസ്വഭവ, തീയതി 24/11/2011)

നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏൻസിയായി വയനാട് ജില്ലയിലെ സൊസൈറ്റി ഫോർ എഡ്യുക്കേഷൻ & ഇൻഗ്രൽ ഡവലപ്മെന്റ് (SEID) അമ്പലവയൽ (സ.ഉ (സാധാ) നം. 2767/2011/തസ്വഭവ, തീയതി 24/11/2011), വയനാട് യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ (സ.ഉ (സാധാ) നം. 2787/2011/തസ്വഭവ, തീയതി 24/11/2011) എന്നീ സ്ഥാപനങ്ങളെ അംഗീകരിച്ച് ഉത്തരവായി.

കെ.എൽ.ജി.എസ്.ഡി.പി - അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് അധിക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഫ്രണ്ട് ഓഫീസ് സംവിധാനം, പശ്ചാത്തല വികസനം, തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ-ഗവേണൻസ്, ജിയോ ഇൻഫർമേഷൻ സിസ്റ്റം, ഓൺലൈൻ സർവ്വീസ്, പ്രോപ്പർട്ടി ടാക്സ് മാപ്പിംഗ് എന്നിങ്ങനെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവന പ്രദാനം മെച്ചപ്പെടുത്തുന്ന രീതിയിലുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ലോക ബാങ്ക് വിഹിതത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും 2011-12 വർഷത്തെ പ്രോജക്ടിൽ ഉചിതമായ ഭേദഗതി വരുത്തി ഡി.പി.സി അംഗീകാരം നേടേണ്ടതാണ്. ഇപ്രകാരമുള്ള പ്രോജക്ടുകൾ വരും വർഷങ്ങളിൽ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. (സ.ഉ (സാധാ) നം. 2668/2011/തസ്വഭവ, തീയതി 15/11/2011)

ആയുർവേദ ഔഷധങ്ങൾ വാങ്ങുന്നതിന് അനുമതി

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് 30 മുതൽ 35% വരെ വിലക്കിഴിവ് അനുവദിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും കണ്ണൂർ പാട്യം സർവ്വീസ് സൊസൈറ്റിയിൽ നിന്നും നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയുടെ കാലയളവ് 31.7.2011 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായി. (സ.ഉ (സാധാ) നം. 2711/2011/തസ്വഭവ, തീയതി 18/11/2011)

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033